
VOL NO: 06 | ISSUE 33
www.nerpatham.com
mail@nerpatham.com
2022 AUGUST 13 | ₹10

# നേർപഥം

വാരിക

## പാഠ്യപദ്ധതിയിലെ ജെൻഡർ ന്യൂട്രാലിറ്റി


എഴുപത്തിയഞ്ച് തികഞ്ഞ് ജീവിത സായാഹ്നത്തിലെത്തി നിൽക്കുന്ന പടുവൃദ്ധനെ ഓർമിപ്പിക്കുന്നു ഇന്ത്യൻ ജനാധിപത്യം എന്ന് വിലയിരുത്തുന്നവരെ തിരുത്താനൊന്നും വർത്തമാന രാഷ്ട്രപരിസരത്ത് നിന്നുകൊണ്ട് സാധ്യമാകുമെന്ന് തോന്നുന്നില്ല! എന്നാൽ ഏത് മതങ്ങളെയും മതനിരാസകരെയും നിഷ്കപടമായി ഉൾക്കൊള്ളാനുള്ള മതനിരപേക്ഷ പാരമ്പര്യം തിരികെ കൊണ്ടുവരികയെന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം അചിന്ത്യമാണെന്ന് ചിന്തിക്കുന്നതാണ് ഏറ്റവും പ്രതിലോമകരമായ കാഴ്ചപ്പാട്.



# ഇന്ത്യൻ ജനാധിപത്യം മതനിരാസമല്ല; മതനിരപേക്ഷതയാണ്

- പാപ്പരായി മാറരുത്
- നമ്മുടെ രാജ്യത്തെ കോടതികൾ
- ഫോൺവിളിയിൽ വഴിമാറിയ ജീവിതം

# പുറത്തിറങ്ങി...




WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

# 0290

# നേർപഥം
വാരിക

2022 ആഗസ്റ്റ് 13
1444 മുഹർറം 14
പുസ്തകം 06 / ലക്കം 33






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly


കവർ സ്റ്റോറി

10

**ഇന്ത്യൻ ജനാധിപത്യം മതനിരാസമല്ല; മതനിരപേക്ഷതയാണ്**

നബീൽ പയ്യോളി

05
മുഖമൊഴി
പാപ്പരായി മാറരുത്

06
ലേഖനം
പാഠ്യപദ്ധതിയിലെ ജെൻഡർ ന്യൂട്രാലിറ്റി
അബൂ ഹാസിം സമാൻ

17
മധുരം ജീവിതം
കാരുണ്യമുള്ളവരാകാം
ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര

18
ചരിത്രപഥം
നബി(സ്വ)യുടെ വഫാത്തിനു ശേഷം
ഹുസൈൻ സലഫി

26
ലേഖനം
പ്രഭാഷകന്റെ പാഥേയം
ദുൽക്കർഷാൻ അലനല്ലൂർ

32
ലേഖനം
ഫോൺവിളിയിൽ വഴിമാറിയ ജീവിതം
ഇബ്നുഅലി എടത്തനാട്ടുകര

33
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

34
കവിത
മരണം
അബ്ദുറസാഖ് മറ്റത്തൂർ

# നീതിയുടെ വെളിച്ചവും അനീതിയുടെ ഇരുട്ടും

'നേർപഥം' ലക്കം 289ൽ 'ഭരണ സിരാകേന്ദ്രങ്ങളിൽ ഉന്നത കുറ്റവാളികളോ?' എന്ന തലക്കെട്ടിൽ സുഫ്‌യാൻ അബ്ദുസ്സലാം എഴുതിയ ലേഖനം ശ്രദ്ധേയമായി.

മദ്യലഹരിയിൽ അർധരാത്രി കാറോടിക്കുന്നതിനിടയിൽ ഒരു പത്രപ്രവർത്തകൻ കൊല്ലപ്പെട്ടതിൽ പ്രതിസ്ഥാനത്തുള്ള ശ്രീറാം വെങ്കട്ടരാമനെ ആലപ്പുഴ ജില്ലാ കളക്ടറായി നിയമിച്ച സർക്കാർ നടപടി വൻ പ്രതിഷേധത്തെ തുടർന്ന് സർക്കാരിന് പിൻവലിക്കേണ്ടിവന്നതായി നാം കണ്ടു. നമ്മുടെ രാജ്യത്ത് ഇത്തരത്തിലുള്ള 'കൂട്ടിപ്പിടിക്കലുകൾ' പുതിയതൊന്നുമല്ല. രാഷ്ട്രീയനേതൃത്വവും ഉദ്യോഗസ്ഥമേലാളന്മാരും തീരുമാനിക്കുന്നതാണല്ലോ നാട്ടിൽ നടപ്പാക്കപ്പെടുന്നത്. ഉന്നതരും ഉന്നതരുമായി ബന്ധമുള്ളവരും തെറ്റു ചെയ്താൽ അവർക്ക് നിയമസുരക്ഷ നൽകാനും അവർ കുറ്റക്കാരല്ല എന്നു സ്ഥാപിക്കാനും ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും ആളുകളുണ്ട്. രണ്ടുകൂട്ടരും ഒത്തുപിടിച്ചാൽ പിന്നെ വാദി പ്രതിയും പ്രതി വാദിയുമാകാൻ പ്രയാസമില്ലല്ലോ.

ശ്രീറാമും പെൺസുഹൃത്തും സഞ്ചരിച്ച വാഹനം കെ.എം.ബഷീറിനെ തട്ടിത്തെറിപ്പിക്കുകയും ബഷീർ തൽക്ഷണം മരണപ്പെടുകയും ചെയ്ത സംഭവത്തിന്റെ പേരിൽ പോലീസ് അന്വേഷണം നടന്നുകൊണ്ടിരിക്കെ സർക്കാർ അയാളെ ജില്ലാ കളക്ടറായി നിയോഗിച്ചുകൊണ്ട് ആദരിച്ചതിനെ എങ്ങനെ ന്യായീകരിക്കാനാവും? ഇദ്ദേഹം വാഹനമോടിക്കുമ്പോൾ മദ്യപിച്ചിരുന്നുവെന്നും മദ്യലഹരിയാണ് അപകടത്തിന് കാരണമായതെന്നുമാണ് ഇയാൾക്കെതിരെ നിലനിൽക്കുന്ന കേസ്. കേസിൽ ശ്രീറാം പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന അഭിപ്രായം ശക്തമായിരിക്കെ അന്തിമവിധി വരാതെ ഒരു ജില്ലയുടെ നീതിന്യായ, ഭരണ കടിഞ്ഞാൺ അയാളെ ഏൽപിച്ചത് നീതിന്യായ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയും തെറ്റായ സന്ദേശവുമാണെന്നതിൽ സംശയമില്ല. സർക്കാർ അദ്ദേഹത്തെ കളക്ടർ സ്ഥാനത്തുനിന്നും മാറ്റി സിവിൽ സപ്ലൈസ് മേധാവിയാക്കി നിയമിച്ചിരിക്കുകയാണ്. സിവിൽ സപ്ലൈസ് മന്ത്രി ഇതിൽ തന്റെ അതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ട്.

സ്വജനപക്ഷപാതം കാണിക്കുന്നവർ ചിന്തിക്കാൻ ഇസ്‌ലാമിക ചരിത്രത്തിൽനിന്ന് സ്വർണത്തിളക്കമുള്ള ഒരു സംഭവം ഉദ്ധരിക്കട്ടെ: ആഇശ(റ) പറയുന്നു: "ഒരു മഖ്‌സൂം ഗോത്രക്കാരിയുടെ മോഷണക്കേസ് ക്വുറൈശികൾക്ക് വിഷമ പ്രശ്നമായി. 'അല്ലാഹുവിന്റെ ദൂതനോട് അവളുടെ പ്രശ്നം സംബന്ധിച്ച് ആരാണ് സംസാരിക്കുക?.' അവർ തമ്മിൽ തമ്മിൽ അന്വേഷിച്ചു. 'റസൂലിന്റെ ഇഷ്ടക്കാരനായ ഉസാമതുബ്നു സൈദിനല്ലാതെ മറ്റാർക്കാണ് അതിന് ധൈര്യം വരിക?'-- ഇതായിരുന്നു അവരുടെയെല്ലാം അഭിപ്രായം. അങ്ങനെ ഉസാമ(റ) നബി(സ്വ)യോട് സംസാരിച്ചു. അപ്പോൾ തിരുമേനി(സ്വ) ചോദിച്ചു: 'അല്ലാഹുവിന്റെ ശിക്ഷാവിധിയിൽ നീ ശുപാർശയുമായി വരികയോ?' തുടർന്ന് അവിടുന്ന് ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: 'ഉന്നതർ മോഷ്ടിച്ചാൽ വെറുതെ വിടുകയും ദുർബലർ മോഷ്ടിച്ചാൽ ശിക്ഷ നടപ്പാക്കുകയും ചെയ്യുന്ന പതിവ് നിങ്ങളുടെ മുൻഗാമികൾക്കിടയിൽ നിലനിന്നത് അവരുടെ നാശത്തിന് ഹേതുവായിട്ടുണ്ട്. അല്ലാഹുവിനെക്കൊണ്ട് സത്യം. മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷ്ടിക്കുന്നതെങ്കിൽ ഞാൻ അവളുടെ കൈ മുറിക്കുകതന്നെ ചെയ്യും" (ബുഖാരി, മുസ്‌ലിം).

മാതാപിതാക്കളോടും ഇണകളോടും മക്കളോടും മറ്റു കുടുംബാംഗങ്ങളോടും അയൽക്കാരോടും എന്നുവേണ്ട എല്ലാവരോടും നീതിപാലിക്കാൻ ഇസ്‌ലാം അനുശാസിക്കുന്നു. വ്യക്തികളെ നോക്കി നിലപാടെടുക്കുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. "...എന്നാൽ നീ തീർപ്പുകൽപിക്കുകയാണെങ്കിൽ അവർക്കിടയിൽ നീതിപൂർവം തീർപ്പുകൽപിക്കുക. നീതി പാലിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു"(ക്വുർആൻ 5:42).

**-അബൂഫർഹാൻ, കോട്ടക്കൽ**

# പാപ്പരായി മാറരുത്

സമൂഹ മാധ്യമങ്ങളുടെ ഗുണഫലങ്ങൾ ചെറുതല്ല. നന്മകളുടെ പ്രസരണത്തിനായി ഒട്ടേറെ വ്യക്തികളും കൂട്ടായ്മകളും അവയെ ഉപയോഗപ്പെടുത്തുന്നുണ്ട്. സാധാരണ ഗതിയിൽ ഒരു സാധുവായ രോഗിയെ സഹായിക്കാനോ മറ്റോ ഏതാനും ലക്ഷങ്ങൾ സംഭാവനയായി പിരിച്ചെടുക്കുവാൻ ദിവസങ്ങളും മാസങ്ങളുമൊക്കെ എടുക്കും. കുറെ പേരുടെ അധ്വാനവും അതിനായി വേണ്ടിവരും. എന്നാൽ സമൂഹമാധ്യമങ്ങളുടെ കടന്നുവരവോടെ ഏതാനും മണിക്കൂറിനകം ലക്ഷങ്ങളും കോടികളും പിരിഞ്ഞുകിട്ടുന്ന സംഭവങ്ങൾ നമ്മുടെ നാട്ടിൽ പതിവായി മാറിയിരിക്കുന്നു. നല്ല നല്ല സന്ദേശങ്ങൾ നിമിഷങ്ങൾക്കകം ജനലക്ഷങ്ങളിലേക്ക് എത്തിക്കാനും ഈ നവമാധ്യമങ്ങൾ സഹായകമാണ്. ഇതേപോലെത്തന്നെയാണ് അവയുടെ ദുരുപയോഗ ഫലവും. തെറ്റായ ഒരു സന്ദേശം പോസ്റ്റുചെയ്താൽ കലാപങ്ങളും വർഗീയ ചേരിതിരിവുമൊക്കെ സംഭവിക്കാൻ അധികസമയമെടുക്കില്ല.

തനിക്ക് ഇഷ്ടമില്ലാത്ത വ്യക്തികളെയും കൂട്ടായ്മകളെയും അപകീർത്തിപ്പെടുത്താൻ പലരും സമൂഹമാധ്യമങ്ങളെ ഉപയോഗപ്പെടുത്തിവരുന്നു. ഒരു ചെലവുമില്ല. വീട്ടിനകത്തിരുന്ന് വിരലുകൾകൊണ്ട് അക്ഷരങ്ങൾ കോറി പോസ്റ്റുചെയ്താൽ മതി. അത് ആരുടെയൊക്കെ അഭിമാനത്തിന് ക്ഷതമേൽപിക്കുന്നു, എന്തൊക്കെ പ്രയാസം സമൂഹത്തിലുണ്ടാക്കുന്നു എന്നതൊന്നും ഇവർക്ക് വിഷയമല്ല.

മുസ്‌ലിം നാമധാരികളായ പലരും സ്ഥിരമായി കളിയാക്കിയും പരിഹസിച്ചും കുത്തുവാക്കുകൾ പറഞ്ഞുമൊക്കെ തങ്ങൾക്ക് ഇഷ്ടമില്ലാത്തവർക്കെതിരിൽ പോസ്റ്റുകൾ പടച്ചുവിടുന്നത് കണ്ടുവരുന്നുണ്ട്. ചിലർ വീഡിയോ, ഓഡിയോ സന്ദേശമായും ഈ പണിചെയ്യുന്നുണ്ട്. ഒരാളും അന്യായമായി ഉപദ്രവിക്കപ്പെട്ടുകൂടാ എന്ന് ഇസ്‌ലാം നിഷ്‌കർഷിക്കുന്ന കാര്യം ഇവർക്ക് അറിയാത്തതാകാൻ വഴിയില്ല. വാക്കുകൊണ്ടും നോക്കുകൊണ്ടും കൈകാലുകൾ കൊണ്ടുമൊന്നും ഒരു സത്യവിശ്വാസി ഒരാളെയും ഉപദ്രവിക്കുവാൻ പാടില്ല. താൻ ഒരു നിലയ്ക്കും ഉപദ്രവിക്കപ്പെട്ടുകൂടാ എന്ന് ആഗ്രഹിക്കുന്നവൻ അതേ ആഗ്രഹം എല്ലാവർക്കുമുണ്ടെന്ന് മനസ്സിലാക്കണം.

നാവ് വലിയ ഒരനുഗ്രഹമാണ്. അത് ഒരായുധവുമാണ്. അതിനെ സൂക്ഷിച്ച് കൈകാര്യം ചെയ്തില്ലെങ്കിൽ പ്രത്യാഘാതം ഗുരുതരമായിരിക്കും. നേരിൽ കാണാതെ ആരോടും ദേഷ്യം തീർക്കാൻ കഴിയുന്ന ഒരു ഫ്ളാറ്റ്ഫോമാണല്ലോ സമൂഹമാധ്യമങ്ങൾ. അതാണ് പലർക്കും ധൈര്യം നൽകുന്നത്. ആവശ്യമെങ്കിൽ പോസ്റ്റ് പിൻവലിച്ച് രക്ഷപ്പെടാനും പറ്റും.

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) ചോദിച്ചു: “പാപ്പരായവർ ആരാണെന്ന് അറിയുമോ?” സ്വഹാബികൾ പറഞ്ഞു: “പണവും വിഭവങ്ങും ഇല്ലാത്തവനാണ് പാപ്പരായവൻ”. നബി(സ്വ) പറഞ്ഞു: “എന്റെ സമുദായത്തിലെ പാപ്പരായവൻ ഇവനാണ്-നമസ്‌കാരവും നോമ്പും സകാത്തുമായി അവൻ വരും. പക്ഷേ, അവൻ ഒരുത്തനെ ശകാരിച്ചിരിക്കും. മറ്റൊരുത്തനെപ്പറ്റി ദുഷ്പരാതി പറഞ്ഞിരിക്കും. വേറൊരുത്തന്റെ സ്വത്ത് തിന്നിരിക്കും. മറ്റൊരുത്തന്റെ രക്തം ചിന്തിയിരിക്കും. അങ്ങനെ അവർക്കൊക്കെ അവന്റെ പുണ്യങ്ങളെടുത്തുകൊടുക്കും. അവന്റെ കടം തീരുന്നതിന് മുമ്പ് പുണ്യം കഴിഞ്ഞുപോയാൽ അവരുടെ പാപമെടുത്ത് ഇവന് കൊടുക്കും. അങ്ങനെ അവൻ നരകത്തിൽ തള്ളപ്പെടും” (മുസ്‌ലിം).

ഒരാൾക്ക് മാനഹാനിയുണ്ടാക്കുന്ന വാക്കും പ്രവർത്തനവും ഒരു സത്യവിശ്വാസിയിൽനിന്ന് ഉണ്ടാകാൻ പാടില്ല. അത് നേരിട്ടായാലും സമൂഹമാധ്യമങ്ങളിലൂടെയായാലും ഒരുപോലെയാണ്. സൂക്ഷിച്ചാൽ അവനവനുതന്നെയാണ് ഗുണം.




# പാഠ്യപദ്ധതിയിലെ ജെൻഡർ ന്യൂട്രാലിറ്റി

അബൂ ഹാസിം സമാൻ

‘സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി’ (SCERT) കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ പരിഷ്കരിക്കുന്നതിനായുള്ള കരട് രേഖ സമൂഹചർച്ചയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാർ ദേശീയ വിദ്യാഭ്യാസ നയം (2020) പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ച എന്ന നിലയിലാണ് സംസ്ഥാന പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്ന ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്. 2005ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ പശ്ചാത്തലത്തിലായിരുന്നു കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്) വികസിപ്പിച്ചത്. ഇതിൽ അടിസ്ഥാനപരമായ മാറ്റം വരുത്താതെയാണ് 2007ലും 2013ലും പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. കഴിഞ്ഞ 10 വർഷത്തെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പരിഷ്കരണത്തിനാണ് ഇപ്പോൾ ശ്രമം നടക്കുന്നത്.

കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ പുതുതലമുറയെ സജ്ജമാക്കാൻ പാഠ്യപദ്ധതിയിൽ കാലോചിതമായ മാറ്റം അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ, ജെൻഡർ ന്യൂട്രാലിറ്റി എന്ന ഒരാശയം ചട്ടക്കൂടിന്റെ ആമുഖത്തിലും പ്രത്യേക അധ്യായത്തിലും മറ്റു തലക്കെട്ടുകളിലുമെല്ലാം പ്രാധാന്യപൂർവം ചർച്ചയ്ക്കുവച്ചത് കേരള സമൂഹം വളരെ ഗൗരവപൂർവം ഇടപെടേണ്ട ഒരു പ്രശ്നമാണ്. ‘ജെൻഡർ ന്യൂട്രാലിറ്റി’ അഥവാ ‘ലിംഗ നിഷ്പക്ഷത’ എന്നത് കേൾക്കാൻ കൗതുകം ജനിപ്പിക്കുന്നതും പ്രത്യക്ഷത്തിൽ പുരോഗമനവുമായി തോന്നുമെങ്കിലും അടുത്ത തലമുറയിൽ വമ്പിച്ച പ്രത്യാഘാതങ്ങൾക്ക് വഴിവെക്കുന്ന ഒരാശയമാണ് ഇതിലൂടെ കടന്നുവരുന്നത്. ഈ പദം കേൾക്കുന്നവരെല്ലാം കേവലമൊരു

യൂണിഫോമിന്റെ പ്രശ്നം മാത്രമായിട്ടാണ് കണക്കാക്കുന്നത്. ജീവശാസ്ത്രപരമായ സ്ത്രീ-പുരുഷ സ്വത്വത്തെ തന്നെ ആശയക്കുഴപ്പത്തിലാക്കുക വഴി ജെൻഡർ ഡിസ്ഫോറിയയിലേക്ക് ഭാവിതലമുറയെ എടുത്തെ റിയാൻ മാത്രം പ്രഹരശേഷിയുള്ള പദാവലിയാണ് ജെൻഡർ ന്യൂട്രാലിറ്റി.

ഒരു വ്യക്തിയുടെ ജെൻഡർ ജനനസമയത്ത് തീരുമാനിക്കാൻ ആവില്ലെന്നും ആ കുട്ടി വളർന്നുവന്ന ശേഷം അവന് ഏതു ജെൻഡറിനോടാണോ താൽപര്യം തോന്നുന്നത് അത് സ്വയം പ്രഖ്യാപിക്കുമ്പോഴാണ് അവന്റെ ലിംഗത്വം തീരുമാനിക്കുന്നതെന്നുമുള്ള വിചിത്രമായ ആശയമാണ് ഇതിലൂടെ മുന്നോട്ടു വയ്ക്കുന്നത്.

ജെൻഡറുകളാവട്ടെ സ്ത്രീ-പുരുഷൻ എന്നിവയിൽനിന്ന് മാറി LGBTQIA++ എന്നിങ്ങനെ അനന്തമായി നീണ്ടുപോവുകയുമാണ്. നിലവിലുണ്ടായിരുന്ന സ്ത്രീ-പുരുഷ സ്വത്വങ്ങൾക്ക് പകരം ഓരോരുത്തരുടെയും മനസ്സിൽ തോന്നുന്നതിനെയെല്ലാം പ്രത്യേക ജെൻഡറായി പരിഗണിച്ചുകൊടു ക്കുകയും അതിന് നിയമപരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ് നാം ഇന്ന് കാണുന്നത്. സ്ത്രീയുടെ ശരീരവും പുരുഷന്റെ മനസ്സും, പുരുഷന്റെ ശരീരവും സ്ത്രീയുടെ മനസും ഉള്ളവരാണ് ട്രാൻസ് ജെൻഡർ എന്ന പേരിൽ അറിയപ്പെടുന്നത്. ഇവരെ അവരുടെ ശരീരമേതാണോ അതിലേക്ക് മനസ്സിനെ പരിവർത്തിപ്പിച്ച് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് പകരം മനസിനനുസരിച്ച് ലിംഗമാറ്റ ശസ്ത്രക്രിയ നടത്തി അവരുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുന്ന ദയനീയ കാഴ്ചയാണ് നാം കാണുന്നത്. പ്രയാസങ്ങൾ ഉള്ളവരെ പൊതുധാരയിലേക്ക് എത്തിക്കുന്നതിന് പകരം അവരെ എന്നും ആ പ്രയാസത്തിൽതന്നെ തള ച്ചിടുന്ന തലതിരിഞ്ഞതും തികച്ചും അശാസ്ത്രീയവുമായ ആക്ടിവിസമാണ് LGBTQ പോലുള്ള ഇടങ്ങളിൽ നടക്കുന്നത്.

പാശ്ചാത്യൻ നാടുകളിൽ ഇത് ഇന്ന് പുരോഗമിച്ച് ചില ജീവിവർഗങ്ങളായി ജെൻഡർ നിർണയങ്ങൾ നടന്നുകഴിഞ്ഞു. പട്ടിയായും പൂച്ചയായും പന്നിയായും മനുഷ്യൻ സ്വന്തത്തെ പരിഗണിക്കുന്നു! അവരെ സമൂഹം അങ്ങനെതന്നെ അംഗീകരിക്കണമെന്ന് പ്രഖ്യാപിക്കുന്നു! ഇളംപ്രായത്തിലുള്ള ഒരു ആൺകുട്ടി ഇതെല്ലാം കണ്ട് തനിക്ക് ഇനിമുതൽ പെൺകുട്ടിയാവണമെന്ന് ആഗ്രഹിച്ചാൽ അതിന് സർജറി അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കാൻ ഭരണകൂടം നിർബന്ധിതമാകുന്ന തരത്തിൽ നിയമനിർമാണങ്ങൾ കാനഡ പോലു ള്ള രാജ്യങ്ങളിൽ നടന്നുകഴിഞ്ഞു. രക്ഷിതാവ് ഇക്കാര്യത്തെ തടഞ്ഞാൽ ശിക്ഷിക്കപ്പെടുകയും ചെയ്യും.! ഇത്തരം ഒരു സാമൂഹ്യ പശ്ചാത്തലത്തിലേക്കുള്ള പ്രവേശന കവാടമാണ് ആൺകുട്ടികളെയും പെൺകുട്ടികളെയും ഒരേ വേഷം ധരിപ്പിക്കുക എന്നത്.

വേഷം ഒന്നാകുന്നതോടെ സ്ത്രീ-പുരുഷ സ്വത്വം ആശയക്കുഴപ്പത്തിലാകും. കുട്ടികളെ കണ്ടാൽ ആണാണോ പെണ്ണാണോ എന്ന് തോന്നാൻ പാടില്ലെന്നിടത്തുനിന്നാണ് ഈ ആശയത്തിന്റെ തുടക്കം.

സ്ത്രീ-പുരുഷ പ്രകൃതത്തെ അങ്ങനെ തന്നെ അംഗീകരിച്ചുകൊണ്ട് തുല്യനീതി ഉറപ്പുവരുത്തുക എന്നതാണ് ശരിയായ സമീപനം. ലിംഗസമത്വമല്ല; ലിംഗനീതിയാണ് നടപ്പിലാവേണ്ടത്. അതിനാവശ്യമായ ബോധവൽക്കരണമാണ് വിദ്യാർഥികൾക്കിടയിൽ നടക്കേണ്ടത്. എന്നാൽ പുതിയ പാഠ്യപദ്ധതിയിൽ ലിംഗനീതി എന്നതിന് പുറമെ ലിംഗസമത്വം എന്ന് പ്രത്യേക പ്രാധാന്യത്തോടെ വേർതിരിച്ച് പഠിപ്പിക്കണമെന്ന ആശയമാണ് മുന്നോട്ടുവയ്ക്കുന്നത്. ചട്ടക്കൂടിന്റെ പശ്ചാത്തലം വിശദീകരിക്കുന്ന വേളയിൽ അഞ്ചാ മത്തെ പേജിൽ പത്താം നമ്പറായി നിലവിലുള്ള കാഴ്ചപ്പാട് തീർത്തും മാറ്റിപ്പണിയണമെന്ന് പറയുന്നുണ്ട്. അത് ഇപ്രകാരം വായിക്കാം:

“വിദ്യാസമ്പന്നമായ ഒരു പ്രദേശത്തിന് ചേരാത്ത പല പ്രവണതകളും ഇപ്പോഴും നിലനിൽക്കുന്നു. ലിംഗനീതി, ലിംഗസമത്വം, ലിംഗാവബോധം എന്നിവ ഉളവാകാൻ ആവശ്യമായ അംശങ്ങൾ പാഠ്യപദ്ധ തിയിൽ വലിയതോതിൽ ഉണ്ടാകേണ്ടതുണ്ട്” (പേജ് 5).

> **കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ പുതുതലമുറയെ സജ്ജമാക്കാൻ പാഠ്യപദ്ധതിയിൽ കാലോചിതമായ മാറ്റം അനിവാര്യമാണെന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ, ജെൻഡർ ന്യൂട്രാലിറ്റി എന്ന ഒരാശയം ചട്ടക്കൂടിന്റെ ആമുഖത്തിലും പ്രത്യേക അധ്യായത്തിലും മറ്റു തലക്കെട്ടുകളിലുമെല്ലാം പ്രാധാന്യപൂർവം ചർച്ചയ്ക്കുവച്ചത് കേരള സമൂഹം വളരെ ഗൗരവപൂർവം ഇടപെടേണ്ട ഒരു പ്രശ്നമാണ്. ‘ജെൻഡർ ന്യൂട്രാലിറ്റി’ അഥവാ ‘ലിംഗ നിഷ്പക്ഷത’ എന്നത് കേൾക്കാൻ കൗതുകം ജനിപ്പിക്കുന്നതും പ്രത്യക്ഷത്തിൽ പുരോഗമനവുമായി തോന്നുമെങ്കിലും അടുത്ത തലമുറയിൽ വമ്പിച്ച പ്രത്യാഘാതങ്ങൾക്ക് വഴിവെക്കുന്ന ഒരാശയമാണ് ഇതിലൂടെ കടന്നുവരുന്നത്. ഈ പദം കേൾക്കുന്നവരെല്ലാം കേവലമൊരു യൂണിഫോമിന്റെ പ്രശ്നം മാത്രമായിട്ടാണ് കണക്കാക്കുന്നത്. ജീവശാസ്ത്രപരമായ സ്ത്രീ-പുരുഷ സ്വത്വത്തെ തന്നെ ആശയക്കുഴപ്പത്തിലാക്കുക വഴി ജെൻഡർ ഡിസ്ഫോറിയയിലേക്ക് ഭാവിതലമുറയെ എടുത്തെ റിയാൻ മാത്രം പ്രഹരശേഷിയുള്ള പദാവലിയാണ് ജെൻഡർ ന്യൂട്രാലിറ്റി.**

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയാൻ ജെൻഡർ ന്യൂട്രാലിറ്റിയാണ് പരിഹാരമെന്ന തലതിരിഞ്ഞ ആശയമാണ് പാഠ്യപദ്ധതിയിൽ കടന്നുവരുന്നത്.Critical Thinking എന്ന ആശയത്തിന്റെ മറവിൽ യുക്തിവാദ ചിന്തയുടെ വിത്ത് കുട്ടികളിൽ പാകാനുള്ള ശ്രമവും ഈ വരികളിൽ കാണാം.

"...തുല്യതയും സമത്വവും ലക്ഷ്യംവയ്ക്കുമ്പോഴും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ വർധിക്കുന്ന, ജെൻഡർ സെൻസിറ്റീവ് അല്ലാത്ത സാമൂഹിക വ്യവസ്ഥയെ ഉയർന്ന മാനവികതാബോധം കൊണ്ട് പുനർനിർമിക്കേണ്ടതുണ്ട്. ഇവിടെയാണ് പാഠ്യപദ്ധതിയുടെ ഊന്നൽ മേഖലകളിൽ പുനരാലോചന ആവശ്യമായി വരുന്നത്. വിമർശനചിന്തയും സർഗാത്മകതയും യുക്തിചിന്തയും സ്കൂൾ വിദ്യാഭ്യാസകാലം മുതൽ തന്നെ കുട്ടികളുടെ ശീലങ്ങളായി വികസിപ്പിക്കപ്പെടണം..." (പേജ് 15).

നിലവിലുള്ള ലിംഗനീതി സംബന്ധമായ കാഴ്ചപ്പാടിനെ വിമർശനാത്മകമായി വിലയിരുത്തണമെന്നും വിദ്യാലയ അന്തരീക്ഷം തന്നെ ജെൻഡർ ഓഡിറ്റിങ്ങിന് വിധേയമാക്കണമെന്നും പ്രത്യേകം പറയുന്നുണ്ട്.

**ഇത്രമേൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാവുന്ന ഒരു ആശയത്തിന്റെ തുടക്കം മാത്രമാണ് ജെൻഡർ ന്യൂട്രൽ യൂണിഫോം വിഷയം എന്ന് തിരിച്ചറിയുമ്പോഴാണ് ഗൗരവം കൂടുതൽ ബോധ്യമാകുന്നത്. ഇതിനെ കേവലം പെൺകുട്ടികൾക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാമോ പറ്റില്ലേ എന്ന ചർച്ചയാക്കി ചുരുക്കുന്നത് യാഥാർഥ്യത്തോടുള്ള കണ്ണടക്കലാകും. അതിനാൽ ഒരു പരിശോധനയും പഠനങ്ങളുമില്ലാതെ പുരോഗമനപരം എന്ന് തോന്നിപ്പിക്കാൻ വേണ്ടി ഇത്തരം ആശയങ്ങൾ നടപ്പിലാക്കുന്നതിനെ ചോദ്യം ചെയ്യാനും വിഷയം കൂടുതൽ പഠനവിധേയമാക്കാനും രാഷ്ട്രീയ പാർട്ടികളും വിദ്യാഭ്യാസ ഏജൻസികളും സമുദായ സംഘടനകളുമെല്ലാം രംഗത്തുവരേണ്ടതുണ്ട്. സർക്കാർ പാശ്ചാത്യൻ നാടുകളിലുണ്ടായ പ്രത്യാഘാതങ്ങൾ പഠിക്കാൻ തയ്യാറാവുകയും വേണം.**

"ലിംഗതുല്യത, ലിംഗനീതി എന്നിവ സംബന്ധിച്ച കേരളീയ സമൂഹത്തിന്റെ പൊതുബോധം വിമർശനപരമായി പരിശോധിക്കപ്പെടേണ്ടതുണ്ട്. സ്ത്രീധന കൊലപാതകങ്ങളും അക്രമങ്ങളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ഒറ്റപ്പെട്ട സംഭവങ്ങളല്ലാതായിട്ടുണ്ട്. ജെൻഡർ സ്പെക്ട്രത്തെക്കുറിച്ചുള്ള ധാരണകളും വികസിക്കുന്നില്ല. ഒരു വ്യക്തിയുടെ വളർച്ചയുടെ നിർണായകഘട്ടത്തിൽ ഏറ്റവും കൂടുതൽ സമയം ചെലവിടുന്നത് സ്കൂൾ ക്യാമ്പസിലാണ്. ലിംഗനീതി, ലിംഗതുല്യത സംബന്ധിച്ച കാര്യങ്ങളും ലിംഗാവബോധവും കുട്ടികളിൽ വളർത്താൻ സ്കൂൾ വിദ്യാഭ്യാസത്തിലെ പരിമിതികൾ അഭിസംബോധന ചെയ്യേണ്ടതുണ്ട്. സ്കൂൾ പാഠപുസ്തകങ്ങൾ, പഠനബോധന രീതികൾ, സ്കൂൾ ക്യാമ്പസ്, കളിസ്ഥലം എന്നിവ ജെൻഡർ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതുണ്ട്. ഇതിന് സഹായകമായ രീതിശാസ്ത്രം എങ്ങനെ വികസിപ്പിക്കാൻ കഴിയും..." (പേജ് 17).

സ്കൂളുകളിൽ ഇരിപ്പിടം, കലാകായിക മത്സരങ്ങൾ എന്നിവയെല്ലാം ആൺകുട്ടികളും പെൺകുട്ടികളും കൂടിക്കലർന്നുകൊണ്ടായിരിക്കുമെന്നതിന്റെ വ്യക്തമായ സൂചനയാണ് ജെൻഡർ ഓഡിറ്റിങ്ങിലൂടെ നടപ്പാക്കാനിരിക്കുന്നത്.

സമത്വത്തിലധിഷ്ഠിതമായ വിദ്യാഭ്യാസം എന്ന പ്രത്യേക ശീർഷകത്തിൽ ഇങ്ങനെ കാണാം:

"ഇന്നലെകളിൽ ആൺ, പെൺ എന്ന വിഭാഗങ്ങളെ പരിഗണിച്ചാണ് ലിംഗസമത്വത്തെകുറിച്ച് പറഞ്ഞതെങ്കിൽ മറ്റു ലിംഗവിഭാഗങ്ങളെയും (LGBT Queer) പരിഗണിച്ചാവണം ഇനിയുള്ള വിദ്യാഭ്യാസം..." (പേജ് 71).



“...ലിംഗഭേദം പരിഗണിക്കാതെ പഠനപ്രവർത്തനങ്ങൾ നൽകുമ്പോഴും ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കുമ്പോഴും സമത്വത്തോടെ പ്രവർത്തിക്കാനും എന്തെല്ലാം ചെയ്യേണ്ടതുണ്ട്?” (പേജ് 72).

“...വിദ്യാലയ പ്രവർത്തനങ്ങളിൽ തുല്യ അവസരം, അധികാര പങ്കാളിത്തം, പൊതുയിടങ്ങളുമായുള്ള സമ്പർക്ക സന്ദർഭങ്ങൾ, ജെൻഡർ ന്യൂട്രൽ സമീപനം എന്നിവയെല്ലാം വിദ്യാലയ പ്രവർത്തനങ്ങളിൽ പാലിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയും?” (പേജ് 72).

മലയാളികളിൽ മഹാഭൂരിപക്ഷവും ഏതെങ്കിലും മതഗ്രന്ഥമോ വിശ്വാസമോ അംഗീകരിക്കുന്നവരും അതിന്റെ അടിസ്ഥാനത്തിൽ ധാർമിക വീക്ഷണം രൂപപ്പെടുത്തുകയും ചെയ്യവരാണ്. എന്നാൽ പുതിയ പാഠ്യപദ്ധതിയിലൂടെ എല്ലാത്തിനെയും വിമർശനാത്മകമായി ചോദ്യം ചെയ്യാൻ പാകത്തിൽ ഒരു ലിബറൽ സമൂഹമായി പുതുതലമുറയെ മാറ്റിയെടുക്കണമെന്ന കാഴ്ചപ്പാടാണ് മുന്നോട്ടുവയ്ക്കുന്നത്. തത്ത്വത്തിൽ മതരഹിത സമൂഹത്തിന്റെ നിർമിതിയാണ് ലക്ഷ്യമെന്നർഥം.

ഉന്നത വിദ്യാഭ്യാസ മന്ത്രി ബാലുശ്ശേരി സ്കൂളിൽ ജെൻഡർ ന്യൂട്രൽ യൂണിഫോം ഉദ്ഘാടനം ചെയ്ത വേളയിൽ തന്റെ ഫേസ്ബുക്കിലും ട്വിറ്ററിലും കുറിച്ച ആശയങ്ങൾ കൂടി ചേർത്തുവയ്ക്കുമ്പോൾ ഇത് കേവലം യൂണിഫോമിന്റെ മാത്രം പ്രശ്നമല്ലെന്നത് വ്യക്തമാകും. കുറച്ചു കാലമായി ക്യാമ്പസുകൾ കേന്ദ്രീകരിച്ച് ‘അതിരുകളില്ലാത്ത ലോകം’ എന്ന പേരിൽ ഭരണപക്ഷ വിദ്യാർഥി സംഘടന നടത്തിവരുന്ന കാമ്പയിനും അതിന്റെ പോസ്റ്ററുകളും കാണുമ്പോൾ, ജെൻഡർ ന്യൂട്രാലിറ്റിയിലൂടെ ലിംഗവിവേചനം തുടച്ചുനീക്കി ലിംഗനീതി കൊണ്ടുവരലല്ല ലക്ഷ്യമെന്നും കുടുംബ സംവിധാനം തകർത്ത് പാശ്ചാത്യൻ ലിബറൽ സംസ്കാരത്തിലേക്ക് നമ്മുടെ തലമുറയെ തള്ളിവിടുകയാണ് ഉദ്ദേശ്യമെന്നും വ്യക്തമാണ്.

ലിംഗനീതിയും എല്ലാവർക്കുമുള്ള അവസര സമത്വവും ഉണ്ടാവണം എന്നും അതിനെപ്പറ്റിയുള്ള അവബോധം കുട്ടികളിടക്കം ഉണ്ടാക്കേണ്ടതുണ്ട് എന്നതിലും ആർക്കും സംശയമുണ്ടാവാനിടയില്ല. എന്നാ ൽ സർക്കാർ ഇതിനെ ജെൻഡർ ന്യൂട്രാലിറ്റി എന്ന മറ്റൊരു രീതിയിലേക്ക് കൊണ്ടുപോകുന്നതിനെ നാം ഗൗരവത്തോടെ കാണേണ്ടതുണ്ട്. കേവലം പെൺകുട്ടികൾ പാൻറ്സ് ധരിക്കുന്നതോ, അതുമല്ലെങ്കിൽ ഏതെങ്കിലും വസ്ത്രധാരണവുമായോ മാത്രം ബന്ധപ്പെട്ട ഒരു കാര്യമല്ല ജെൻഡർ ന്യൂട്രാലിറ്റിയും അതു വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജെൻഡർ പൊളിറ്റിക്സും. ലിംഗവ്യത്യാസങ്ങളെ മുഴുവൻ പൊതുയിടങ്ങളിൽനിന്ന് പതിയെ ഇല്ലാതാക്കുക എന്ന ആശയം ഒറ്റനോട്ടത്തിൽ ആകർഷകമായി തോന്നിയേക്കാ മെങ്കിലും അത് പലപ്പോഴും അനീതിയിലേക്കാണ് നയിക്കുക. സംവരണം പോലുള്ള പോസിറ്റീവ് ഡിസ്ക്രിമിനേഷനെ പോലും ചോദ്യം ചെയ്യുന്നിടത്തേക്ക് കാര്യങ്ങൾ എത്തും. സ്ത്രീകൾക്ക് അവരുടേതായ സ്വകാര്യ ഇടങ്ങൾ ലഭിക്കുന്ന അവസ്ഥയെയും ഇത് ഇല്ലാതാക്കും.

ഇതിനെല്ലാം അപ്പുറം കുട്ടികളിലാണ് ഇത് അടിച്ചേൽപിച്ച് നടപ്പിലാക്കുന്നത് എന്നതാണ് ഏറെ ഗൗരവകരം. അത്തരത്തിൽ നടപ്പിലാക്കിയ സമൂഹങ്ങളിലെ അവസ്ഥകൾ ഞെട്ടിപ്പിക്കുന്നതാണ്. ഇങ്ങനെയുള്ള ആശയങ്ങൾ ചെറുപ്പംതൊട്ട് കേട്ടുതുടങ്ങുന്ന കുട്ടികളിൽ ജെൻഡർ നോൺ കൺഫെർമിറ്റി (തന്റെ ലൈംഗിക സ്വത്വം ഏതാണെന്ന് സംശയമുള്ള, ആണാണോ പെണ്ണാണോ എന്ന് ഉറപ്പില്ലാത്ത അവസ്ഥ) വ്യാപകമായി ഉണ്ടാകുന്നു എന്ന് പഠനങ്ങൾ പറയുന്നു. അത്തരം കൗമാരക്കാരിൽ മാനസിക പ്രശ്നങ്ങളും വിഷാദരോഗവും സാമൂഹിക വിരുദ്ധ പ്രവണതകളും കാണാൻ സാധിക്കുമെന്നും ഒരുപാട് പഠനങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്ന യാഥാർഥ്യമാണ്.

ഇത്രമേൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാവുന്ന ഒരു ആശയത്തിന്റെ തുടക്കം മാത്രമാണ് ജെൻഡർ ന്യൂട്രൽ യൂണിഫോം വിഷയം എന്ന് തിരിച്ചറിയുമ്പോഴാണ് ഗൗരവം കൂടുതൽ ബോധ്യമാകു ന്നത്. ഇതിനെ കേവലം പെൺകുട്ടികൾക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാമോ പറ്റില്ലേ എന്ന ചർച്ചയാക്കി ചുരുക്കുന്നത് യാഥാർഥ്യത്തോടുള്ള കണ്ണടക്കലാകും. അതിനാൽ ഒരു പരിശോധനയും പഠനങ്ങളുമില്ലാതെ പുരോഗമനപരം എന്ന് തോന്നിപ്പിക്കാൻ വേണ്ടി ഇത്തരം ആശയങ്ങൾ നടപ്പിലാക്കുന്നതിനെ ചോദ്യം ചെയ്യാനും വിഷയം കൂടുതൽ പഠനവിധേയമാക്കാനും രാഷ്ട്രീയ പാർട്ടികളും വിദ്യാഭ്യാസ ഏജൻസികളും സമുദായ സംഘടനകളുമെല്ലാം രംഗത്തുവരേണ്ടതുണ്ട്. സർക്കാർ പാശ്ചാത്യൻ നാടുകളിലുണ്ടായ പ്രത്യാ ഘാതങ്ങൾ പഠിക്കാൻ തയ്യാറാവുകയും വേണം.

മതമില്ലാത്ത ജീവൻ ഒരു ആക്ടിവിറ്റിയിൽ മാത്രം ഒതുങ്ങിയെങ്കിൽ ജെൻഡർ ന്യൂട്രാലിറ്റി പാഠ്യപദ്ധതിയിൽ ഉപ്പുപോലെ ലയിച്ചുചേരുന്ന ഒന്നായിരിക്കും. വിദ്യാലയ അന്തരീക്ഷവും അതിനനുസരിച്ച് മാറ്റപ്പെടും. അതുകൊണ്ട് ചർച്ച നടക്കേണ്ടത് ഇപ്പോഴാണ്. വൈകിയാൽ വലിയ വില നൽകേണ്ടി വരും. ■

**മതമില്ലാത്ത ജീവൻ ഒരു ആക്ടിവിറ്റിയിൽ മാത്രം ഒതുങ്ങിയെങ്കിൽ ജെൻഡർ ന്യൂട്രാലിറ്റി പാഠ്യപദ്ധതിയിൽ ഉപ്പുപോലെ ലയിച്ചുചേരുന്ന ഒന്നായിരിക്കും. വിദ്യാലയ അന്തരീക്ഷവും അതിനനുസരിച്ച് മാറ്റപ്പെടും. അതുകൊണ്ട് ചർച്ച നടക്കേണ്ടത് ഇപ്പോഴാണ്. വൈകിയാൽ വലിയ വില നൽകേണ്ടി വരും.**



# ഇന്ത്യൻ ജനാധിപത്യം മതനിരാസമല്ല; മതനിരപേക്ഷതയാണ്

**നബീൽ പയ്യോളി**
:+966 55 771 0981

**എഴുപത്തിയഞ്ച് തികഞ്ഞ് ജീവിത സായാഹ്നത്തിലെത്തി നിൽക്കുന്ന പടുവൃദ്ധനെ ഓർമിപ്പിക്കുന്നു ഇന്ത്യൻ ജനാധിപത്യം എന്ന് വിലയിരുത്തുന്നവരെ തിരുത്താനൊന്നും വർത്തമാന രാഷ്ട്രപരിസരത്ത് നിന്നുകൊണ്ട് സാധ്യമാകുമെന്ന് തോന്നുന്നില്ല! എന്നാൽ ഏത് മതങ്ങളെയും മതനിരാസകരെയും നിഷ്കപടമായി ഉൾക്കൊള്ളാനുള്ള മതനിരപേക്ഷ പാരമ്പര്യം തിരികെ കൊണ്ടുവരികയെന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം അചിന്ത്യമാണെന്ന് ചിന്തിക്കുന്നതാണ് ഏറ്റവും പ്രതിലോമകരമായ കാഴ്ചപ്പാട്.**

സ്വതന്ത്ര ഇന്ത്യ അതിന്റെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന വേളയാണിത്. സ്വാതന്ത്ര്യം, ജനാധിപത്യം, മതേതരത്വം തുടങ്ങിയ ഇന്ത്യയുടെ സവിശേഷതകളെ തമസ്കരിക്കും വിധം ഭരണകൂടങ്ങൾ പെരുമാറുന്ന കാലഘട്ടം കൂടിയാണിത്. അതിനാൽ ഇക്കാര്യങ്ങൾ മുമ്പത്തെക്കാൾ ഉച്ചത്തിൽ ആവർത്തിച്ച് ഓർമപ്പെടുത്തേണ്ടിയിരിക്കുന്നു. ജനാധിപത്യത്തെ ഏകാധിപത്യ വഴിയിലേക്ക് നയിക്കുകയാണ് ഫാസിസ്റ്റ് ഭരണകൂടം. നരേന്ദ്രമോദി അധികാരത്തിൽ വന്നതുമുതൽ ഇന്ത്യയുടെ സവിശേഷതകളെ തല്ലിക്കെടുത്തി ഏകശിലാത്മകമായ രാഷ്ട്രനിർമാണത്തിന് വേണ്ടിയുള്ള കുത്സിത ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. 2014 മുതൽ രാജ്യം അതിന്റെ വിവിധ ഘട്ടങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ശക്തമായ ജനാധിപത്യ പ്രതിരോധത്തിന് മുൻപിൽ പല പദ്ധതികളും ഉപേക്ഷി ക്കേണ്ടിവന്നു എന്നത് ജനാധിപത്യ ഇന്ത്യക്ക് പ്രതീക്ഷ നൽകുന്നതാണ്.

ഈ നടപടികളുടെ അവസാനത്തെ ഏടാണ് പാർലമെൻറിൽ ഏതാനും വാക്കുകൾക്ക് നിരോധനം ഏർപ്പെടുത്തിയത്. പ്രതിഷേധ സൂചകമായി ഉപയോഗിക്കുന്ന വാക്കുകളാണ് മിക്കതും. പ്രതിപക്ഷസ്വരം ഇല്ലാതാക്കുകയാണ് കേന്ദ്രസർക്കർ ഇതിലൂടെ ലക്ഷ്യമിടുന്നതെന്നത് വ്യക്തം. പാർലമെൻറിൽ പ്രതിഷേധമുയർത്തിയ പ്രതിപക്ഷ പ്രതിനിധികളെ സസ്പെൻഡ് ചെ



യ്യുന്നതും പതിവായിക്കഴിഞ്ഞു. ജനാധിപത്യരീതിയിൽ പ്രതിഷേധങ്ങളുമായി പ്രതിപക്ഷപാർട്ടികൾ ഇത്തരം നടപടികൾക്കെതിരെ ഒറ്റക്കെട്ടായി തന്നെ പ്രതികരിക്കുന്നുണ്ട്. ജനാധിപത്യ പ്രതിരോധം ഇന്ത്യയെപ്പോലുള്ള രാജ്യത്ത് വിജയം കാണുമെന്ന പ്രതീക്ഷയാണ് നമുക്കുണ്ടാവേണ്ടത്.

**ഇന്ത്യയുടെ സവിശേഷത**

ഇന്ത്യയുടെ പ്രത്യേകതയെന്തെന്ന് ചോദിച്ചാൽ നാനാത്വത്തിൽ ഏകത്വം എന്ന് ഒറ്റവാചകത്തിൽ പറയാം. വൈവിധ്യങ്ങളാണ് ഇന്ത്യയുടെ ഭംഗി. ചേർച്ചയില്ലാത്ത അനേകം വൈവിധ്യങ്ങളെ ഇന്ത്യയെന്ന മാലയിലെ മുത്തുകളെ പോലെ കോർത്തിണക്കിയാണ് സ്വതന്ത്ര ഇന്ത്യയെ രാഷ്ട്രശില്പികൾ വളർത്തി വലുതാക്കിയത്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപന്മാർ രാജ്യ ത്തെ മുഴുവൻ കൊള്ളയടിച്ചു. മുഴുപ്പട്ടിണിക്കാരും അരപ്പട്ടിണിക്കാരുമായ ജനകോടികളെ ബാക്കിയാക്കി അവർ അധികാരമൊഴിഞ്ഞു ഇന്ത്യ സ്വതന്ത്രമായപ്പോൾ രാജ്യത്തെ വൈവിധ്യങ്ങളെ ചേർത്തുനിർത്തിയുള്ള പുനർനിർമാണത്തിനാണ് ക്രാന്തദർശികളായ രാഷ്ട്രശില്പികൾ നേതൃത്വം നൽകിയത്. ഭിന്നതകളും അവഗണനകളുമല്ല ചേർത്തുനിർത്താലാണ് നമ്മുടെ നയവും രാഷ്ട്രത്തിന്റെ ചരിത്രവും. അതാണ് ലോകത്തിന് മുൻപിൽ തലയുയർത്തിനിൽക്കാൻ വണ്ണം ഈ രാജ്യത്തെ പുരോഗതിയുടെ പാതയിലേക്ക് എത്തിച്ചത്. അസൂയാവഹമായ പുരോഗതിയുണ്ടായത് രാജ്യത്തെ മുഴുവൻ ജനതയെയും ഒരേപോലെ കാണാൻ ശ്രമിച്ചതുകൊണ്ട് തന്നെയാണ്. പോരായ്മകളും വീഴ്ചകളും അപവാദങ്ങളും ഒക്കെയുണ്ടെങ്കിലും നാനാത്വത്തിൽ ഏകത്വം എന്ന സവിശേഷത ലോകത്തെ മറ്റേത് രാജ്യത്തെക്കാളും ഇന്ത്യക്ക് അഭിമാനത്തോടെ പറയാവുന്ന സവിശേഷതയാണ്. അതിനെ ഇല്ലാതാക്കാനാണ് സംഘപരിവാർ എന്നും ശ്രമിച്ചിട്ടുള്ളത്. രാമരാജ്യവും ഏകസിവിൽ കോഡും പൗരത്വ നിയമ ഭേദഗതിയുമൊക്കെ കാലങ്ങളായി സംഘപരിവാരം സ്വപ്നം കാണുന്ന ഏകശിലാത്മകതയിലേക്കുള്ള ചുവടുവയ്പാണ്. എന്നാൽ ജനാധിപത്യ ബോധമുള്ള, വൈവിധ്യങ്ങളെ അലങ്കാരമായി കാണുന്ന ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഏക ശിലാത്മതയ്ക്ക് എന്നും വിഘാതമായിരിക്കും എന്നാണ് പ്രതീക്ഷ.

**മലയാളികളുടെ നിലപാട്**

കേരളം ഇത്തരം പ്രതിഷേധങ്ങളുടെ മുൻനിരയിൽ എന്നുമുണ്ടായിട്ടുണ്ട് എന്നത് ഏതൊരു മലയാളിയും അഭിമാനത്തോടെ പറയുന്ന യാഥാർഥ്യമാണ്. തെല്ലും ഭയമില്ലാതെ അനീതിക്കെതിരെ പ്രതികരിക്കാൻ എന്നും കേരളീയ സമൂഹം മുന്നിൽ നിന്നിട്ടുണ്ട്. ജനാധിപത്യ പ്രതിരോധമാണ് നമ്മൾ എന്നും സ്വീകരിച്ചിട്ടുള്ളതും. അക്രമവും വൈകാരികതയും ഇല്ലാതെ സമാധാനപാരയായി നീതിക്കും ന്യായത്തിനും വേണ്ടി ശബ്ദിക്കാനും ഇന്ത്യയെന്ന വികാരത്തോട് ചേർന്നുനിൽക്കാനും മലയാളികൾക്ക് എന്നും സാധിച്ചിട്ടുണ്ട്. നാനാത്വത്തിൽ ഏകത്വം എന്ന സവിശേഷതയെ നെഞ്ചേറ്റിയവർ

ഇന്ത്യയുടെ പ്രത്യേകതയെന്തെന്ന് ചോദിച്ചാൽ നാനാത്വത്തിൽ ഏകത്വം എന്ന് ഒറ്റവാചകത്തിൽ പറയാം. വൈവിധ്യങ്ങളാണ് ഇന്ത്യയുടെ ഭംഗി. ചേർച്ചയില്ലാത്ത അനേകം വൈവിധ്യങ്ങളെ ഇന്ത്യയെന്ന മാലയിലെ മുത്തുകളെ പോലെ കോർത്തിണക്കിയാണ് സ്വതന്ത്ര ഇന്ത്യയെ രാഷ്ട്രശില്പികൾ വളർത്തി വലുതാക്കിയത്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപന്മാർ രാജ്യത്തെ മുഴുവൻ കൊള്ളയടിച്ചു. മുഴുപ്പട്ടിണിക്കാരും അരപ്പട്ടിണിക്കാരുമായ ജനകോടികളെ ബാക്കിയാക്കി അവർ അധികാരമൊഴിഞ്ഞു ഇന്ത്യ സ്വതന്ത്രമായപ്പോൾ രാജ്യത്തെ വൈവിധ്യങ്ങളെ ചേർത്തുനിർത്തിയുള്ള പുനർനിർമാണത്തിനാണ് ക്രാന്തദർശികളായ രാഷ്ട്രശില്പികൾ നേതൃത്വം നൽകിയത്. ഭിന്നതകളും അവഗണനകളുമല്ല ചേർത്തുനിർത്താലാണ് നമ്മുടെ നയവും രാഷ്ട്രത്തിന്റെ ചരിത്രവും.



**എന്നാൽ ഇന്ന് വൈവിധ്യങ്ങളെ ഇല്ലാതാക്കാനും ഏകശിലാത്മകമായ പദ്ധതികൾക്ക് സാഹചര്യം ഒരുക്കാനും കേരളം ഭരിക്കുന്ന സർക്കാറും ശ്രമിക്കുന്നു എന്നത് ഖേദകരമാണ്. രാജ്യം ഭരിക്കുന്ന ഫാസിസ്റ്റ് ഭരണകൂടം ന്യൂനപക്ഷങ്ങളെ ഇല്ലാതാക്കാൻ, അല്ലെങ്കിൽ മുഖ്യധാരയിൽനിന്നും മാറ്റിനിർത്താൻ സർവ ശ്രമങ്ങളും നടത്തുമ്പോൾ അതിന് മണ്ണൊരുക്കുന്ന പ്രവർത്തനങ്ങൾ വിവേകമുള്ള ജനാധിപത്യ സംവിധാനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായിക്കൂടാ. എന്നാൽ സർക്കാർ ഇതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു എന്നതാണ് അടുത്തകാലത്തായി അവർ നടത്തുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന ഏതൊരാൾക്കും മനസ്സിലാവുക.**

എന്ന നിലയിൽ വർഗീയ ശക്തികൾക്ക് വേരോട്ടം നൽകാതെ എല്ലാ വൈവിധ്യങ്ങളെയും ഉൾകൊണ്ടുകൊണ്ട് തന്നെയാണ് കേരളം നാളിതുവരെ മുന്നോട്ടു പോയത്. ജനാധിപത്യത്തിന്റെ ഭൂമിയിൽ നിന്നുകൊണ്ട് മതനിരപേക്ഷത നാം പ്രായോഗികമായി കാണിച്ചു കൊടുത്തു.

**ഫാസിസ്റ്റുകൾക്ക് വഴിമരുന്നിടുന്നുവോ?**

എന്നാൽ ഇന്ന് വൈവിധ്യങ്ങളെ ഇല്ലാതാക്കാനും ഏകശിലാത്മകമായ പദ്ധതികൾക്ക് സാഹചര്യം ഒരുക്കാനും കേരളം ഭരിക്കുന്ന സർക്കാറും ശ്രമിക്കുന്നു എന്നത് ഖേദകരമാണ്. രാജ്യം ഭരിക്കുന്ന ഫാസിസ്റ്റ് ഭരണകൂടം ന്യൂനപക്ഷങ്ങളെ ഇല്ലാതാക്കാൻ, അല്ലെങ്കിൽ മുഖ്യധാരയിൽനിന്നും മാറ്റിനിർത്താൻ സർവ ശ്രമങ്ങളും നടത്തുമ്പോൾ അതിന് മണ്ണൊരുക്കുന്ന പ്രവർത്തനങ്ങൾ വിവേകമുള്ള ജനാധിപത്യ സംവിധാനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായിക്കൂടാ. എന്നാൽ സർക്കാർ ഇതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു എന്നതാണ് അടുത്തകാലത്തായി അവർ നടത്തുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന ഏതൊ രാൾക്കും മനസ്സിലാവുക. മുസ്‌ലിം നാമധാരികളായ മുഴുവൻ ഭാരവാഹികളെയും തങ്ങളുടെ സംഘടനാ സംവിധാനങ്ങളിൽനിന്ന് മാറ്റിനിർത്താൻ ബിജെപി തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തത് നമ്മൾ കണ്ടതാണ്. അതിനെതിരെ മാറ്റിനിർത്തപ്പെടുന്നവർ തന്നെ ശബ്ദമുയർത്തിയെങ്കിലും ഫലമുണ്ടായില്ല. മുസ്‌ലിം നാമധാരിയായ ഒരാൾ പോലും കേരളത്തിൽ ബിജെപി ഭാരവാഹിയാകരുത് എന്ന തീരുമാനമെടുക്കുന്ന കാലത്താണ് നാം ജീവിക്കുന്നത് എന്നത് ഓർക്കാതെയാണ് കേരള സർക്കാർ പല വിഷയങ്ങളും തീരുമാനിക്കുന്നത്.

ഏത് പ്രത്യയശാസ്ത്രങ്ങളോടും ആശയപരമായ സംവാദങ്ങൾ ക്രിയാത്മക സമൂഹം ആഗ്രഹിക്കുന്ന തും പ്രോത്സാഹിപ്പിക്കുന്നതുമാണ്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി അധികാരദണ്ഡുപയോഗിച്ച് പുരോഗമന കുപ്പായമണിഞ്ഞ് മതവിരുദ്ധ അജണ്ടകൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇത് മുൻപും ഇടതുപക്ഷ സർക്കാരുകൾ ചെയ്തിട്ടുണ്ട് എന്നത് യാഥാർഥ്യമാണ്. അറബി ഭാഷക്കെതിരെ, മതമില്ലാത്ത ജീവൻ, സ്കൂൾ സമയമാറ്റം തുടങ്ങി എത്രയോ ഗൂഢശ്രമങ്ങൾ കേരളത്തിൽ ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. എന്നാൽ ശക്തമായ പ്രതിഷേധങ്ങൾക്കൊടുവിൽ ഈ നീക്കങ്ങൾ ഉപേക്ഷിക്കേണ്ടി വരികയും ചെയ്തു. സമരങ്ങളും പ്രതിഷേധങ്ങളും ജീവനഷ്ടവുമൊക്കെ, ഈ പദ്ധതികളിൽനിന്ന് പിന്മാറാൻ വേണ്ടിവന്നു എന്നത് ചരിത്രം.

ശബരിമലയിൽ സ്ത്രീ പ്രവേശനം നടത്തി വിപ്ലവം സൃഷ്ടിക്കാൻ ഒന്നാം പിണറായി സർക്കാർ ശ്രമിച്ചത് വിശ്വാസി സമൂഹത്തിന്റെ വലിയ പ്രതിഷേധത്തിന് ഇടയാക്കി. അത് കഴിഞ്ഞ ലോക്സഭാ തെരെഞ്ഞെടുപ്പിൽ പരാജയത്തിന് കാരണമായെന്ന് തിരിച്ചറിഞ്ഞ പാർട്ടി ആ വിപ്ലവ പ്രതീക്ഷ കൈവെടിഞ്ഞു. എന്നാൽ അത് നമ്മുടെ സാമൂഹിക ചുറ്റുപാടിൽ ഉണ്ടാക്കിയ പരിക്ക് ഗുരുതരമായിരുന്നു. ബിജെപിക്ക് നല്ല സ്പേസ് നൽകാൻ ആ അവിവേകം കാരണമായി എന്നത് ആർക്കും മനസ്സിലാക്കാവുന്ന യാഥാർഥ്യമാണ്. ശബരിമലയിലെ സ്ത്രീ പ്രവേശനത്തെ എതിർത്തവരെ പിന്തിരിപ്പന്മാരും സംഘികളും ആക്കാൻ ഇടതുപക്ഷം പണിയെടുത്തു, വനിതാമതിൽ കെട്ടി, ആയിരം ഇലക്ഷനിൽ തോറ്റാലും നിലപാട് മാറ്റില്ലെന്ന് പറഞ്ഞു, നാട്ടിലുടനീളം നവോത്ഥാന കമ്മിറ്റികൾ ഉണ്ടാക്കി... അവസാനം ഒരു ഇലക്ഷൻ പരാജയത്തോടെ എല്ലാം ഉപേക്ഷിച്ച് പഞ്ചപുച്ഛമടക്കി നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്.

ഈ ശ്രമങ്ങൾ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ പലതെങ്കിലും വൈവിധ്യങ്ങളെ ഉൾകൊള്ളുന്ന മതേതര ജനാധിപത്യ ഭരണകൂടം ഒരിക്കലും ചെയ്യാൻ പാടില്ലാത്ത നടപടിയാണിതെന്നതാണ് ജനാധിപത്യ വിശ്വാസിളെ ഈ നടപടികൾക്കെതിരെയുള്ള പ്രതികരണത്തിലേക്ക് നയിച്ചത്.

ഇന്ത്യയെന്ന മഹാരാജ്യത്തും

കേരളമെന്ന സംസ്ഥാനത്തും വിശ്വാസികളും അവിശ്വാസികളുമായ അനേകം പ്രത്യയശാത്ര വിഭാഗങ്ങൾ ഉണ്ട്. അതിനെ മുഴുവൻ അംഗീകരിക്കുകയും അവർക്ക് അവരുടേതായ ഇടം നൽകുകയും ചെയ്യുകയാണ് നമ്മുടെ ഭരണാധികാരികൾ അനുവർത്തിക്കേണ്ട രീതി.

എന്നാൽ അതിന് വിപരീതമായി, പുരോഗമാനത്തിന്റെ ലേബലിൽ മതനിരാസം നടപ്പിലാക്കുകയാണ് കേരള സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്ന സാമൂഹ്യ പശ്ചാത്തലം കൂടി പരിഗണിക്കുമ്പോഴാണ് ഈ നടപടിയുടെ ഗൗരവം വ്യക്തമാകുന്നത്. മദ്രസ അധ്യാപക ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങളിൽ മൗനം ദീക്ഷിച്ച് ശത്രുക്കൾക്ക് പ്രോത്സാഹനം നൽകി. മുസ്‌ലിം സമുദായത്തിന്റെ ശാക്തീകരണത്തിനായി സച്ചാർ കമ്മിറ്റി നിർദേശിച്ച പദ്ധതികൾ നൂറ് ശതമാനവും മുസ്‌ലിം സമൂഹത്തിന് മാത്രം അവകാശപ്പെട്ടതാണെന്ന് ബോധ്യമുള്ള പ്പോഴും അത് എല്ലാ ന്യുനപക്ഷങ്ങൾക്കും അവകാശപ്പെട്ട നിലയിലേക്ക് അട്ടിമറിക്കപ്പെട്ടു. മുസ്‌ലിം സമുദായത്തെ വഞ്ചിക്കുകയായിരുന്നു ഇതിലൂടെ ഭരണാധികാരികൾ. വഖഫ് സ്വത്തുക്കളിൽനിന്ന് വരുമാനം ഉണ്ടാക്കി സ്വയം ഭരണം നടത്തുന്ന വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിടാൻ നിയമനിർമാണം നടത്തിയതും മുസ്‌ലിം സംഘടനകളുടെയും ജനാധിപത്യ വിശ്വാസികളുടെയും ശക്തമായ പ്രതിഷേധത്തിനൊടുവിൽ ആ നിയമം പിൻവലിക്കേണ്ടി വന്നതും നാം കണ്ടു. വത്തക്കസമരം, വാങ്കും കിത്താബും, ചുംബന സമരം... അങ്ങനെ സാംസ്കാരിക പരിസരത്ത് ഇടതുപക്ഷത്തിന്റെ തലതിരിഞ്ഞ ഇടപെടുലുകൾ നിരവധിയാണ്. ആർക്ക് വേണ്ടിയായിരുന്നു ഈ നീക്കങ്ങൾ എന്നത് ഇപ്പോഴും



അജ്ഞാതമാണ്. മുസ്‌ലിം സമുദായത്തെ അന്യവൽക്കരിക്കാൻ എന്നതാണ് എല്ലാറ്റിന്റെയും പിന്നിലുള്ള ചേതോവികാരം എന്ന് വേണം കരുതാൻ.

**ഇതോ പുരോഗമനം?**

ഇപ്പോൾ ജെന്റർ ന്യൂട്രാലിറ്റിയുടെ പുതിയ പുരോഗമനമാണ് അവർ ആവിഷ്കരിക്കുന്നത്. ആൺ-പെൺ വേർത്തിരിവ് ഒരിടത്തും വേണ്ടപോലും. ആണും പെണ്ണും ഒന്നാണെന്നതിന് ശാത്രീയമായോ സാമൂഹികമായോ ചരിത്രപരമായോ എന്തെങ്കിലും വസ്തുതകൾ നിരത്തി സമഥിക്കുവാൻ അവർക്ക് സാധിക്കുമോ? ഇല്ല! ശാരീരിക ഘടനയിൽ, മാനസിക വളർച്ചയിൽ, ബയോളജിക്കൽ, ഇമോഷണൽ... തുടങ്ങി ഏത് മാനദണ്ഡം എടുത്ത് പരിശോധിച്ചാലും രണ്ട് വ്യത്യസ്തമായ ഘടനയുള്ളവരാണ് ആണും പെണ്ണുമെന്ന് വ്യക്തമാകും. അവരുടെ അസ്തിത്വം അംഗീകരിച്ച് നീതി നടപ്പിലാക്കുന്നതിന് പകരം രണ്ടും ഒന്നാണെന്ന് പറഞ്ഞു യാഥാർഥ്യങ്ങൾക്ക് നേരെ കണ്ണടക്കുകയും ഗുരുതരമായ പ്രത്യാഘാത ങ്ങൾക്ക് വഴി മരുന്നിടുകയുമാണ് ചെയ്യുന്നത്. ആണും പെണ്ണും രണ്ട് വ്യത്യസ്ത സൃഷ്ടികൾ തന്നെയാണെന്നും അവർക്ക് വ്യത്യസ്തമായ നിയമങ്ങളും അവകാശങ്ങളുമൊക്കെ ഉണ്ടെന്നും മതം പഠിപ്പിക്കുന്നു. അതാണ് യാഥാർഥ്യവും. അതുകൊണ്ട് അതിനെ ഇല്ലാതാക്കാനുള്ള നീക്കത്തെ ഒരിക്കലും പിന്തുണക്കാവതല്ല. ആർക്കും തങ്ങൾക്ക് ഇഷ്ടപ്പെട്ട ഇസം അനുസരിച്ച് ജീവിക്കാനും അത് പറയാനും ഇന്ത്യൻ ഭരണഘടന അവകാശം നൽകുന്നുണ്ട്. അത് മറ്റുള്ളവരിലേക്ക് അടിച്ചേൽപിക്കുന്നത് സാംസ്കാരിക ഫാസിസമാണ്.

‘ലിംഗ സമത്വം’ എന്ന ആശയം നടപ്പിലാക്കണമെന്ന് ആത്മാർഥമായി ആഗ്രഹമുണ്ടെങ്കിൽ കമ്യൂണിസ്റ്റ് പാർട്ടികൾ ആദ്യം ചെയ്യേണ്ടത് ഒരു കേഡർ പ്രസ്ഥാനം എന്ന നില

**ഈ ശ്രമങ്ങൾ പരാജയപ്പെട്ടതിന്റെ കാരണങ്ങൾ പലതെങ്കിലും വൈവിധ്യങ്ങളെ ഉൾകൊള്ളുന്ന മതേതര ജനാധിപത്യ ഭരണകൂടം ഒരിക്കലും ചെയ്യാൻ പാടില്ലാത്ത നടപടിയാണിതെന്നതാണ് ജനാധിപത്യ വിശ്വാസിളെ ഈ നടപടികൾക്കെതിരെയുള്ള പ്രതികരണത്തിലേക്ക് നയിച്ചത്. ഇന്ത്യയെന്ന മഹാരാജ്യത്തും കേരളമെന്ന സംസ്ഥാനത്തും വിശ്വാസികളും അവിശ്വാസികളുമായ അനേകം പ്രത്യയശാത്ര വിഭാഗങ്ങൾ ഉണ്ട്. അതിനെ മുഴുവൻ അംഗീകരിക്കുകയും അവർക്ക് അവരുടേതായ ഇടം നൽകുകയും ചെയ്യുകയാണ് നമ്മുടെ ഭരണാധികാരികൾ അനുവർത്തിക്കേണ്ട രീതി.**

**സിപിഎം പാർട്ടിയുടെ ജില്ലാ സെക്രട്ടറിമാരിൽ ഒരു സ്ത്രീ പോലും ഇല്ലെന്നത് അവർ ഏത് നൂറ്റാണ്ടിലെ സംസ്കാരം പിന്തുടരുന്നതിന് ഉദാഹരണമാണ് എന്നറിയാൻ താൽപര്യമുണ്ട്. സംസ്ഥാന, കേന്ദ്ര കമ്മിറ്റികളിൽ എത്ര സ്ത്രീകൾ ഉണ്ടെന്നതും സ്വയം പരിശോധിക്കാൻ അവർ തയ്യാറാവേണ്ടതില്ലേ? അതിൽ തന്നെ അവരൊക്കെ ധരിക്കുന്ന വസ്ത്രം പിന്തിരിപ്പനാണെന്ന് ബോധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട് അങ്ങനെ? സംസ്ഥാന മന്ത്രിസഭയിൽ ലിംഗസമത്വം ഒട്ടുമില്ലല്ലോ; അതെന്തേ? മുഖ്യമന്ത്രി സ്ഥാനം പോകട്ടെ, സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും അടക്കമുള്ള പ്രധാന പോസ്റ്റിലൊന്നും എന്തുകൊണ്ട് സ്ത്രീകളെ പരിഗണിച്ചില്ല? തങ്ങൾക്ക് സ്വാധീനമുള്ള ബഹുജന സംഘടനകൾ, സ്ഥാപനങ്ങൾ, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾ എന്നിങ്ങനെ സ്ത്രീകൾക്ക് തുല്യത ഉറപ്പ് വരുത്താവുന്ന നിരവധി ഇടങ്ങൾ ഉണ്ടെന്നിരിക്കെ അത് എന്തുകൊണ്ട് സാധിക്കുന്നില്ലെന്നത് ന്യൂട്രാലിറ്റിക്ക് വേണ്ടി വെമ്പൽകൊള്ളുന്നവർ ഒന്ന് വ്യക്തമാക്കാമോ?**

യിൽ തങ്ങളുടെ നിർദേശങ്ങൾ ശിരസ്സാവഹിക്കുന്ന ഇടങ്ങളിൽ അത് നടപ്പിലാക്കുകയല്ലേ? സിപിഎം പാർട്ടിയുടെ ജില്ലാ സെക്രട്ടറിമാരിൽ ഒരു സ്ത്രീ പോലും ഇല്ലെന്നത് അവർ ഏത് നൂറ്റാണ്ടിലെ സംസ്കാരം പിന്തുടരുന്നു എന്നതിന് ഉദാഹരണമാണ് എന്നറിയാൻ താൽപര്യമുണ്ട്. സംസ്ഥാന, കേന്ദ്ര കമ്മിറ്റികളിൽ എത്ര സ്ത്രീകൾ ഉണ്ടെന്നതും സ്വയം പരിശോധിക്കാൻ അവർ തയ്യാറാവേണ്ടതില്ലേ? അതിൽ തന്നെ അവരൊക്കെ ധരിക്കുന്ന വസ്ത്രം പിന്തിരിപ്പനാണെന്ന് ബോധ്യപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട് അങ്ങനെ? സംസ്ഥാന മന്ത്രിസഭയിൽ ലിംഗസമത്വം ഒട്ടുമില്ലല്ലോ; അതെന്തേ? മുഖ്യമന്ത്രി സ്ഥാനം പോകട്ടെ, സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും അടക്കമുള്ള പ്രധാന പോസ്റ്റിലൊന്നും എന്തുകൊണ്ട് സ്ത്രീകളെ പരിഗണിച്ചില്ല? തങ്ങൾക്ക് സ്വാധീനമുള്ള ബഹുജന സംഘടനകൾ, സ്ഥാപനങ്ങൾ, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾ എന്നിങ്ങനെ സ്ത്രീകൾക്ക് തുല്യത ഉറപ്പ് വരുത്താവുന്ന നിരവധി ഇടങ്ങൾ ഉണ്ടെന്നിരിക്കെ അത് എന്തുകൊണ്ട് സാധി ക്കുന്നില്ലെന്നത് ന്യൂട്രാലിറ്റിക്ക് വേണ്ടി വെമ്പൽകൊള്ളുന്നവർ ഒന്ന് വ്യക്തമാക്കാമോ? സ്വന്തം സ്വാധീനമുള്ള ഇടങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ കാര്യങ്ങൾ കൊണ്ടുവരികയല്ലേ വിവേകം?

കഴിഞ്ഞ പാർട്ടി സമ്മേളനത്തിന് ശേഷം കമ്മിറ്റികളിൽ അൻപത് ശതമാനം സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകുമോ എന്ന ചോദ്യത്തിന് നിങ്ങൾ ഈ പാർട്ടിയെ തകർക്കാൻ ശ്രമിക്കുകയാണോ എന്നാണ് പാർട്ടി സെക്രട്ടറി മറുപടി നൽകിയത്! 'മുതിർന്ന പെൺകുട്ടികൾ സ്റ്റേജിൽ കയറേണ്ട എന്നതല്ലേ നമ്മുടെ സംഘടനയുടെ നയം' എന്ന് പറഞ്ഞ മതസംഘടനാനേതാവിനെതിരെ പ്രതിഷേധത്തിന്റെ കൂരമ്പുകൾ എയ്തവർ പാർട്ടി സെക്രട്ടറിയുടെ അങ്ങേയറ്റം സ്ത്രീവിരുദ്ധ പ്രസ്താവക്കെതിരെയും പാർട്ടി സ്ഥാനങ്ങളിൽ സ്ത്രീകളെ അവഗണിക്കുന്ന നിലപാടിനെതിരെയും മൗനം പാലിക്കുന്നത് ഇരട്ടത്താപ്പല്ലേ?

ജെന്റർ ന്യൂട്രാലിറ്റി എന്നത് സദുദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന സ്ത്രീവിമോചന ആശയമല്ല, മറിച്ച് ലോകം ചവറ്റുകൊട്ടയിലേക്കെറിഞ്ഞ വികൃത സംസ്കാരമാണ്.

**എന്തെല്ലാം ചെയ്യാനുണ്ട്!**

ലോക രാജ്യങ്ങളോടൊപ്പം 'പുരോഗതി'യുടെ ഭൂപടത്തിൽ മുന്നിലെത്താനുള്ള ആഗ്രഹമാണോ ഇതിനു പിന്നിൽ? എങ്കിൽ കേരള സർക്കാരിന് ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടല്ലോ; ഭരണ, പ്രതിപക്ഷ ഭേദമന്യെ കേരളം മുഴുവൻ സ്വീകരിക്കാവുന്ന നിരവധി കാര്യങ്ങൾ.

മഴ തിമർത്ത് പെയ്യുന്ന ഇന്ന് റോഡേത്, തോടേത് എന്ന് മനസ്സിലാക്കാൻ സാധിക്കാത്തവിധം തകർന്ന റോഡുകളാണുള്ളത്. നമ്മുടെ നാട്ടിലെപോലെ മഴ പെയ്യുന്ന യൂറോപ്യൻ രാജ്യങ്ങളിലെ റോഡുകൾ തകരാതെ കിടക്കുന്നില്ലേ? അത് നമുക്ക് മാതൃകയാക്കി നടപ്പിലാക്കാൻ എന്താണ് തടസ്സം?

പൊതുഗതാഗത സൗകര്യങ്ങൾ ലോകത്തെല്ലായിടത്തും ഭംഗി





യായി നടക്കുന്നു. നമ്മുടെ നാട്ടിൽ ഇന്നും കെ.എസ്.ആർ.ടി.സി നഷ്ടത്തിൽ മുങ്ങുകയാണ്. ശമ്പളത്തിന് വേണ്ടി തൊഴിലാളികൾ സമരത്തിലാണ്. മറ്റു രാജ്യങ്ങളിലെ പൊതുഗതാഗത സംവിധാനങ്ങളെ എന്തുകൊണ്ട് മാതൃകയാക്കാൻ സാധിക്കുന്നില്ല?

ഈയിടെ മനോരമ സംഘടിപ്പിച്ച പരിപാടിയിൽ ലോകത്ത് ബിസിനസ് ചെയ്യാൻ ഏറ്റവും എളുപ്പമുള്ള രാജ്യമേതെന്ന് അവതാരക ചോദിച്ചപ്പോൾ 'സിംഗപ്പൂർ' എന്നാണ് മലബാർ ഗ്രൂപ്പ് ചെയർമാൻ മറുപടി നൽകിയത്. അവിടെ ബിസിനസ് തുടങ്ങാൻ ആഗ്രഹിച്ചാൽ ഏഴുദിവസംകൊണ്ട് എല്ലാം റെഡി, ഒരു ഓഫീസും കയറിയിറങ്ങേണ്ട. എല്ലാം വിരൽത്തുമ്പിൽ! നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണെന്ന് ലോക സഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞ ഉദാഹരണത്തിൽനിന്നും വ്യക്തം: 'അമേരിക്കൻ വിസ ലഭിക്കാനാണ് ഏറ്റവും ബുദ്ധിമുട്ട്; അതിനെക്കാൾ പ്രയാസകരമാണ് കേരളത്തിലെ സർക്കാർ ഓഫീസുകളിൽനിന്നും എന്തെങ്കിലും നേടിയെടുക്കാൻ!' ഇതിന് മാറ്റം വരുത്താൻ, നമുക്ക് ലോകത്തെ നല്ല മാതൃകകൾ സ്വീകരിച്ച് നടപ്പിലാക്കാൻ എന്താണ് പ്രയാസം?

നമ്മുടെ ഭാവിതലമുറക്ക് ഗുണം ലഭിക്കുകയാണ് ലക്ഷ്യമെങ്കിൽ അനിവാര്യമായി ചെയ്യേണ്ടത് വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക പരിഷ്കരണമാണ്. ലോകനിലവാരത്തിലേക്ക് ഇന്നും നമ്മുടെ സ്കൂളുകളോ കോളേജുകളോ ഒന്നും എത്തിയിട്ടില്ല. അതിൽ സമഗ്രപരിഷ്കരണം എന്തുകൊണ്ട് സാധ്യമാവുന്നില്ല? ലോകമാതൃകകൾ എന്തുകൊണ്ട് സ്വീകരിക്കാൻ സാധിക്കുന്നില്ല?

കേരളത്തിൽനിന്നും നൂറുകണക്കിന് വിദ്യാർഥികളാണ് ലോകത്തെ വിവിധ രാജ്യങ്ങളിലേക്ക് ഉപരി പഠനത്തിനായി പോകുന്നത്. ലക്ഷങ്ങൾ ചെലവാക്കിയാണ് ഈ പറിച്ചുനടൽ. ലോകനിലവാരത്തിലുള്ള സർവകലാശാലകയുടെ കേന്ദ്രങ്ങൾ കേരളത്തിൽ കൊണ്ടുവരാൻ എന്തുകൊണ്ട് സാധിക്കുന്നില്ല. അതല്ലേ പുതിയ തലമുറക്ക് നൽകാൻ സാധിക്കുന്ന ഏറ്റവും വലിയ സമ്മാനം?

തൊഴിൽ തേടി ലക്ഷക്കണക്കിന് മലയാളികൾ വിദേശങ്ങളിൽ പറിച്ചുനടപ്പെടുന്നു. മികച്ച തൊഴിലവസരവും അന്തരീക്ഷവും ലോകമാതൃകയിൽനിന്നും നമുക്ക് എന്തുകൊണ്ട് സ്വീകരിച്ച് നടപ്പിലാക്കാൻ സാധിക്കുന്നില്ല? അതിനല്ലേ ജാഗ്രത കാണിക്കേണ്ടത്? അതിനു പകരം പിൻവാതിൽ നിയമനങ്ങളും അനധികൃത ഇടപെടലുകളും സാമ്പത്തിക ക്രമക്കേടുകളും അല്ലേ നമ്മുടെ നാട്ടിൽ നടക്കുന്നത്? ഇത് മാറ്റാൻ തടസ്സമെന്ത്?


**ഈയിടെ മനോരമ സംഘടിപ്പിച്ച പരിപാടിയിൽ ലോകത്ത് ബിസിനസ് ചെയ്യാൻ ഏറ്റവും എളുപ്പമുള്ള രാജ്യമേതെന്ന് അവതാരക ചോദിച്ചപ്പോൾ 'സിംഗപ്പൂർ' എന്നാണ് മലബാർ ഗ്രൂപ്പ് ചെയർമാൻ മറുപടി നൽകിയത്. അവിടെ ബിസിനസ് തുടങ്ങാൻ ആഗ്രഹിച്ചാൽ ഏഴു ദിവസംകൊണ്ട് എല്ലാം റെഡി, ഒരു ഓഫീസും കയറിയിറങ്ങേണ്ട. എല്ലാം വിരൽത്തുമ്പിൽ! നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണെന്ന് ലോക സഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര പറഞ്ഞ ഉദാഹരണത്തിൽനിന്നും വ്യക്തം: 'അമേരിക്കൻ വിസ ലഭിക്കാനാണ് ഏറ്റവും ബുദ്ധിമുട്ട്; അതിനെക്കാൾ പ്രയാസകരമാണ് കേരളത്തിലെ സർക്കാർ ഓഫീസുകളിൽനിന്നും എന്തെങ്കിലും നേടിയെടുക്കാൻ!'**

കോവിഡ് കാലത്ത് സർക്കാർ ലോക് ഡൗൺ ഏർപ്പെടുത്തിയ ദിവസങ്ങളിൽ തൊഴിലാളികൾക്കുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സർക്കാർ നൽകിയതായി സിംഗപ്പൂരിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ മലബാർ ഗ്രൂപ്പ് ചെയർമാൻ പറഞ്ഞു. കോവിഡ് കാലത്ത് തൊഴിലില്ലാത്ത ദിനങ്ങളിൽ സാധാരണനക്കാർക്ക് നേരിട്ട് പണം നൽകിയ നിരവധി ലോക രാജ്യങ്ങളുണ്ട്. അവരുടെ മാതൃക പിന്തുടരാൻ നമുക്ക് സാധിക്കാതെ പോയത് എന്ത്കൊണ്ട്.

നമുക്ക് ഇതിൽ മാതൃകയില്ലേ? തൊഴിലാളി സേവന, വേതന വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ടോ?

കേരളത്തിൽ ഏറ്റവും വലിയ വിവാദങ്ങൾക്ക് പാത്രീഭൂതരാവാറുള്ളത് പോലീസ് സേനയാണ്. മനുഷ്യാവകാശ ധ്വംസനങ്ങളും കസ്റ്റഡി മരണങ്ങളും അഴിമതിയും നീതിനിഷേധവുമെല്ലാം നമ്മുടെ പോലീസ് സംവിധാനത്തെ കളങ്കപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം ഇല്ലാതാക്കാൻ പ്രസ്താവനകൾക്കപ്പുറം ശക്തമായ ഇടപെടൽ നടത്താൻ എന്താണ് തടസ്സം?

മാലിന്യസംസ്കരണം ലോകരാജ്യങ്ങൾ മാതൃകാപരമായ പദ്ധതികൾ ആവിഷ്കരിച്ച് വിജയപ്രദമായി നടപ്പിലാക്കുന്നു. അന്യരാജ്യങ്ങളിൽ സഞ്ചരിച്ചവർക്ക് അത് മനസ്സിലാകും. ഇക്കാര്യ




ത്തിൽ നമ്മുടെ സംസ്ഥാനം വൻ പരാജയമാണ്. ലോകമാതൃകകൾ നാം കാണാതെ പോകുന്നത് എന്തുകൊണ്ട്?

അങ്ങനെ പുരോഗതിയുടെ ഗ്രാഫിൽ കുതിച്ചുയരാൻ സാധിക്കുന്ന, ലോകത്തിന് മുന്നിൽ അഭിമാനത്തോ ടെ ഉയർത്തിക്കാട്ടാൻ സാധിക്കുന്ന നിരവധി മാറ്റങ്ങൾ നമുക്ക് ലോകമാതൃകകൾ ഉൾക്കൊണ്ട് ചെയ്യാൻ സാധിക്കുമെന്നിരിക്കെ; ആര് എന്ത് ധരിക്കണം, എങ്ങനെ ധരിക്കണം എന്നതികച്ചും വ്യക്തിസ്വാതന്ത്ര്യത്തിന് വിധേയമായ വിഷയത്തിൽ നിയമം നടപ്പിലാക്കാൻ വെമ്പൽ കൊള്ളുന്നത് കാപട്യമല്ലേ? പുരോഗതിയെ ന്നാൽ എല്ലാത്തിനെയും ഉൾക്കൊണ്ട്, എല്ലാവരെയും ചേർത്തുനിർത്തി നേടാവുന്നതാണ്. ചേരികൾക്ക് മുന്നിൽ വലിയ മതിലുകൾ നിർമിച്ചതുകൊണ്ട് ദാരിദ്ര്യം ഇല്ലാതാവുകയില്ല എന്ന് ഉറക്കെ പറയുന്നവരാണ് നമ്മൾ. അരക്ഷിതബോധം വളർത്തുന്നതും നീതിനിഷേധിക്കുന്നതും പുരോഗതിക്ക് വിഘാതം സൃഷ്ടി ക്കുകയേയുള്ളൂ. വിവാദങ്ങളല്ല, വിവേകപൂർണവും നിർമാണാത്മകവും ക്രിയാത്മകവുമായ തീരുമാനങ്ങളാണ് നമുക്ക് ഗുണകരമാവുക, പ്രതീക്ഷയേകുക.

ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രത്യേകത മതനിരപേക്ഷതയാണ്. രാജ്യത്തിന് ഔദ്യോഗിക മതമില്ല. എല്ലാ വിശ്വാസ സംഹിതകൾക്കും ഒരേപോലെ ഇടംനൽകുന്ന മനോഹരമായ ജനാധിപത്യ രാജ്യം. ലോക രാജ്യങ്ങളിൽ ജനാധിപത്യമുള്ളിടത്ത് ഒന്നുകിൽ ഏതെങ്കിലും ഔദ്യോഗിക മതം ഉണ്ടാവും; ഇല്ലെങ്കിൽ മതനിരാസം എന്ന പ്രത്യയശാസ്ത്രവും. ഏതെങ്കിലും മതത്തെ ഔദ്യോഗികമാക്കാനും മതനിരാസ മാതൃകകൾ സ്വീകരിക്കാനും ജനാധിപത്യ ഇന്ത്യയിലെ മതേതര സർക്കാരുകൾക്ക് ഒരിക്കലും സാധിക്കു കയില്ല. അങ്ങനെ ചെയ്യുന്നത് നമ്മുടെ രാജ്യത്തോടുതന്നെ ചെയ്യുന്ന അനീതിയാണ്. അത് തിരിച്ചറിയാനുള്ള വിവേകമാണ് കേന്ദ്ര, സംസ്ഥാന ഭരണകൂടങ്ങൾക്കു വേണ്ടത്.

### വിശ്വാസികൾക്ക് പറയാനുള്ളത്

ഇസ്‌ലാം ശരി മാത്രമാണ് ലോകത്തെ പഠിപ്പിക്കുന്നത്. ആ ശരി ലോകാവസാനം വരെ നിലനിൽക്കുകയും ചെയ്യും. രാജ്യാതിർത്തികളോ ഭൂഖണ്ഡങ്ങളോ കാലചക്രമോ മാറുന്നതിനനുസരിച്ച് മാറുന്നതല്ല അത്. അത് എന്നെന്നും തെളിമയോടെതന്നെ നിലനിൽക്കും. അത് നെഞ്ചേറ്റുന്നവർ എന്നും അഭിമാനത്തോടെ യും ഭയരഹിതമായും നിറഞ്ഞ പ്രതീക്ഷയും പ്രത്യാശയും ആത്മവിശ്വാസവും നിലനിർത്തി നിലകൊള്ളു കയും ചെയ്യും.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ആശയ അടിത്തറയിൽ നിന്നുകൊണ്ട് നിലപാടുകൾ സ്വീകരിക്കൽ അനിവാര്യമാണ്. അതിന് ഇന്ത്യൻ ഭരണഘടന അനുവാദം നൽകുന്നുമുണ്ട്. അത് നിഷേധിക്കപ്പെടുമ്പോൾ ഭരണഘടന നൽകിയ സ്വാതന്ത്ര്യത്തിന് വേണ്ടി പൊരുതുകയും ചെയ്യും. ഏതു വസ്ത്രം ധരിക്കണമെന്നതും ഏതു ധരിച്ചുകൂടാ എന്നതും എന്ത് കഴിക്കണമെന്നതും എന്തു കഴിച്ചുകൂടാ എന്നതും മതം പഠിപ്പിക്കുന്നുണ്ട്. ആ അവകാശത്തെ ഹനിക്കാൻ ആർക്കും അധികാരമില്ല.

മുസ്‌ലിംകൾക്ക് ജീവനെക്കാൾ വലുതാണ് അവർ നെഞ്ചേറ്റുന്ന ആദർശം. അത് മുറുകെപ്പിടിക്കുക എന്നത് അവരുടെ ബാധ്യതയും അവകാശവുമാണ്. അതുകൊണ്ട് തന്നെ വിശ്വാസി സമൂഹത്തെ അന്യവൽക്കരിക്കാനും കപട പൊതുബോധ നിർമിതിക്കും സ്വാതന്ത്ര്യധ്വംസനത്തിനും പദ്ധതികൾ മെനയുന്നവർക്കെതിരെ ശക്തമായിത്തന്നെ സമൂഹം രംഗത്തുണ്ടാവും.

രാജ്യത്തിന്റെ മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് വിശ്വാസികൾക്കറിയാം. തങ്ങളുടെ ബാധ്യതകൾ അവർ തിരിച്ചറിയുന്നുണ്ട്; പാരതന്ത്ര്യത്തിന്റെ കാർമേഘം തലക്ക് മുകളിൽ ശക്തമായി നിലകൊള്ളുന്ന ഇന്നിന്റെ സാഹചര്യത്തിൽ പ്രത്യേകിച്ചും. അതിനെതിരായ നീക്കങ്ങൾക്ക് കുടപിടിക്കാൻ വിശ്വാസികൾക്കാവില്ല.

വൈവിധ്യങ്ങളെ ഉൾക്കൊണ്ട്, എല്ലാവരെയും ചേർത്തുപിടിക്കാനും എല്ലാവർക്കും നീതി ലഭ്യമാക്കാനുമാണ് ഭരണകൂടങ്ങൾ ശ്രമിക്കേണ്ടത്. രാഷ്ട്രീയ പാർട്ടികൾ അതിനുവേണ്ടിയാണ് നിലകൊള്ളേണ്ടത്. കപട പൊതുബോധ നിർമിതിയിൽ കാണിക്കുന്ന മൗനവും അല്ലെങ്കിൽ അതിനോടുള്ള ആഭിമുഖ്യവും ആത്മഹത്യാപരമാണ്.



# കാരുണ്യമുള്ളവരാകാം

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

“പരമകാരുണ്യവാനും കരുണാവാരിധിയുമായവന്‍” (ക്വുര്‍ആന്‍ 1:3). അല്ലാഹുവിന്റെ ഏറ്റവും മനോഹരമായ വിശേഷണങ്ങളാണിവ! ‘കാരുണ്യം,’ മനുഷ്യന് എന്നും അതീവ സംതൃപ്തി നല്‍കുന്ന പദം. ഓരോ മനുഷ്യനും അവന്റെ ‘മനുഷ്യന്‍’ എന്ന അവസ്ഥയുടെ പൂര്‍ണതയിലെത്തുന്നത് അവനില്‍ ‘കാരുണ്യം’ എന്ന ഘടകം അതിന്റെ മുഴുഭാവത്തോടെ പ്രസരിച്ച് നില്‍ക്കുമ്പോഴാണ്.

ഇവിടെ അല്ലാഹുവിന്റെ കാരുണ്യമാണ് വിഷയം. പ്രപഞ്ചത്തില്‍ നാം കാണുന്ന സകല കാരുണ്യത്തിന്റെയും ഉറവിടം അല്ലാഹുവിന്റെ അടുക്കല്‍നിന്നുള്ളതത്രെ.

തള്ളക്കോഴി ശത്രുവില്‍നിന്ന് കുഞ്ഞിക്കോഴികളെ തന്റെ ചിറകിലൊളിപ്പിച്ച് സംരക്ഷിക്കുന്നതും, തന്റെ അമ്മിഞ്ഞ നുകരുന്ന കുഞ്ഞിനോട് മാതൃഹൃദയത്തിന് തോന്നുന്ന കാരുണ്യവും തുടങ്ങി കാരുണ്യത്തിന്റെ മൂര്‍ത്തനിമിഷങ്ങളായി നമ്മുടെ മനസ്സില്‍ വരുന്ന കാര്യങ്ങളെന്തെല്ലാമുണ്ടോ അതെല്ലാം ദൈവിക കാരുണ്യത്തിന്റെ ഭാഗമത്രെ!

നബി(സ്വ) പറഞ്ഞുതന്നു: “അല്ലാഹു കാരുണ്യത്തെ നൂറ് ഭാഗമായി ഭാഗിച്ചിരിക്കുന്നു. അതില്‍ ഒരംശം മാത്രമാണ് അവന്‍ ഭൂമിയില്‍ വച്ചിട്ടുള്ളത്. ബാക്കി തൊണ്ണൂറ്റി ഒമ്പത് ഭാഗവും അവന്‍ പരലോകത്തേക്ക് വേണ്ടി മാറ്റിവച്ചിരിക്കുന്നു!”

ഹാ, എത്ര മഹോന്നതം! നാം ദര്‍ശിക്കുന്ന സകല കാരുണ്യങ്ങളും ആ ഒരു ശതമാനത്തിന്റെ ഭാഗമാണെങ്കില്‍ ബാക്കിയുള്ള കാരുണ്യം എത്ര മഹത്തരമായിരിക്കും! അതെ, ആ കാരുണ്യത്തിന്റെ അങ്ങേയറ്റമാണ് സ്വര്‍ഗം. ഒരു കണ്ണും കണ്ടിട്ടില്ലാത്ത, ഒരു കാതും കേട്ടിട്ടില്ലാത്ത, ഒരു ഹൃദയത്തിനും ഭാവനയില്‍ സങ്കല്‍പിക്കാന്‍ കഴിഞ്ഞിട്ടില്ലാത്ത അതിമഹത്തായ കാരുണ്യഭവനം.

ആ സ്വര്‍ഗലോകത്തിലേക്ക് മനുഷ്യരെ ആനയിക്കാനായി പ്രവാചകന്‍മാരെ നിയോഗിച്ചും വിശുദ്ധ ഗ്രന്ഥങ്ങള്‍ വഴിയും അല്ലാഹു മനുഷ്യരോട് കാരുണ്യം ചെയ്തിരിക്കുന്നു. അതില്‍ അവസാനത്തെ ദൂതനാണ് മുഹമ്മദ് നബി(സ്വ), അവസാനത്തെ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുര്‍ആന്‍.

‘അല്ലാഹു അവന്റെ സ്വന്തത്തിന് കാരുണ്യം എന്നത് ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു’ (ക്വുര്‍ആന്‍ 6:12).

മനുഷ്യന്‍ ഈ കാരുണ്യത്തിന്റെ ഒരംശം ഏറ്റെടുത്ത് ചുറ്റുപാടുകളോട് കരുണയുള്ളവരായി മാറുക എന്നതാണ് മതം നല്‍കുന്ന സന്ദേശം. നമുക്ക് കരുണയുള്ളവരായി മാറാം;

മാതാപിതാക്കളോട്, കുടുംബത്തോട്, കുട്ടികളോട്, പ്രായമുള്ളവരോട്, ദരിദ്രരോട്, അനാഥകളോട്, വിധവകളോട്, രോഗികളോട്, അഗതികളോട്, പക്ഷിമൃഗാദികളോട്, സസ്യലതാദികളോട്, പുഴകളോട്, അരുവികളോട്....അങ്ങനെയങ്ങനെ എല്ലാറ്റിനോടും...





# നബി(സ്വ)യുടെ വഫാത്തിനു ശേഷം

ഹുസൈൻ സലഫി
: +971 50 634 6963

**ഖലീഫയെ തെരഞ്ഞെടുക്കൽ**

അല്ലാഹവിന്റെ റസൂലി(സ്വ)ന്റെ വഫാത്ത് കഴിഞ്ഞയുടനെ, ആരായിരിക്കണം അവിടുത്തെ ഖലീഫ (പിൻഗാമി) എന്ന് തീരുമാനിക്കാനായി സ്വഹാബിമാർ കൂടിയാലോചന നടത്തി. ഒരു രാജ്യം ഒരിക്കലും ഭരണാധികാരിയല്ലാതെ അനാഥയായിക്കൂടാ. മുസ്‌ലിം സമൂഹം ഒരിക്കലും നേതൃത്വമില്ലാതെ ഛിന്നഭിന്നമാകാൻ പാടില്ല. അതിനാൽ ഭൗതികശരീരം അടക്കം ചെയ്യുന്നതിന് മുമ്പുതന്നെ സ്വഹാബിമാർ അതിനായി ശ്രദ്ധിച്ചു.

ബനൂ സാഇദ പന്തലിൽ ചൂടുപിടിച്ച ചർച്ച നടക്കാൻ തുടങ്ങി. പലവിധത്തിലുള്ള അഭിപ്രായങ്ങളും ഭിന്നതകളും ഒരു ചർച്ചയിൽ ഉണ്ടായിരിക്കുക എന്നത് സ്വഭാവികമാണല്ലോ. അത് അവിടെയും സംഭവിച്ചിരുന്നു. എങ്കിലും അവർ ഐക്യകണ്ഠേന അബൂബക്റി(റ)നെ ഖലീഫയായി തെരഞ്ഞടുത്തു. എല്ലാവരും അദ്ദേഹത്തിന് ബയ്അത്ത് (അനുസരണ പ്രതിജ്ഞ) ചെയ്തു തുടങ്ങി. അങ്ങനെ ഖലീഫയായി തെരഞ്ഞടുക്കപ്പെട്ടയുടനെ അബൂബക്ർ(റ) അവരോട് ഗംഭീരമായ ഒരു പ്രസംഗം നടത്തി:

“ജനങ്ങളേ, ഞാൻ നിങ്ങളുടെമേൽ അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെക്കാൾ ഉത്തമനല്ല. അതിനാൽ ഞാൻ നല്ലത് ചെയ്താൽ നിങ്ങൾ എന്നെ സഹായിക്കുകയും ഞാൻ അബദ്ധം ചെയ്താൽ നിങ്ങൾ എന്നെ തിരുത്തുകയും ചെയ്യണം. സത്യസന്ധത എന്നത് ഒരു അമാനത്തും കളവ് വഞ്ചനയുമാകുന്നു. നിങ്ങളിലെ ദുർബലൻ അവന്റെ ദൗർബല്യം വ്യക്തമാക്കുന്നതുവരെ എന്റെയടുക്കൽ ശക്തവാനായിരിക്കും, ഇൻശാ അല്ലാഹ്. നിങ്ങളിലെ ശക്തവാൻ അവന്റെ അടുക്കൽനിന്നുള്ള അവകാശം ലഭിക്കുന്നതുവരെ അവൻ (എന്റെയടുക്കൽ) ദുർബലനുമായിരിക്കും, ഇൻശാ അല്ലാഹ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരത്തെ ഒരു സമൂഹം ഒഴിവാക്കുകയില്ല;

അവരെ അല്ലാഹു നിന്ദ്യതകൊണ്ട് (തിരിച്ച്) അടിക്കാതെ. ഒരു ജനതയിലും നീചവൃത്തികൾ വ്യാപിക്കുകയില്ല; അല്ലാഹു അവരെ പരീക്ഷണങ്ങൾകൊണ്ട് വ്യാപിപ്പിക്കാതെ. ഞാൻ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുമ്പോൾ നിങ്ങൾ എന്നെയും അനുസരിക്കുവിൻ. ഞാൻ അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണക്കേട് കാണിച്ചാൽ നിങ്ങൾ എന്നെ അനുസരിക്കേണ്ടതില്ല. നിങ്ങൾ നമസ്കാരത്തിന് എഴുന്നേൽക്കുവിൻ. അല്ലാഹു നിങ്ങളോട് കാരുണ്യം ചെയ്യുന്നതാണ്" (സീറതുന്നബവിയ്യ).

നബി(സ്വ) നേരത്തേതന്നെ അബൂബക്ർ(റ) ആയിരിക്കണം ഖലീഫ എന്നതിലേക്ക് സൂചന നൽകിയിരുന്നല്ലോ. അതടിസ്ഥാനത്തിൽ തന്നെയാണ് അവർ അദ്ദേഹത്തെ അവസാനം തെരഞ്ഞെടുത്തതും. തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷം നടത്തിയ ഈ പ്രസംഗം ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതാണ്. നബി(സ്വ)യുടെ സ്വഹാബിമാർക്കേ ഈവിധത്തിൽ സംസാരിക്കൻ സാധിക്കുകയുള്ളൂ.

**ജനാസ സംസ്കരണം**

ഖലീഫയെ തെരഞ്ഞെടുത്തതിന് ശേഷം നബി(സ്വ)യുടെ ജനാസ സംസ്കരണത്തിലേക്ക് അവർ തിരിഞ്ഞു. അതിനായി നബി(സ്വ)യുടെ ഭൗതികശരീരം കുളിപ്പിക്കുന്നതിന് അവർ ഒരുങ്ങി. ആ സന്ദർഭത്തിൽ അവർക്കിടയിൽ ചില അഭിപ്രായങ്ങൾ ഉണ്ടായി. ആഇശ(റ) പറയുന്നത് കാണുക:

"നബി(സ്വ)യെ കുളിപ്പിക്കാനായി ഉദ്ദേശിച്ചപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, നമ്മളിൽ നിന്നും മരിക്കുന്നവരുടെ (വസ്ത്രം) നാം അഴിച്ചു മാറ്റുന്നതുപോലെ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ (വസ്ത്രം) നാം മാറ്റേണ്ടതുണ്ടോ എന്നും, അതല്ല അദ്ദേഹത്തിന്റെ വസ്ത്രത്തിൽതന്നെ നാം അദ്ദേഹത്തെ കുളിപ്പിക്കണോ എന്നും നമുക്ക് അറിയില്ലല്ലോ.' അവർ അഭിപ്രായ വ്യത്യാസത്തിലായപ്പോൾ അല്ലാഹു അവരിൽ ഉറക്കത്തെ ഇട്ടു. (അങ്ങനെ) അവരുടെ താടിയെല്ലുകൾ നെഞ്ചിലേക്ക് മുട്ടാത്തവരായി അവരിൽ ആരും ഉണ്ടായിരുന്നില്ല. പിന്നീട് വീടിന്റെ ഭാഗത്തുനിന്ന് ഒരാൾ അവരോട് സംസാരിച്ചു . അത് ആരാണെന്ന് അവർക്ക് അറിയുമായിരുന്നില്ല: 'നിങ്ങൾ നബി(സ്വ)യെ അദ്ദേഹത്തിന്റെ വസ്ത്രത്തോടുകൂടിത്തന്നെ കുളിപ്പിക്കുവിൻ.' അപ്പോൾ അവരെല്ലാവരും അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ അടുത്തേക്ക് എഴുന്നേറ്റു പോയി. എന്നിട്ട് അവർ അദ്ദേഹത്തിന്റെ വസ്ത്രം (നീളക്കുപ്പായം) നിലനിർത്തി കുളിപ്പിച്ചു. വസ്ത്രത്തിന് മുകളിലൂടെ അവർ വെള്ളം ഒഴിച്ചു. അവരുടെ കൈകൾ സ്പർശിക്കാതെ വസ്ത്രത്തിൽ അദ്ദേഹത്തെ അവർ കുളിപ്പിച്ചു. ആഇശ(റ) (പിൽക്കാലത്ത്) പറയാറുണ്ടായിരുന്നു: 'എന്റെ കാര്യം പിന്നീട് ഞാൻ മനസ്സിലാക്കിയത് നേരത്തെ ഞാൻ അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ഭാര്യമാരല്ലാതെ അദ്ദേഹത്തെ കുളിപ്പിക്കുമായിരുന്നില്ല" (അബുദാവൂദ്).

നബി(സ്വ)യുടെ ശരീരഭാഗം കാണും എന്നത് കാരണത്താലാണല്ലോ സ്വഹാബിമാർ അദ്ദേഹത്തെ കുളിപ്പിക്കുന്ന സമയത്ത് വസ്ത്രം നീക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ സംശയത്തിലായത്. ആ കാര്യം നേരത്തെ അറിയാൻ സാധിച്ചിരുന്നെങ്കിൽ അവരെക്കൊണ്ട് കുളിപ്പിക്കാൻ നബി(സ്വ)യുടെ ഭാര്യമാർ സമ്മതിക്കില്ലായിരുന്നു എന്നാണ് ആഇശ(റ) പറഞ്ഞതിന്റെ പൊരുൾ.

അലിയ്യ് ഇബ്നു അബീത്വാലിബ്(റ), അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ്(റ), അബ്ബാസി(റ)ന്റെ രണ്ട് മക്കളായ ഫദ്ൽ(റ), ക്വുഥമ്(റ), ഉസാമതുബ്നു സയ്ദ്, ശുക്റാൻ (നബി(സ്വ)യുടെ അടിമയായിരുന്നു അദ്ദേഹം), ഔസ് ഇബ്നു ഖൗലിയ്യ്(റ) മുതലായവരായിരുന്നു നബി(സ്വ)യെ കുളിപ്പിച്ചിരുന്നത് എന്ന് നമുക്ക് കാണാൻ സാധിക്കും.

**അല്ലാഹവിന്റെ റസൂലി(സ്വ)ന്റെ വഫാത്ത് കഴിഞ്ഞയുടനെ, ആരായിരിക്കണം അവിടുത്തെ ഖലീഫ (പിൻഗാമി) എന്ന് തീരുമാനിക്കാനായി സ്വഹാബിമാർ കൂടിയാലോചന നടത്തി. ഒരു രാജ്യം ഒരിക്കലും ഭരണാധികാരിയല്ലാതെ അനാഥയായിക്കൂടാ. മുസ്‌ലിം സമൂഹം ഒരിക്കലും നേതൃത്വമില്ലാതെ ഛിന്നഭിന്നമാകാൻ പാടില്ല. അതിനാൽ ഭൗതികശരീരം അടക്കം ചെയ്യുന്നതിന് മുമ്പു തന്നെ സ്വഹാബിമാർ അതിനായി ശ്രദ്ധിച്ചു. അവർ ഐക്യകണ്ഠേന അബൂബക്റി(റ)നെ ഖലീഫയായി തെരഞ്ഞെടുത്തു. എല്ലാവരും അദ്ദേഹത്തിന് ബയ്അത്ത് (അനുസരണ പ്രതിജ്ഞ) ചെയ്തു തുടങ്ങി.**

ഉസാമയും ശക്റാനും വെള്ളം ഒഴിച്ചു കൊടുത്തു. അബ്ബാസ്(റ) വും മക്കളും തിരിച്ചും മറിച്ചും കിടത്താൻ സഹായിച്ചു. അലിയ്യ്(റ) വസ്ത്രത്തിന് മുകളിലൂടെ തേച്ച് കുളിപ്പിക്കുകയും ചെയ്തു. ഔസ്(റ) അവിടുത്തെ ചാരിയിരുത്തേണ്ട സമയത്ത് അദ്ദേഹത്തിന്റെ നെഞ്ചിലേക്ക് ചാരിയിരുത്തി. ഇങ്ങനെ വ്യത്യസ്ത കാര്യങ്ങൾ നിർവഹിച്ചാണ് അവർ നബി(സ്വ)യെ കുളിപ്പിച്ചത് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നബി(സ്വ)യെ കുളിപ്പിച്ച അലിയ്യ്(റ) പറയുന്നത് കാണുക:

'ഞാൻ അല്ലാഹുവിന്റെ റസൂലി(സ്വ)നെ കുളിപ്പിച്ചു. അങ്ങനെ മയ്യിത്തിൽനിന്ന് (അവശിഷ്ടം) വല്ലതും ഉണ്ടായിരുന്നോ എന്ന് ഞാൻ നോക്കി. പക്ഷേ, ഞാൻ ഒന്നും കണ്ടില്ല. അവിടുന്ന് (സ്വ) ജീവിച്ചിരുന്നപ്പോഴും മരണപ്പെട്ടപ്പോഴും പരിശുദ്ധമായിരുന്നു' (സീറതുന്നബവിയ്യ).

സാധാരണ ഒരു മയ്യിത്തിനെ കുളിപ്പിക്കുന്ന വേളയിൽ വയറിൽ അമർത്തുമ്പോൾ മലമോ മൂത്രമോ മറ്റോ പുറത്ത് വന്നേക്കാം. അതൊന്നും പുറത്ത് പറയാൻ പാടില്ല. എന്നാൽ നബി(സ്വ)യെ കുളിപ്പിച്ചപ്പോൾ അപ്രകാരം യാതൊന്നും പുറത്തു വന്നിരുന്നില്ല.

**സാധാരണ ഒരു മയ്യിത്തിനെ കുളിപ്പിക്കുന്ന വേളയിൽ വയറിൽ അമർത്തുമ്പോൾ മലമോ മൂത്രമോ മറ്റോ പുറത്ത് വന്നേക്കാം. അതൊന്നും പുറത്ത് പറയാൻ പാടില്ല. എന്നാൽ നബി(സ്വ)യെ കുളിപ്പിച്ചപ്പോൾ അപ്രകാരം യാതൊന്നും പുറത്തു വന്നിരുന്നില്ല. കുളിപ്പിക്കൽ കഴിഞ്ഞതിനു ശേഷം സ്വഹാബിമാർ കഫൻ ചെയ്തു. യമനിൽ ഉണ്ടാക്കപ്പെട്ട മൂന്ന് വെള്ളത്തുണികളാൽ ആയിരുന്നു കഫൻ ചെയ്തിരുന്നത്. അവിടുന്ന് സാധാരണ ധരിക്കാറുണ്ടായിരുന്ന നീളക്കുപ്പായമോ തലപ്പാവോ ഒന്നും അണിയിപ്പിക്കാതെയായിരുന്നു കഫൻ ചെയ്തിരുന്നത്.**

**കഫൻ ചെയ്യൽ**

കുളിപ്പിക്കൽ കഴിഞ്ഞതിനുശേഷം സ്വഹാബിമാർ കഫൻ ചെയ്തു. യമനിൽ ഉണ്ടാക്കപ്പെട്ട മൂന്ന് വെള്ളത്തുണികളാൽ ആയിരുന്നു കഫൻ ചെയ്തിരുന്നത്. അവിടുന്ന് സാധാരണ ധരിക്കാറുണ്ടായിരുന്ന നീളക്കുപ്പായമോ തലപ്പാവോ ഒന്നും അണിയിപ്പിക്കാതെയായിരുന്നു കഫൻ ചെയ്തിരുന്നത്.

ആഇശ(റ)യിൽനിന്ന് നിവേദനം, അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ(സ്വ) കുർസുഫിൽ -യമനിലെ ഒരു പ്രദേശം- നിന്നുള്ള മൂന്ന് വെള്ളത്തുണികളാൽ കഫൻ ചെയ്യപ്പെട്ടു. അതിൽ കുപ്പായമോ തലപ്പാവോ ഉണ്ടായിരുന്നുമില്ല" (മുസ്‌ലിം).


**ജനാസ നമസ്കാരം**

കഫൻ ചെയ്തതിനു ശേഷം നടക്കേണ്ടത് ജനാസ നമസ്കാരമാണ്. ഇബ്നു അബ്ബാസ്(റ) അതു സംബന്ധമായി പറയുന്നത് കാണുക:

"അല്ലാഹുവിന്റെ റസൂൽ (സ്വ) മരണപ്പെട്ടപ്പോൾ പുരുഷന്മാർ (ആദ്യം) പ്രവേശിപ്പിക്കപ്പെട്ടു. എന്നിട്ട് ഇമാം ഇല്ലാതെ അവർ അവിടുത്തേക്ക് വേണ്ടി നിസ്കരിച്ചു. കണ്ണിമുറിയാതെ (അത് തുടർന്നു). അവർ കഴിയുന്നതുവരെ (പുരുഷന്മാരുടെ നമസ്കാരം തുടർന്നു). പിന്നീട് സ്ത്രീകൾ പ്രവേശിപ്പിക്കപ്പെട്ടു. എന്നിട്ട് അവർ അദ്ദേഹത്തിനു വേണ്ടി നമസ്കരിച്ചു. പിന്നീട് കുട്ടികൾ പ്രവേശിപ്പിക്കപ്പെട്ടു. അങ്ങനെ അവർ അവിടുത്തേക്ക് വേണ്ടി നമസ്കരിച്ചു. പിന്നീട് അടിമകൾ പ്രവേശിപ്പിക്കപ്പെട്ടു. അങ്ങനെ അവർ അവിടുത്തേക്ക് വേണ്ടി നമസ്കരിച്ചു. കണ്ണിമുറിയാതെ (അത് തുടർന്നു). ഒരാളും അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ (മയ്യിത്ത് നമസ്കാരത്തിന്) ഇമാമായി നിന്നിരുന്നില്ല' (ദലാഇലുന്നുബുവ്വഃ).

ഓരോരുത്തരും വന്ന് നമസ്കരിച്ചു. ജമാഅത്തായുള്ള നമസ്കാരം അവിടുത്തേക്കായി നിർവഹിക്കപ്പെട്ടിരുന്നില്ല. ഇബ്നു കഥീർ(റ) നബി(സ്വ)യുടെ മേലുള്ള ജനാസ നമസ്കാരത്തെ സംബന്ധിച്ച് വിശദീകരിച്ചതിന് ശേഷം ഇപ്രകാരം പറഞ്ഞു:

"ഈ പ്രവർത്തനം, (അതായത്) അവിടുത്തെ മേൽ അവരിൽ ഒരാളും ഇമാമായി നിൽക്കാതെ



ഒറ്റക്കൊറ്റക്കാണ് നിസ്കരിച്ചത് എന്നത് ഇജ്മാഉള്ള കാര്യമാണ്. അതിൽ അഭിപ്രായ വ്യത്യാസമില്ല. എന്നാൽ അതിന്റെ കാരണത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുമുണ്ട്" (അൽബിദായ വന്നിഹായ).

നബി(സ്വ)ക്ക് വേണ്ടിയുള്ള ജനാസ നമസ്കാരത്തിൽ സ്ത്രീകളും പങ്കെടുത്തിരുന്നു എന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ ചില സ്ത്രീകൾ അവരുടെ ബന്ധപ്പെട്ടവർ മരിക്കുമ്പോൾ നമസ്കരിക്കാതെ മാറിനിൽക്കുന്നതും, നമസ്കരിക്കുന്നവരെ ചിലർ അതിൽനിന്ന് തടയുന്നതും കാണാം. ഇതിന് സ്വഹാബിമാരിൽ മാതൃകയില്ല. സ്വന്തം ഉമ്മയോ ഉപ്പയോ മകനോ മകളോ സഹോദരനോ സഹോദരിയോ ഭാര്യയോ ഭർത്താവോ സുഹൃത്തോ മരണപ്പെട്ടാൽ അവരുടെമേൽ അവസാനമായി നിർവഹിക്കപ്പെടുന്ന ജനാസ നമസ്കാരത്തിൽനിന്ന് സ്ത്രീകളെ തടയുന്നത് അക്രമമല്ലേ? നബി(സ്വ)യുടെ മേലുള്ള ജനാസ നമസ്കാരത്തിൽ സ്ത്രീകൾ പങ്കെടുത്തു എന്ന് നാം കണ്ടു. ആഇശ(റ) മറ്റു പല ജനാസ നമസ്കാരത്തിലും പങ്കെടുത്തതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

**ക്വബ്റടക്കം**

നമസ്കാരത്തിന് ശേഷം നബി(സ്വ)യെ എവിടെ മറമാടണം എന്ന കാര്യത്തിലും സ്വഹാബിമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായി.

ആഇശ(റ)യിൽനിന്ന് നിവേദനം, അവർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ ആത്മാവ് പിടിക്കപ്പെട്ടപ്പോൾ അദ്ദേഹത്തെ മറമാടുന്നതിൽ അവർ അഭിപ്രായവ്യത്യാസത്തിലായി. അപ്പോൾ അബൂബക്ർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി(സ്വ)ൽനിന്ന് ഞാൻ ഒരു കാര്യം കേട്ടിട്ടുണ്ട്. അത് ഞാൻ മറന്നിട്ടില്ല. അദ്ദേഹം പറഞ്ഞു: അല്ലാഹു ഒരു നബിയെയും (ആ നബി) മറവ് ചെയ്യപ്പെടാൻ ഇഷ്ടപ്പെടുന്ന സ്ഥലത്തു വെച്ചല്ലാതെ മരിപ്പിക്കുകയില്ല.'



(അതിനാൽ) അവിടുത്തെ വിരിപ്പുള്ള സ്ഥലത്തുതന്നെ നിങ്ങൾ അദ്ദേഹത്തെ മറവുചെയ്യുവിൻ" (തിർമുദി).

നബി(സ്വ)യുടെ ക്വബ്ർ എവിടെയായിരിക്കണം എന്നതിൽ അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായി. നബി(സ്വ) മക്കയിലാണല്ലോ ജനിച്ചത് അതിനാൽ അവിടെയാകട്ടെ നബി(സ്വ)യുടെ ക്വബ്ർ എന്ന് ചിലർ അഭിപ്രായപ്പെട്ടു. മദീനയിലെ പൊതു മക്ബറയായ ബക്വീഉൽ ഗർക്വദിൽ ആക്കാം എന്ന് വേറെ ചിലരും അഭിപ്രായപ്പെട്ടു. അങ്ങനെ പലരും പല സ്ഥലങ്ങളും അഭിപ്രായപ്പെട്ടെങ്കിലും നബി(സ്വ) പഠിപ്പിച്ച ഒരു കാര്യം അബൂബക്ർ(റ) അവരെ അറിയിക്കുകയാണ്. അഥവാ, അല്ലാഹു ഒരു നബിയുടെ ക്വബ്ർ എവിടെയാകുന്നതാണോ ഇഷ്ടപ്പെടുന്നത് അവിടെ വെച്ചായിരിക്കും അവരുടെ ആത്മാവ് പിടിക്കപ്പെടുക.

ആഇശ(റ)യുടെ വീട്ടിലാണല്ലോ നബി(സ്വ) മരണപ്പെട്ടു കിടക്കുന്നത്. അതിനാൽ അവിടെത്തന്നെ അദ്ദേഹത്തെ മറവുചെയ്യാൻ വേണ്ടി അബൂബക്ർ(റ) കൽപിക്കുകയും സ്വഹാബിമാർ അത് അംഗീകരിക്കുകയും ചെയ്തു. അങ്ങനെ നബി(സ്വ) കിടന്നിരുന്ന വിരിപ്പുനീക്കി അവർ ക്വബ്ർ കുഴിക്കാൻ തീരുമാനിച്ചു.

ക്വബ്ർ ഒരുക്കുന്ന നേരത്തും ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. ആഇശ(റ) പറയുന്നത് കാണുക: "അല്ലാഹുവിന്റെ റസൂൽ(സ്വ) മരണപ്പെട്ടപ്പോൾ (അവിടുത്തെ ക്വബ്ർ) 'ലഹ്ദ്' ആകണോ 'ശക്ക്' ആകണോ എന്ന കാര്യത്തിലും അവർ അഭിപ്രായ വ്യത്യാസത്തിലായി. അവർ ആ കാര്യത്തിൽ (കൂടുതൽ) സംസാരിക്കുന്നതുവരെ (അവർ പരസ്പരം സംസാരിച്ചു). അവരുടെ

**നബി(സ്വ)ക്ക് വേണ്ടിയുള്ള ജനാസ നമസ്കാരത്തിൽ സ്ത്രീകളും പങ്കെടുത്തിരുന്നു എന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ ചില സ്ത്രീകൾ അവരുടെ ബന്ധപ്പെട്ടവർ മരിക്കുമ്പോൾ നമസ്കരിക്കാതെ മാറിനിൽക്കുന്നതും, നമസ്കരിക്കുന്നവരെ ചിലർ അതിൽനിന്ന് തടയുന്നതും കാണാം. ഇതിന് സ്വഹാബിമാരിൽ മാതൃകയില്ല. സ്വന്തം ഉമ്മയോ ഉപ്പയോ മകനോ മകളോ സഹോദരനോ സഹോദരിയോ ഭാര്യയോ ഭർത്താവോ സുഹൃത്തോ മരണപ്പെട്ടാൽ അവരുടെമേൽ അവസാനമായി നിർവഹിക്കപ്പെടുന്ന ജനാസ നമസ്കാരത്തിൽ നിന്ന് സ്ത്രീകളെ തടയുന്നത് അക്രമമല്ലേ? നബി(സ്വ)യുടെ മേലുള്ള ജനാസ നമസ്കാരത്തിൽ സ്ത്രീകൾ പങ്കെടുത്തു എന്ന് നാം കണ്ടു. ആഇശ(റ) മറ്റു പല ജനാസ നമസ്കാരത്തിലും പങ്കെടുത്തതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.**



ശബ്ദം ഉയർന്നു. അപ്പോൾ ഉമർ(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി (സ്വ)ന്റെ അരികിൽവെച്ച് അവിടുന്ന് ജീവിച്ചിരിക്കുകയാണെങ്കിലും മരണപ്പെട്ടവനാണെങ്കിലും നിങ്ങൾ ബഹളം വെക്കരുത്. അങ്ങനെ അവർ ശക്ക് രൂപത്തിൽ ഖബ്ർ കുഴിക്കുന്നവരിലേക്കും ലഹ്ദ് വിധത്തിൽ ഖബ്ർ കുഴിക്കുന്നവരിലേക്കും ആളെ അയച്ചു. അങ്ങനെ ലഹ്ദ് രൂപത്തിൽ കുഴിക്കുന്നയാൾ വന്നു. എന്നിട്ട് അദ്ദേഹം അല്ലാഹുവിന്റെ റസൂലി(സ്വ)ന് വേണ്ടി ലഹ്ദ് കുഴിക്കുകയും പിന്നീട് അവിടുന്ന് മറമാടപ്പെടുകയും ചെയ്തു.

ഖബ്ർ രണ്ടുവിധത്തിലാണ് കുഴിക്കപ്പെടാറുള്ളത്. നമ്മുടെ നാടുപോലെയുള്ള ഉറച്ച മണ്ണുള്ള പ്രദേശത്ത് നേരെ താഴ്ത്തി കുഴിച്ച് മയ്യിത്തിനെ നേരെ താഴെ കിടത്താവുന്ന രൂപത്തിൽ കുഴിക്കുന്ന ഖബ്റുകളാണ് 'ലഹ്ദ്' എന്ന് അറിയപ്പെടുന്നത്. എന്നാൽ മരുഭൂമി പോലെയുള്ള പ്രദേശത്ത് നേരെ താഴ്ത്തി കുഴിയെടുക്കൽ സാധ്യമാകാറില്ല. അതിനാൽ നേരെ താഴ്ത്തി പിന്നീട് ഒരു ഭാഗത്തേക്ക് തുരന്ന് അവിടെ മയ്യിത്തിനെ കിടത്തും. ഈ രൂപത്തിലുള്ള ഖബ്റുകളാണ് ശക്ക് എന്ന പേരിൽ അറിയപ്പെടുന്നത്. നബി(സ്വ)ക്ക് വേണ്ടി ലഹ്ദ് രൂപത്തിലാണ് ഖബ്ർ കുഴിച്ചത് എന്നത് മുകളിലെ ഹദീസിൽ നിന്ന് വ്യക്തമാണ്.

**ഖബ്റിലേക്ക് ഇറക്കിയവർ**

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: 'അബ്ബാസ്, അലി, ഫദ്‌വ്ൽ എന്നിവർ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ ഖബ്റിൽ ഇറങ്ങി. അൻസ്വാറുകളിൽ പെട്ട ഒരാൾ അവിടുത്തെ ലഹ്ദ് ശരിപ്പെടുത്തി. ബദ്ർ ദിവസത്തിൽ ശുഹദാഇന്റെ ഖബ്റുകളാക്കുന്ന ലഹ്ദുകൾ ശരിയാക്കിയ ആളായിരുന്നു അദ്ദേഹം' (ദലാഇലുന്നുബുവ്വഃ).

സ്വാലിഹ് എന്ന് പേരുള്ള ഒരു സ്വഹാബിയും കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നും അഭിപ്രായപ്പെട്ട പണ്ഡിതന്മാർ ഉണ്ട്. അതുപോലെ ശുക്റാനി(റ)ന്റെ കാര്യത്തിലും അഭിപ്രായമുണ്ട്.

**ഖബ്റിന്റെ അടിഭാഗം**

ഇബ്നു അബ്ബാസി(റ)ൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ ഖബ്റിൽ ഒരു ചുവന്ന വിരിപ്പ് വെക്കപ്പെടുകയുണ്ടായി' (മുസ്‌ലിം).

നബി(സ്വ)യുടെ ഖബ്റിൽ ആ വിരിപ്പ് ആരാണ് ഇട്ടതെന്നും, എന്ത് കാരണത്താലാണ് അതിൽ അത് ഇടപ്പെട്ടതെന്നും ഇമാം നവവി(റഹി) ഈ ഹദീസിന്റെ വിശദീകരണത്തിൽ പറയുന്നത് കാണുക:

"നബി(സ്വ)യുടെ അടിമയായിരുന്ന ശുക്റാൻ(റ) ആയിരുന്നു ഈ വിരിപ്പ് അതിൽ ഇട്ടത്. ശുക്റാൻ(റ) നബി(സ്വ)യുടെ ഖബ്റിൽ അത് ഇടാനുണ്ടായ കാരണമായി അവിടുത്തെ വഫാത്തിന് ശേഷം അത് വേറൊരാൾ അണിയുന്നത് ഞാൻ വെറുക്കുന്നു എന്ന് അദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്. ശാഫിഈയും നമ്മുടെ അനുയായികളായ എല്ലാ പണ്ഡിതന്മാരും അവരല്ലാത്തവരും വിരിയോ വടിയോ അതുപോലുള്ള മറ്റുവല്ലതുമോ ഖബ്റിൽ മയ്യിത്തിന് താഴെ വെക്കൽ കറാഹത്താണ് എന്നത് ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ അനുചരന്മാരിൽപ്പെട്ട ബഗവി അദ്ദേഹത്തിന്റെ 'അത്തഹ്ദീബി'ൽ ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ അത് കുഴപ്പമില്ലെന്ന് ഒറ്റപ്പെട്ട അഭിപ്രായമായി പറഞ്ഞിട്ടുണ്ട്. (എന്നാൽ) ഭൂരിപക്ഷം പണ്ഡിതരും അത് കറാഹത്താണ് എന്ന് പറഞ്ഞതാണ് ശരിയായ (നിലപാട്). ഈ ഹദീസിന് അവർ മറുപടി പറയുകയും ചെയ്തു: അത് ശുക്റാനി(റ)ന്റെ ഒറ്റ

**നബി(സ്വ)യുടെ ഖബ്ർ എവിടെയായിരിക്കണം എന്നതിൽ അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായി. നബി(സ്വ) മക്കയിലാണല്ലോ ജനിച്ചത് അതിനാൽ അവിടെയാകട്ടെ നബി(സ്വ)യുടെ ഖബ്ർ എന്ന് ചിലർ അഭിപ്രായപ്പെട്ടു. മദീനയിലെ പൊതു മഖ്ബറയായ ബഖീഉൽ ഗർഖദിൽ ആക്കാം എന്ന് വേറെ ചിലരും അഭിപ്രായപ്പെട്ടു. അങ്ങനെ പലരും പല സ്ഥലങ്ങളും അഭിപ്രായപ്പെട്ടെങ്കിലും നബി(സ്വ) പഠിപ്പിച്ച ഒരു കാര്യം അബൂബക്ർ(റ) അവരെ അറിയിക്കുകയാണ്. അഥവാ, അല്ലാഹു ഒരു നബിയുടെ ഖബ്ർ എവിടെയാകുന്നതാണോ ഇഷ്ടപ്പെടുന്നത് അവിടെ വെച്ചായിരിക്കും അവരുടെ ആത്മാവ് പിടിക്കപ്പെടുക. ആഇശ(റ)യുടെ വീട്ടിലാണല്ലോ നബി(സ്വ) മരണപ്പെട്ടു കിടക്കുന്നത്. അതിനാൽ അവിടെത്തന്നെ അദ്ദേഹത്തെ മറവുചെയ്യാൻ വേണ്ടി അബൂബക്ർ(റ) കൽപിക്കുകയും സ്വഹാബിമാർ അത് അംഗീകരിക്കുകയും ചെയ്തു.**

പ്പെട്ട പ്രവൃത്തിയാകുന്നു. അദ്ദേഹമല്ലാത്ത ഒരു സ്വഹാബിയും അദ്ദേഹത്തോട് യോജിക്കുകയോ അവർ അത് ചെയ്യുകയോ ചെയ്തിട്ടില്ല" (ശർഹു മുസ്‌ലിം).

ശുക്റാനി(റ)ന്റെ ഈ പ്രവൃത്തി കാരണത്താലാണ് നബി(സ്വ)യുടെ ക്വബ്റിലേക്ക് അദ്ദേഹവും ഇറങ്ങിയിരുന്നു എന്ന് ചില പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

ഈ സംഭവത്തെ ഒരാളുടെയും ക്വബ്റിൽ വിരിപ്പോ മറ്റോ വെക്കാൻ തെളിവാക്കാവതല്ല. അതുപോലെ ക്വബ്റിന്റെ മുകളിൽ പട്ടും മറ്റും വിരിക്കുന്ന നമ്മുടെ നാട്ടിലെ ചിലരുടെ ചെയ്തികൾക്കും ഇത് രേഖയാക്കാവതല്ല. ചിലയാളുകൾ ജാറം മൂടാൻ ഈ ഹദീസ് തെളിവാക്കാറുണ്ട്. അത് തികച്ചും ദുർവ്യാഖ്യാനമാണെന്നത് ആർക്കും മനസ്സിലാകും. അതുപോലെ ഇത് നബി(സ്വ)ക്ക് മാത്രം പ്രത്യേകമായിട്ടുള്ളതാകുന്നു.

**മറമാടൽ പൂർത്തിയാകുന്നു**

ആഇശ(റ)യിൽനിന്ന് നിവേദനം, അവർ പറഞ്ഞു: "അല്ലാഹുവാണെ സത്യം, ബുധനാഴ്ച അർധരാത്രിയിൽ മൺവെട്ടിയുടെ ശബ്ദം ഞങ്ങൾ കേൾക്കുന്നതുവരെ അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ മറമാടൽ (കഴിഞ്ഞത്) ഞങ്ങൾ മനസ്സിലാക്കിയിരുന്നില്ല" (സുനനുൽ കുബ്റാ).

തിങ്കളാഴ്ച ദിവസം മരണപ്പെട്ട നബി(സ്വ)യെ മറമാടുന്നത് ബുധനാഴ്ചയായിരുന്നു. അത് അവസാനിക്കുന്നത് അന്ന് രാത്രിയിലുമായിരുന്നു. അങ്ങനെ ക്വബ്റടക്കം കഴിഞ്ഞ് ആളുകൾ തിരിച്ചുവന്നു. നബി(സ്വ)യുടെ മകൾ ഫാത്വിമ(റ) സങ്കടത്താൽ അനസി(റ)നോട് ചോദിച്ചു: 'അനസേ, അല്ലാഹുവിന്റെ റസൂലി(സ്വ)ന്റെ മേൽ മണ്ണ് വാരിടാൻ നിങ്ങൾക്ക് എങ്ങനെ മനസ്സ് വന്നു?'

**സ്വഹാബിമാർക്കിടയിൽ അവിടുന്ന് മരണപ്പെട്ടതിന് ശേഷം മറമാടുന്നതുവരെ പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായത് നാം കണ്ടു. ഈ സന്ദർഭത്തിലൊന്നും തന്നെ സ്വഹാബിമാർ മരണപ്പെട്ട് കിടക്കുന്ന നബി(സ്വ)യോട് പരിഹാരം തേടിയത് നമുക്ക് കാണാൻ സാധ്യമല്ല. നബി(സ്വ)യുടെ മുഅ്ജിസത്തിൽ വിശ്വാസമില്ലാത്തതിനാലാണോ സ്വഹാബിമാർ അവിടുത്തോട് സഹായം തേടാതിരുന്നത്? ഇന്ന് ചിലർ നബി(സ്വ)യെക്കുറിച്ച് വിശ്വസിക്കുന്നത്; നബി(സ്വ) ക്വബ്റിൽ കിടന്ന് നമ്മെ കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നു എന്നാണ്. അദ്ദേഹത്തെ വിളിച്ചാൽ നമ്മെ സഹായിക്കുമെന്ന് ഇക്കൂട്ടർ വാദിക്കുന്നു. എന്നാൽ സ്വഹാബിമാർ വിശ്വസിച്ചതുപോലെയാണ് എല്ലാ കാര്യങ്ങളും നാം വിശ്വസിക്കേണ്ടത്. സ്വഹാബിമാർ നബി(സ്വ)യെ സംബന്ധിച്ച് എപ്രകാരമാണോ വിശ്വസിച്ചത് അതേ രൂപത്തിൽ തന്നെയാണ് നാം വിശ്വസിക്കേണ്ടത്. എന്നാൽ സ്വഹാബിമാർ വിശ്വസിച്ചത് പോലെയാണ് വിശ്വസിക്കേണ്ടത് എന്ന് പറയുമ്പോൾ അവർ അതിനെ അവഹേളിക്കുകയും തങ്ങളുടെ പരമ്പരാഗത വിശ്വാസങ്ങൾ പിന്തുടരുകയും ചെയ്യുന്നു.**

**അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ**

സ്വഹാബിമാർക്കിടയിൽ അവിടുന്ന് മരണപ്പെട്ടതിന് ശേഷം മറമാടുന്നതുവരെ പല അഭിപ്രായവ്യത്യാസങ്ങളും ഉണ്ടായത് നാം കണ്ടു. ഈ സന്ദർഭത്തിലൊന്നും തന്നെ സ്വഹാബിമാർ മരണപ്പെട്ട് കിടക്കുന്ന നബി(സ്വ)യോട് പരിഹാരം തേടിയത് നമുക്ക് കാണാൻ സാധ്യമല്ല. നബി(സ്വ)യുടെ മുഅ്ജിസത്തിൽ വിശ്വാസമില്ലാത്തതിനാലാണോ സ്വഹാബിമാർ അവിടുത്തോട് സഹായം തേടാതിരുന്നത്?

ഇന്ന് ചിലർ നബി(സ്വ)യെക്കുറിച്ച് വിശ്വസിക്കുന്നത്; നബി(സ്വ) ക്വബ്റിൽ കിടന്ന് നെമ്മ കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നു എന്നാണ്. അദ്ദേഹത്തെ വിളിച്ചാൽ നമ്മെ സഹായിക്കുമെന്ന് ഇക്കൂട്ടർ വാദിക്കുന്നു. എന്നാൽ സ്വഹാബിമാർ വിശ്വസിച്ചതുപോലെയാണ് എല്ലാ കാര്യങ്ങളും നാം വിശ്വസിക്കേണ്ടത്. സ്വഹാബിമാർ നബി(സ്വ)യെ സംബന്ധിച്ച് എപ്രകാരമാണോ വിശ്വസിച്ചത് അതേ രൂപത്തിൽ തന്നെയാണ് നാം വിശ്വസിക്കേണ്ടത്. എന്നാൽ സ്വഹാബിമാർ വിശ്വസിച്ചത് പോലെയാണ് വിശ്വസിക്കേണ്ടത് എന്ന് പറയുമ്പോൾ അവർ അതിനെ അവഹേളിക്കുകയും തങ്ങളുടെ പരമ്പരാഗത വിശ്വാസങ്ങൾ പിന്തുടരുകയും ചെയ്യുന്നു. കപടവിശ്വാസികളോട് സ്വഹാബിമാർ വിശ്വസിച്ചതുപോലെ വിശ്വസിക്കൂ എന്ന് പറഞ്ഞാൽ ആ പറഞ്ഞവരെ വിഡ്ഢികളായിട്ടാണ് അവർ കണ്ടിരുന്നത്. ചുരുക്കത്തിൽ ചരിത്രത്തിലെ ആവർത്തനം എന്നേ ഇക്കൂട്ടരുടെ പ്രവർത്തനത്തെക്കുറിച്ച് നമുക്ക് പറയാനുള്ളൂ.



നബി(സ്വ) വഫാത്തായി എത്രയോ നൂറ്റാണ്ട് കഴിഞ്ഞ് ജനിച്ച രിഫാഈ ശൈഖ് എന്ന് പറയുന്ന ഒരു വ്യക്തി നബി(സ്വ)യുടെ ക്വബ്റിന്റെ അടുത്തുചെന്ന് അദ്ദേഹത്തെ വിളിച്ചപ്പോൾ നബി(സ്വ) ക്വബ്റിൽ നിന്ന് കൈ പുറത്തേക്കിടുകയും രിഫാഈ ശൈഖ് അവിടുത്തെ കൈമുത്തിയെന്നുമെല്ലാം പ്രചരിപ്പിക്കുന്നവരുണ്ട്. രിഫാഈ ശൈഖ് നബി(സ്വ)യുടെ ക്വബ്റിന്റെ അടുത്ത് ചെന്ന് ഇങ്ങനെ പാടിയത്രെ:

“ദൂരത്ത് നിൽക്കുന്ന അവസ്ഥയിൽ ഞാൻ എന്റെ ആത്മാവിനെയാണ് അയക്കാറ്. ഇപ്പോഴിതാ ഞാൻ റൂഹോടുകൂടി ഹാജറായിരിക്കുന്നു. അതിനാൽ അങ്ങയുടെ കരങ്ങൾ എന്റെ ചുണ്ടുകൾകൊണ്ട് ചുംബിക്കാനായി ഒന്നു നീട്ടിത്തരൂ...”

രിഫാഈ ശൈഖ് ഇപ്രകാരം പാടിയപ്പോഴേക്ക് നബി(സ്വ) ക്വബ്റിൽനിന്ന് കൈകൾ പുറത്തേക്കിട്ടു എന്നും, അതല്ല നബി(സ്വ) ക്വബ്റിൽനിന്നും പുറത്തേക്ക് ഇറങ്ങിവന്ന് അദ്ദേഹത്തെ കെട്ടിപ്പിടിച്ച് തിരിച്ചു പോയി എന്നുമൊക്കെ ഇവർ പ്രചരിപ്പിക്കുന്നു. ചിന്തിക്കുക! സ്വഹാബിമാർ നബി(സ്വ)യെ കുറിച്ച് ഈ വിധത്തിൽ വിശ്വസിച്ചിരുന്നോ? ഇങ്ങനെ ചെയ്തിരുന്നോ? നബി(സ്വ) ഏറെ സ്നേഹിച്ച ആളുകളായിരുന്നല്ലോ സ്വഹാബിമാർ. അവരിൽ അബൂബക്ർ(റ), ഉമർ(റ) തുടങ്ങിയ മഹാന്മാരുണ്ട്. അവിടുത്തെ ഭാര്യമാരുണ്ട്; മകളുണ്ട്. ഇവരിലേക്കൊന്നും തന്നെ നബി(സ്വ) ക്വബ്റിൽനിന്നും പുറത്ത് വന്നിട്ടില്ല. അവരാരും രിഫാഈ ശൈഖിനെ പോലെ പാടുകയോ ചോദിക്കുകയോ ചെയ്തിട്ടുമില്ല.

എഴുപതിലേറെ തവണ നബി(സ്വ)യെ ഉണർച്ചയിൽ നേരിട്ട് കാണാനും സംസാരിക്കാനും സുയൂത്വി എന്ന പണ്ഡിതന് സാധിച്ചിട്ടുണ്ട് പോലും! അൽഇർഫാദ് മാസികയിൽ എഴുതുന്നത് കാണുക: “ലോകത്ത് എവിടെനിന്ന് പ്രവാചകനെ വിളിച്ചാലും ഉത്തരം ലഭിക്കും. നബിതങ്ങൾക്ക് വരാനും കാണാനും ഉത്തരം നൽകാനും കഴിയില്ലെന്ന വാദം റബ്ബിന്റെ കഴിവിനെ ചോദ്യം ചെയ്യലാകുന്നു.” ഈ വരികളിൽനിന്ന് ഈ മാസികക്കാർക്ക് അല്ലാഹു ആരാണെന്നോ റസൂൽ ആരാണെന്നോ അറിയില്ല എന്നാണ് മനസ്സിലാകുന്നത്. അല്ലെങ്കിൽ അവർ പ്രവാചകന്റെ പേരിൽ പച്ചക്കള്ളം പറയുകയാണ്.

**നബി(സ്വ) വഫാത്തായി എത്രയോ നൂറ്റാണ്ട് കഴിഞ്ഞ് ജനിച്ച രിഫാഈ ശൈഖ് എന്ന് പറയുന്ന ഒരു വ്യക്തി നബി(സ്വ)യുടെ ക്വബ്റിന്റെ അടുത്തുചെന്ന് അദ്ദേഹത്തെ വിളിച്ചപ്പോൾ നബി(സ്വ) ക്വബ്റിൽ നിന്ന് കൈ പുറത്തേക്കിടുകയും രിഫാഈ ശൈഖ് അവിടുത്തെ കൈമുത്തിയെന്നുമെല്ലാം പ്രചരിപ്പിക്കുന്നവരുണ്ട്. ചിന്തിക്കുക! സ്വഹാബിമാർ നബി(സ്വ)യെ കുറിച്ച് ഈ വിധത്തിൽ വിശ്വസിച്ചിരുന്നോ? ഇങ്ങനെ ചെയ്തിരുന്നോ? നബി(സ്വ) ഏറെ സ്നേഹിച്ച ആളുകളായിരുന്നല്ലോ സ്വഹാബിമാർ. അവരിൽ അബൂബക്ർ(റ), ഉമർ(റ) തുടങ്ങിയ മഹാന്മാരുണ്ട്. അവിടുത്തെ ഭാര്യമാരുണ്ട്; മകളുണ്ട്. ഇവരിലേക്കൊന്നും തന്നെ നബി(സ്വ) ക്വബ്റിൽ നിന്നും പുറത്ത് വന്നിട്ടില്ല. അവരാരും രിഫാഈ ശൈഖിനെ പോലെ പാടുകയോ ചോദിക്കുകയോ ചെയ്തിട്ടുമില്ല.**

### ഇസ്‌ലാമിക വിശ്വാസം എന്ത്?

നബി(സ്വ) മരണപ്പെട്ടു. ഇനി ക്വബ്റിൽനിന്ന് അന്ത്യനാളിൽ മഹ്ശറിലേക്ക് മാത്രമെ എഴുന്നേറ്റു വരികയുള്ളൂ. അതാണ് നബി(സ്വ) നമ്മെ പഠിപ്പിക്കുന്നത്:

“അന്ത്യനാളിൽ ആദം സന്തതികളുടെ നേതാവും, ആദ്യമായി ക്വബ്ർ പിളർന്ന് വരുന്നവനും, ആദ്യമായി ശുപാർശ ചെയ്യുന്നവനും, ആദ്യമായി ശുപാർശ സ്വീകരിക്കപ്പെടുന്നവനും ഞാനായിരിക്കും” (മുസ്‌ലിം).

### നബി(സ്വ)യുടെ ക്വബ്ർ

നബി(സ്വ)യുടെ ക്വബ്ർ കുഴിച്ചതും അതിന്റെ രൂപവുമെല്ലാം നാം മനസ്സിലാക്കി. അവിടുത്തെ ക്വബ്ർ ഭൂമിയിൽനിന്നും ഒരു ചാൺ മാത്രമെ ഉയർത്തിയിട്ടുള്ളൂ. എന്നിട്ട് അതിനുമുകളിൽ ചുവന്ന ചരൽകല്ലുകൾ പാകുകയും ചെയ്തു.

നബി(സ്വ)യുടെ ക്വബ്റിന് മുകളിൽ കാണുന്ന ക്വുബ്ബ കാണിച്ച്



ഖബ്റിന് മുകളിൽ എടുപ്പുണ്ടാക്കാം എന്ന് ഒരുകൂട്ടർ വാദിക്കുന്നു. നബിമാർ എവിടെയാണോ മരിക്കുന്നത് അവിടെയാണ് അവരുടെ ഖബ്ർ വരേണ്ടത് എന്നത് നാം മനസ്സിലാക്കിയല്ലോ. നബി(സ്വ) ആഇശ (റ)യുടെ വീട്ടിൽ വെച്ചാണല്ലോ മരണപ്പെട്ടത്. അതിനാൽ അവിടുത്തെ ഖബ്ർ അവിടെ ആകുകയും ചെയ്തു. ആഇശ(റ)യുടെ വീട് മദീനാ പള്ളിയോട് ചേർന്നായിരുന്നു എന്നതും നാം മനസ്സിലാക്കി. പിൽക്കാലത്ത് പള്ളി വികസിപ്പിക്കേണ്ടി വന്നു. അപ്പോൾ ആഇശ(റ)യുടെ വീടും പള്ളിക്ക് അകത്തായി. അങ്ങനെ ഖബ്ർ ഉൾകൊള്ളുന്ന വീട് പള്ളിക്ക് അകത്തായി. നബി(സ്വ)യുടെ കാലത്ത് പള്ളിയും വീടും വേറെത്തന്നെയായിരുന്നു. നബി(സ്വ)യുടെ മകൾ ഫാത്വിമ(റ)യോ ഉറ്റ സുഹൃത്ത് അബൂബക്റോ(റ) മദീനാ പള്ളിയുടെ ഉള്ളിലായി ആഇശ(റ)യുടെ വീട് കണ്ടിട്ടില്ല; ഒരു സ്വഹാബിയും അപ്രകാരം കണ്ടിട്ടില്ല.

‘അല്ലാഹുവേ, എന്റെ ഖബ്ർ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതേ’ എന്ന് നബി(സ്വ) മരണപ്പെടുന്നതിന് മുമ്പേ പ്രാർഥിച്ചിരുന്നു. ഈ പ്രാർഥനയുടെ ഫലമായിട്ടുകൂടിയാണ് നബി(സ്വ)യുടെ ഖബ്ർ ആഇശ(റ)യുടെ വീടിന് അകത്തായത്.

ആഇശ(റ)യിൽനിന്ന് നിവേദനം: “അവിടുന്ന് പറഞ്ഞു: ‘അല്ലാഹു ജൂത-നസ്വാറാക്കളെ ശപിച്ചിരിക്കുന്നു. അവർ അവരുടെ നബിമാരുടെ ഖബ്റുകളെ സുജൂദിന്റെ സ്ഥലങ്ങളാക്കി.’ അവർ (ആഇശ) പറഞ്ഞു: ‘അത് ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ഖബ്ർ വെളിവാക്കുമായിരുന്നു. തന്റെ ഖബ്ർ അപ്രകാരം സ്വീകരിക്കപ്പെടുന്നത് അവിടുന്ന് ഭയപ്പെട്ടതാണ് (ഇപ്രകാരം പറയാൻ കാരണം).’ ഇബ്നു അബീ ശയ്ബയുടെ റിപ്പോർട്ടിൽ ‘അവിടുന്ന് അത് പറഞ്ഞിട്ടില്ലായിരുന്നെങ്കിൽ (അത് വെളിവാക്കുമായിരുന്നു എന്നാണുള്ളത്)” (മുസ്ലിം).



സ്വഹാബിമാരുടെ കാലശേഷം ഹിജ്റ 88ൽ വലീദ് ഇബ്നു അബ്ദിൽ മലിക് എന്ന രാജാവിന്റെ കാലത്താണ് മസ്ജിദുന്നബവിയുടെ വികസനത്തിന്റെ പേരിൽ ആ ഭാഗം പള്ളിയിലേക്ക് ചേർക്കപ്പെട്ടത്. അപ്പോഴും നബി(സ്വ)യുടെ ഖബ്റിന് മുകളിൽ ഒരു ഖുബ്ബയോ മറ്റോ എടുത്തിരുന്നില്ല. എന്നാൽ അതിലേക്ക് തിരിഞ്ഞ് പ്രാർഥിക്കാതിരിക്കുവാനും കാണാതിരിക്കുവാനും രണ്ടോ മൂന്നോ ചുറ്റുമതിലുകളാൽ അതിനെ മറച്ചു. അന്നു മുതൽ നബി(സ്വ)യുടെ ഖബ്ർ കാണാൻ പറ്റാത്തവിധം ആക്കിയിട്ടുണ്ട്. വലീദ് അപ്രകാരം ചെയ്തപ്പോഴും അക്കാലത്തുണ്ടായിരുന്ന ഫുഖഹാക്കളും മറ്റും എതിർക്കുകയും ചെയ്തിരുന്നു. പക്ഷേ, അധികാര സ്വാധീനത്താൽ വലീദ് അത് നടപ്പിൽ വരുത്തി. സഈദ് ഇബ്നുൽ മുസ്വയ്യിബ്(റഹി) അന്ന് കരഞ്ഞിരുന്നു എന്ന് ഈ ചരിത്രത്തെ സംബന്ധിച്ചുള്ള വിവരണത്തിൽ നമുക്ക് കാണാവുന്നതാണ്.

**‘അല്ലാഹുവേ, എന്റെ ഖബ്ർ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതേ’ എന്ന് നബി(സ്വ) മരണപ്പെടുന്നതിന് മുമ്പേ പ്രാർഥിച്ചിരുന്നു. ഈ പ്രാർഥനയുടെ ഫലമായിട്ടുകൂടിയാണ് നബി(സ്വ)യുടെ ഖബ്ർ ആഇശ(റ)യുടെ വീടിന് അകത്തായത്. ആഇശ(റ)യിൽനിന്ന് നിവേദനം: “അവിടുന്ന് പറഞ്ഞു: ‘അല്ലാഹു ജൂത-നസ്വാറാക്കളെ ശപിച്ചിരിക്കുന്നു. അവർ അവരുടെ നബിമാരുടെ ഖബ്റുകളെ സുജൂദിന്റെ സ്ഥലങ്ങളാക്കി.’ അവർ (ആഇശ) പറഞ്ഞു: ‘അത് ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ഖബ്ർ വെളിവാക്കുമായിരുന്നു. തന്റെ ഖബ്ർ അപ്രകാരം സ്വീകരിക്കപ്പെടുന്നത് അവിടുന്ന് ഭയപ്പെട്ടതാണ് (ഇപ്രകാരം പറയാൻ കാരണം).’ ഇബ്നു അബീ ശയ്ബയുടെ റിപ്പോർട്ടിൽ ‘അവിടുന്ന് അത് പറഞ്ഞിട്ടില്ലായിരുന്നെങ്കിൽ (അത് വെളിവാക്കുമായിരുന്നു എന്നാണുള്ളത്)’’ (മുസ്ലിം).**

ഹിജ്റ 654ൽ ഒരു തീപിടുത്തം ഉണ്ടായി. അന്ന് വലിയ നാശനഷ്ടങ്ങൾ മദീനയിൽ ഉണ്ടായി. പള്ളിയിലെ മിമ്പറും വാതിലുകളുമെല്ലാം കത്തിക്കരിഞ്ഞു. നബി(സ്വ)യുടെ ഖബ്റുള്ള ഹുജ്റയുടെ ചുമരുകൾക്ക് വരെ കേടുപാടുകൾ സംഭവിച്ചു. 678 വരെ ഖുബ്ബ ഉണ്ടായിരുന്നില്ല. അന്ന് ഉണ്ടായിരുന്ന മൻസൂർ ഖലാവൂൻ ഖുബ്ബ പണിയുകയും അതിന് നീലനിറം നൽകുകയും ചെയ്തു. പിന്നീട് ഹിജ്റ 1233ൽ സുൽത്വാൻ മഹ്മൂദ് ഇബ്നു സുൽത്വാൻ അബ്ദുൽമജീദ് ഖുബ്ബക്ക് പച്ചനിറം നൽകി. പിൽക്കാലത്ത് അതിൽ പല പദ്യങ്ങളും രേഖപ്പെടുത്തപ്പെട്ടു. ഇസ്ലാം ഇതിനൊന്നും ഉത്തരവാദിയല്ല. ഇതാണ് നബി (സ്വ)യുടെ ഖബ്റുമായി ബന്ധപ്പെട്ട് നാം മനസ്സിലാക്കേണ്ടത്. ചിലർ അവിടുത്തെ ഖബ്ർ കെട്ടിപ്പൊക്കിയിട്ടുണ്ടെന്ന് പറഞ്ഞ് ചില വ്യാജഫോട്ടോകൾ കൊണ്ടുനടക്കാറുണ്ട്. എന്നാൽ ഒരു കാലത്തും നബി(സ്വ)യുടെ ഖബ്ർ കെട്ടിപ്പൊക്കുകയോ അതിന് സിമന്റിടുകയോ ഒന്നും ചെയ്തിട്ടില്ല. നബി(സ്വ)യുടെ ഖബ്ർ കണ്ട സ്വഹാബിമാർ പോലും സാക്ഷ്യം വഹിച്ചത് അവിടുത്തെ ഖബ്ർ ഒരു ചാൺ മാത്രമെ ഭൂമിയിൽനിന്നും ഉയർത്തിയിട്ടുള്ളൂ എന്നാണ്.

***(അവസാനിച്ചു)***




# പ്രഭാഷകന്റെ പാഥേയം


ദുൽക്കർഷാൻ അലനല്ലൂർ
: 9447745299

**4. വിഷയത്തെക്കുറിച്ചുള്ള ചിന്ത**

ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കുന്നതിന് മുമ്പ് അതിനെക്കുറിച്ച് നന്നായി ചിന്തിക്കണം. അതിൽ പറയാവുന്ന ഏരിയയും പറയാൻ പാടില്ലാത്ത ഏരിയയും ഏതൊക്കെയെന്ന് തീരുമാനിക്കണം. വലിയ പ്രത്യാഘാതങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കുന്ന സംസാരം നടത്തലല്ല ഒരു നല്ല പ്രഭാഷണത്തിന്റെ ലക്ഷണം.

മുഹമ്മദ് നബി(സ്വ) തന്റെ അനുചരനായ മുആദുബ്നു ജബലി(റ)നെ യമനിലേക്ക് അയക്കുമ്പോൾ അദ്ദേഹത്തിന് നൽകിയ ഉപദേശം പ്രസിദ്ധമാണ്. നബി(സ്വ) അദ്ദേഹത്തോട് പറഞ്ഞു: "വേദഗ്രന്ഥം നൽകപ്പെട്ട ഒരു ജനതയിലേക്കാണ് താങ്കൾ പോകുന്നത്..." (ബുഖാരി)

മുആദ്(റ) അയക്കപ്പെടുന്ന ജനതയെക്കുറിച്ച് കൃത്യമായ അറിവ് നൽകുകയായിരുന്നു നബി(സ്വ). ഇതാവണം നമുക്കും മാതൃക. നാം പ്രസംഗത്തിന് എഴുന്നേറ്റ് നിൽക്കുമ്പോൾ നമ്മെ കേൾക്കാനിരിക്കുന്ന ജനങ്ങളെക്കുറിച്ചുള്ള ഏകദേശ ധാരണ നമുക്കുണ്ടാവണം. പ്രബോധിതസമൂഹത്തെക്കുറിച്ച് ധാരണയില്ലാതെ സംസാരിച്ചാൽ അതുകൊണ്ടുണ്ടാകുന്ന അനന്തരഫലം പ്രഭാഷകനെ മാത്രമല്ല ബാധിക്കുക; മറിച്ച്



ആ നാടിനെയും സംഘാടകരെയും ഏതു പാർട്ടിക്ക്/സംഘടനക്ക് കീഴിലാണോ പ്രഭാഷണം സംഘടിപ്പിക്കപ്പെട്ടത് അതിനെയുമെല്ലാം അത് ബാധിക്കും.

വിഷയം ഏതു രൂപത്തിൽ അവതരിപ്പിച്ചാലാണ് ജനങ്ങൾക്ക് സ്വീകാര്യമാവുക, മനസ്സിലാവുക എന്നൊക്കെ പ്രസംഗകൻ ചിന്തിക്കേണ്ടതുണ്ട്. എങ്കിലേ പ്രസംഗം വിജയകരമാക്കാൻ സാധിക്കൂ. വിഷയം തത്ത്വദീക്ഷ(ഹിക്മത്ത്)യോടും ഗുണകാംക്ഷയോടും കൂടി അവതരിപ്പിക്കണം.


ഇബ്‌റാഹീം നബി(അ)യുടെ ചരിത്രം വിശുദ്ധ ക്വുർആൻ നമുക്ക് പഠിപ്പിച്ച് തരുന്നുണ്ട്. അദ്ദേഹം സ്വന്തം പിതാവിനെ അഭിസംബോധന ചെയ്യുന്ന രീതി കാണുക:

"അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ പിതാവേ, കേൾക്കുകയോ, കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നു കിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചു തരാം. എന്റെ പിതാവേ, താങ്കൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും പിശാച് പരമകാരുണികനോട് അനുസരണമില്ലാത്തവനാകുന്നു. എന്റെ പിതാവേ, തീർച്ചയായും പരമകാരുണികനിൽനിന്നുള്ള വല്ല ശിക്ഷയും താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ താങ്കൾ പിശാചിന്റെ മിത്രമായി രിക്കുന്നതാണ്'' (19:42-45).

നോക്കൂ, ഇബ്‌റാഹീം നബി (അ) തന്റെ പിതാവ് വഴികേടിലാണെന്നും, അദ്ദേഹം ചെയ്യുന്നത് ഗുരുതരമായ തെറ്റാണെന്നു ബോധ്യപ്പെട്ടിട്ടും അദ്ദേഹം സ്നേഹവും വിനയവും കൈവിടാതെ 'എന്റെ പിതാവേ' എന്നാണ് അഭിസംബോധന ചെയ്തത്.

തന്റെ സദസ്സിലുള്ളവരിൽ അല്ലാഹുവിൽ പങ്കുചേർക്കുന്നവരും പ്രവാചകചര്യക്ക് വിപരീതമായി പുത്തനാചാരങ്ങൾ ചെയ്യുന്നരും ഇതൊന്നുമല്ലാത്ത വൻപാപങ്ങൾ ചെയ്യുന്നവരും ഉണ്ടാകും. ചെറിയ ഒരു വിഭാഗമെങ്കിലും അല്ലാഹുവിനെ സൂക്ഷിച്ചും, പ്രവാചക ചര്യകൾ അനുധാവനം ചെയ്തും അല്ലാഹുവിനെ ഭയപ്പെട്ടും തിന്മകൾ വർജിച്ചും ജീവിക്കുന്നവരുമുണ്ടാകാം. ഇതൊന്നും പരിഗണിക്കാതെ സദസ്യരിൽ ചിലരെ കോരിത്തരിപ്പിക്കാനും മറ്റു ചിലരെ വ്യണപ്പെടുത്താനും ഉതകുന്ന പ്രസംഗങ്ങളുടെ അനന്തരഫലം നാം വിലയിരുത്തേണ്ടതുണ്ട്. അത്തരം പ്രസംഗങ്ങൾ രാഷ്ട്രീയ രംഗത്താണെങ്കിലും മതരംഗത്താണെങ്കിലും വിപരീതഫലമാണുണ്ടാക്കുക എന്നതിൽ സംശയമില്ല.

**നാം പ്രസംഗത്തിന് എഴുന്നേറ്റ് നിൽക്കുമ്പോൾ നമ്മെ കേൾക്കാനിരിക്കുന്ന ജനങ്ങളെക്കുറിച്ചുള്ള ഏകദേശ ധാരണ നമുക്കുണ്ടാവണം. പ്രബോധിതസമൂഹത്തെക്കുറിച്ച് ധാരണയില്ലാതെ സംസാരിച്ചാൽ അതുകൊണ്ടുണ്ടാകുന്ന അനന്തരഫലം പ്രഭാഷകനെ മാത്രമല്ല ബാധിക്കുക; മറിച്ച് ആ നാടിനെയും സംഘാടകരെയും ഏതു പാർട്ടിക്ക്/സംഘടനക്ക് കീഴിലാണോ പ്രഭാഷണം സംഘടിപ്പിക്കപ്പെട്ടത് അതിനെയുമെല്ലാം അത് ബാധിക്കും.**



**തന്റെ സദസ്സിലുള്ളവരിൽ അല്ലാഹുവിൽ പങ്കുചേർക്കുന്നവരും പ്രവാചകചര്യക്ക് വിപരീതമായി പുത്തനാചാരങ്ങൾ ചെയ്യുന്നവരും ഇതൊന്നുമല്ലാത്ത വൻപാപങ്ങൾ ചെയ്യുന്നവരും ഉണ്ടാകും. ചെറിയ ഒരു വിഭാഗമെങ്കിലും അല്ലാഹുവിനെ സൂക്ഷിച്ചും, പ്രവാചക ചര്യകൾ അനുധാവനം ചെയ്തും അല്ലാഹുവിനെ ഭയപ്പെട്ടും തിന്മകൾ വർജിച്ചും ജീവിക്കുന്നവരുമുണ്ടാകാം. ഇതൊന്നും പരിഗണിക്കാതെ സദസ്യരിൽ ചിലരെ കോരിത്തരിപ്പിക്കാനും മറ്റു ചിലരെ വ്യണപ്പെടുത്താനും ഉതകുന്ന പ്രസംഗങ്ങളുടെ അനന്തരഫലം നാം വിലയിരുത്തേണ്ടതുണ്ട്. അത്തരം പ്രസംഗങ്ങൾ രാഷ്ട്രീയരംഗത്താണെങ്കിലും മതരംഗത്താണെങ്കിലും വിപരീതഫലമാണുണ്ടാക്കുക എന്നതിൽ സംശയമില്ല.**

ചിക്കാഗോയിൽ വെച്ച് സ്വാമി വിവേകാനന്ദൻ സദസ്യരെ അഭിസംബോധന ചെയ്തത് 'അമേരിക്കയിലെ സഹോദരീ സഹോദരൻമാരേ' എന്നായിരുന്നു. ഈ സംബോധന അമേരിക്കക്കാർക്ക് അപരിചിതമായിരുന്നു. അദ്ദേഹത്തിന്റെ ഈ വിളിയിലൂടെ ഇന്ത്യയുടെ മാഹാത്മ്യം ലോകം തിരിച്ചറിയുകയായിരുന്നു. അന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗം ലോകത്ത് വാഴ്ത്തപ്പെട്ടു. പാശ്ചാത്യരുടെ മനസ്സിൽ നല്ലൊരിടം അദ്ദേഹത്തിന്റെ പ്രസംഗത്തിന് ലഭിച്ചു.

പ്രസംഗ സ്ഥലത്തെ ആളുകളെക്കുറിച്ച് ഒരു വിവരാന്വേഷണം നടത്തുന്നത് നന്നായിരിക്കും. അതിനനുസരിച്ച് എന്തു പ്രസംഗിക്കണം എന്ന് കൃത്യമായി തീരുമാനമെടുക്കണം. പ്രസംഗിക്കാനുള്ള നോട്ട് തയ്യാറാക്കിയിട്ടായിരിക്കണം പ്രസംഗിക്കേണ്ടത്. അല്ലാത്തപക്ഷം ജീവിത കാലയളവിൽ വായിച്ചതും കേട്ടതുമായ സർവ കാര്യങ്ങളും പ്രസംഗത്തിൽ വന്നുപോകും. അതാകട്ടെ ആ ശ്രോതാക്കൾക്ക് അരോചകമായിത്തീരും. ഒരു വേദിയിൽ നിശ്ചയിക്കപ്പെട്ട വിഷയത്തിൽ സംസാരിക്കുമ്പോൾ എൻസൈക്ലോപീഡിയ ആവുകയല്ല വേണ്ടത്; മറിച്ച് അവതരിപ്പിക്കുന്ന വിഷയത്തിലൂടെ സദസ്യരെ ഉദ്ബുദ്ധരാക്കുകയാണ്. കാടുകേറിയ പ്രസംഗങ്ങൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ഇത് എല്ലാം പ്രഭാഷകരും ഓർക്കേണ്ടതാണ്.

**5. പ്രസംഗ ശൈലി**

പ്രശസ്തരായ ഒട്ടേറെ പ്രഭാഷകരെ സമ്മാനിച്ച നാടാണ് നമ്മുടെ കൊച്ചു കേരളം. അറിവുകൊണ്ടും വാചാലതകൊണ്ടും ശ്രോതാക്കളുടെ മനസ്സിനെ സ്വാധീനിക്കുന്ന തരത്തിലുള്ള വശ്യസുന്ദരമായ ശൈലികൊണ്ടും ശ്രദ്ധേയരായ പ്രഭാഷകർ രാഷ്ട്രീയരംഗത്തും മതരംഗത്തും ഉണ്ടായിട്ടുണ്ട്; ഇപ്പോഴുമുണ്ട്. ഇനിയുമുണ്ടാവട്ടെ എന്ന് പ്രത്യാശിക്കാം.

മുമ്പേ പ്രസംഗിച്ച് അരങ്ങൊഴിഞ്ഞവരെയും കാലയവനികക്കുള്ളിൽ മറഞ്ഞ ഉജ്വല വാഗ്മികളെയും 'തീപ്പൊരി പ്രസംഗം' നടത്തി ജനങ്ങളെ ആവേശത്തിന്റെ കൊടുമുടിയിൽ നിറുത്തുന്നവരെയും അനുകരിച്ച് സ്വന്തം പ്രസംഗത്തെയും ശൈലിയെയും നശിപ്പിക്കുന്നവരുണ്ട്.

മറ്റൊരാളുടെ ശൈലി കടമെടുക്കുന്നത് ശരിയല്ല എന്നു പറയുന്നില്ല. പക്ഷേ, സ്വയം പരിഹാസ്യനാകുന്നതിനെ തൊട്ട് കരുതൽ വേണമെന്നേ പറയാനുള്ളൂ. മതരംഗത്ത് ദിനേന നൂറുകണക്കിന് പ്രഭാഷണങ്ങൾ നടന്നുകൊണ്ടിരുന്നുണ്ട്. ആയിരക്കണക്കിന് പ്രഭാഷണങ്ങൾ ഓൺലൈൻ മീഡിയയിലൂടെ പ്രചരിപ്പിക്കപ്പെടുന്ന വർത്തമാനകാലത്ത് പാർട്ടിയോ, പ്രസ്ഥാനമോ നോക്കാതെ പലരും പലരുടെയും പ്രഭാഷണങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സ്വന്തം ശൈലി പ്രസംഗത്തിനായി ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്. മറ്റുള്ളവരുടെ ശൈലി സ്വീകരിച്ച് അവരോടൊപ്പമെത്തുകയുമില്ല; അവനവന്റെ കഴിവിൽനിന്ന് വിടുകയും ചെയ്തു എന്ന അവസ്ഥ വരും. അതിനാൽ പ്രസംഗ രംഗത്തുള്ളവരും പ്രസംഗിച്ച് ശീലിക്കുന്നവരും ശ്രദ്ധിക്കേണ്ടത് സ്വന്തം ശൈലിയിൽ പ്രസംഗിക്കുവാനാണ്.

സ്വന്തം കഴിവിനെയും ശൈലിയെയും വളർത്തിയെടുക്കാനാണ് പ്രഭാഷകൻ ശ്രദ്ധിക്കേണ്ടത്. നല്ല ഒരു ശൈലി രൂപപ്പെടുത്തിയെടുത്ത് അതിനെ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ നിങ്ങളുടെ പ്രസംഗവും കേൾക്കാനും സ്വീകരിക്കാനും ആളുകളുണ്ടാവും, ആ പ്രസംഗത്തിന് ജനങ്ങളിൽ സ്വീകാര്യതയും ലഭിക്കും.

**6. ശരീര ഭാഷ**

പ്രഭാഷകന്റെ കണ്ണിന്റെയും കൈകളുടെയും ചലനങ്ങളും മുഖഭാവങ്ങളും സദസ്യരെ ആകർഷിക്കും. അതിനാൽ തികഞ്ഞ ശ്രദ്ധയോടുകൂടിയായിരിക്കണം മുഖഭാവങ്ങളും കൈകളുടെ ചനലങ്ങളും ഉണ്ടാകേണ്ടത്. സംസാരിക്കുന്ന വി

ഷയത്തിന്റെ ഗാംഭീര്യത്തിനനുസരിച്ച് ശരീരഭാഷയും നന്നായാൽ പ്രസംഗം കൂടുതൽ ആകർഷകമാകും. അതിനൊരു ഭംഗിയും സ്വീകാര്യതയും ലഭിക്കുകയും ചെയ്യും.

നേരത്തെ പറഞ്ഞതുപോലെ, പ്രശസ്തരായ പ്രഭാഷകരുടെ ആംഗ്യങ്ങളെ അതേപോലെ അനുകരിച്ച് പരിഹാസ്യരാകുന്നവരുണ്ട്. ശരീരഭാഷയും സംസാരവും യോജിച്ചു വരുന്നതിലെ ശ്രദ്ധയാണ് ഒരാളെ ഒരു നല്ല പ്രഭാഷകനാക്കുന്നത്. അതിനായി പരിശ്രമിക്കുകയും ശീലിക്കുകയുമാണ് വേണ്ടത്. കണ്ണാടിക്കു മുമ്പിൽ നിന്ന് പ്രസംഗ പരിശീലനം നടത്തുന്നതും നന്നാവും.

### 7. ഉദാഹരണം പറയുന്നതിലെ പൊരുൾ

ഉപമയും ഉദാഹരണവും പ്രസംഗത്തിൽ കൊണ്ടുവരാത്തവരില്ല. എന്നാൽ എന്തിനാണ് ഉദാഹരണം പറയുന്നത് അല്ലെങ്കിൽ ഉപമ പറയുന്നത് എന്ന് ചിന്തിച്ചിട്ടുണ്ടോ? ഒരു വിഷയത്തിലെ അവ്യക്തത ഒഴിവാക്കുന്നതിനും മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള വിഷയങ്ങളെ ശ്രോതാക്കൾക്ക് എളുപ്പത്തിൽ മനസ്സിലാക്കിക്കൊടുക്കാനാണ് ഉദാഹരണം അല്ലെങ്കിൽ ഉപമ പറയാറുള്ളത്.

വിശുദ്ധ ഖുർആനിൽ അല്ലാഹു ഒരുപാട് ഉപമകൾ പറഞ്ഞത് കാണാൻ സാധിക്കും. എന്തിനാണ് ഉപമകൾ പറയുന്നത് എന്ന് അല്ലാഹു തന്നെ പറയുന്നു:

“ഏതൊരു വസ്തുവെയും ഉപമയാക്കുന്നതിൽ അല്ലാഹു ലജ്ജിക്കുകയില്ല; തീർച്ച. അതൊരു കൊതുകോ അതിലുപരി നിസ്സാരമോ ആകട്ടെ. എന്നാൽ വിശ്വാസികൾക്ക് അത് തങ്ങളുടെ നാഥന്റെ പക്കൽനിന്നുള്ള സത്യമാണെന്ന് ബോധ്യമാകുന്നതാണ്. സത്യനിഷേധികളാകട്ടെ ഈ ഉപമകൊണ്ട് അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നത് എന്ന് ചോദിക്കുകയാണ് ചെയ്യുക. അങ്ങനെ ആ ഉപമ നിമിത്തം ധാരാളം ആളുകളെ അവൻ പിഴവിലാക്കുന്നു. ധാരാളം പേരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അധർമകാരികളല്ലാത്ത ആരെയും അത് നിമിത്തം അവൻ പിഴപ്പിക്കുകയില്ല” (2:26).



**മറ്റൊരാളുടെ ശൈലി കടമെടുക്കുന്നത് ശരിയല്ല എന്നു പറയുന്നില്ല. പക്ഷേ, സ്വയം പരിഹാസ്യനാകുന്നതിനെ തൊട്ട് കരുതൽ വേണമെന്നേ പറയാനുള്ളൂ. മതരംഗത്ത് ദിനേന നൂറുകണക്കിന് പ്രഭാഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ആയിരക്കണക്കിന് പ്രഭാഷണങ്ങൾ ഓൺലൈൻ മീഡിയയിലൂടെ പ്രചരിപ്പിക്കപ്പെടുന്ന വർത്തമാന കാലത്ത് പാർട്ടിയോ, പ്രസ്ഥാനമോ നോക്കാതെ പലരും പലരുടെയും പ്രഭാഷണങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ സ്വന്തം ശൈലി പ്രസംഗത്തിനായി ഉപയോഗിക്കുന്നതാണ് ഏറ്റവും നല്ലത്. മറ്റുള്ളവരുടെ ശൈലി സ്വീകരിച്ച് അവരോടൊപ്പമെത്തുകയുമില്ല; അവനവന്റെ കഴിവിൽനിന്ന് വിടുകയും ചെയ്തു എന്ന അവസ്ഥ വരും. അതിനാൽ പ്രസംഗ രംഗത്തുള്ളവരും പ്രസംഗിച്ച് ശീലിക്കുന്നവരും ശ്രദ്ധിക്കേണ്ടത് സ്വന്തം ശൈലിയിൽ പ്രസംഗിക്കുവാനാണ്.**

ചില ഉദാഹരണങ്ങൾ കാണുക;

*1. സന്മാർഗം വിറ്റ് ദുർമാർഗം വാങ്ങിയവരെ അല്ലാഹു ഉപമിച്ചത് നോക്കൂ;*

“അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അയാൾ തീ കത്തിച്ചു. പരിസരമാകെ പ്രകാശിതമായ പ്പോൾ അല്ലാഹു അവരുടെ പ്രകാശം കെടുത്തിക്കളയുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു. ബധിരരും ഊമകളും അന്ധൻമാരുമാകുന്നു അവർ. അതിനാൽ അവർ (സത്യത്തിലേക്ക്) തിരിച്ചുവരികയില്ല. അല്ലെങ്കിൽ (അവരെ) ഉപമിക്കാവുന്നത് ആകാശത്തുനിന്നു ചൊരിയുന്ന ഒരു പേമാരിയോടാകുന്നു. അതോടൊപ്പം കൂരിരുട്ടും ഇടിയും മിന്നലുമുണ്ട്. ഇടിനാദങ്ങൾ നിമിത്തം മരണം ഭയന്ന് അവർ വിരലുകൾ ചെവിയിൽ തിരുകുന്നു. എന്നാൽ അല്ലാഹു സത്യനിഷേധികളെ വലയം ചെയ്തിരിക്കുകയാണ്. മിന്നൽ അവരുടെ കണ്ണുകളെ റാഞ്ചിയെടുക്കുമാറാകുന്നു. അത് (മിന്നൽ) അവർക്ക് വെളിച്ചം നൽകുമ്പോഴെല്ലാം അവർ ആ വെളിച്ചത്തിൽ നടന്നുപോകും. ഇരുട്ടാകുമ്പോൾ അവർ നിന്നുപോകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവരുടെ കേൾവിയും കാഴ്ചയും അവൻ തീരെ നശിപ്പിച്ചുകളയുകതന്നെ ചെയ്യുമായിരുന്നു. നിസ്സംശയം അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാണ്.” (2:17-20)

*2. സത്യനിഷേധികളെ ഉപമിച്ചത് കാണുക:*

“സത്യനിഷേധികളെ ഉപമിക്കാവുന്നത് വിളിയും തെളിയുമല്ലാതെ മറ്റൊന്നും കേൾക്കാത്ത ജന്തുവിനോട് ഒച്ചയിടുന്നവനോടാകുന്നു. അവർ ബധിരരും ഊമകളും അന്ധരുമാകുന്നു. അതിനാൽ അവർ (യാതൊന്നും) ചിന്തിച്ചു ഗ്രഹിക്കുകയില്ല”



**ഉപമയും ഉദാഹരണവും പറയുന്നത് അവസരോചിതമായിരിക്കണം. തങ്ങളുടെ ജീവിതത്തിലെ ചില അനുഭവങ്ങൾ പ്രസംഗത്തിനിടയിൽ പങ്കുവയ്ക്കാറുണ്ട് പലരും. അത് ശ്രോതാക്കളെ പോസിറ്റീവായി ചിന്തിക്കാൻ പ്രേരിപ്പിക്കും. തങ്ങളുടെ പ്രയാസങ്ങളെ ലഘുവായി കാണാൻ അവർക്ക് സാധിക്കും. എന്നാൽ മറ്റുള്ളവരുടെ അനുഭവങ്ങളെ സ്വന്തം അനുഭവങ്ങളായി അവതരിപ്പിക്കുന്നയാൾ സ്വയം പരിഹാസ്യനാവുകയാണ് ചെയ്യുക. പ്രസംഗകൻ ശ്രദ്ധിക്കേണ്ടത് അവതരിപ്പിക്കുന്ന വിഷയത്തിൽ തന്റെ അനുഭവങ്ങൾ ചേർത്തുവെക്കേണ്ടതായ ഏരിയകൾ കടന്നുവരുമ്പോൾ മാത്രം ആ ഭാഗത്ത് അനുഭവങ്ങളെ ചേർത്തുവെച്ച് പ്രസംഗിക്കുവാനാണ്. അത് ആളുകളെ വല്ലാത്ത ആകർഷിക്കും. വിഷയം അവരുടെ മനസ്സിൽ തങ്ങിനിൽക്കും.**

*3. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നവരുടെ ഉപമ കാണുക:*

“അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണി യോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്” (2:261).

*4. അല്ലാഹുവിനെ നിഷേധിച്ചവരെയും അവരുടെ കർമങ്ങളെയും ഉപമിക്കുന്നത് കാണുക:*

“തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അതുതന്നെയാണ് വിദൂരമായ മാർഗ ഭ്രംശം” (14:18).

*5. അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവരുടെയും അല്ലാഹു അല്ലാത്തവരെ രക്ഷാധികാരികളാക്കിയവരുടെയും ഉപമ നോക്കൂ:*

“അല്ലാഹുവിന് പുറമെ വല്ല രക്ഷാധികാരികളെയും സ്വീകരിച്ചവരുടെ ഉപമ എട്ടുകാലിയുടേത് പോലെയാകുന്നു. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏറ്റവും ദുർബലമായത് എട്ടുകാലിയുടെ വീട് തന്നെ. അവർ കാര്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ!” (29:41).

ഇങ്ങനെ ധാരാളം ഉപമകൾ ഖുർആനിൽ കാണാം. ദൈർഘ്യം ഭയന്ന് ഇവിടെ ചുരുക്കുന്നു. ഉപമയും ഉദാഹരണവും പറയുന്നത് അവസരോചിതമായിരിക്കണം. തങ്ങളുടെ ജീവിതത്തിലെ ചില അനുഭവങ്ങൾ പ്രസംഗത്തിനിടയിൽ പങ്കുവയ്ക്കാറുണ്ട് പലരും. അത് ശ്രോതാക്കളെ പോസിറ്റീവായി ചിന്തിക്കാൻ പ്രേരിപ്പിക്കും. തങ്ങളുടെ പ്രയാസങ്ങളെ ലഘുവായി കാണാൻ അവർക്ക് സാധിക്കും. എന്നാൽ മറ്റുള്ളവരുടെ അനുഭവങ്ങളെ സ്വന്തം അനുഭവങ്ങളായി അവതരിപ്പിക്കുന്നയാൾ സ്വയം പരിഹാസ്യനാവുകയാണ് ചെയ്യുക.

പ്രസംഗകൻ ശ്രദ്ധിക്കേണ്ടത് അവതരിപ്പിക്കുന്ന വിഷയത്തിൽ തന്റെ അനുഭവങ്ങൾ ചേർത്തുവെക്കേണ്ടതായ ഏരിയകൾ കടന്നുവരുമ്പോൾ മാത്രം ആ ഭാഗത്ത് അനുഭവങ്ങളെ ചേർത്തുവെച്ച് പ്രസംഗിക്കുവാനാണ്. അത് ആളുകളെ വല്ലാതെ ആകർഷിക്കും. വിഷയം അവരുടെ മനസ്സിൽ തങ്ങിനിൽക്കും.

എന്നാൽ പ്രഭാഷകന്റെ ജീവിതത്തിൽ കുറേ അനുഭവങ്ങളുണ്ടായിട്ടുണ്ട്, അതാകട്ടെ വിഷയവുമായി യാതൊരു ബന്ധവുമില്ലാത്തവയാണ്. ഇവിടെ പ്രഭാഷകൻ തന്റെ അനുഭവങ്ങൾ പറയുന്നതിനുവേണ്ടി വിഷയത്തെ അതിലേക്ക് വലിച്ചു നീട്ടികൊണ്ടുപോകുന്നതിലെ നിരർഥകത ഒന്നാലോചിച്ചു നോക്കൂ. സദസ്യർ മുഴുവൻ അസ്വസ്ഥത പ്രകടിപ്പിച്ചേക്കാം. അത്തരം പ്രസംഗങ്ങൾ മോശം പ്രസംഗമായി വിലയിരുത്തപ്പെടും. മറ്റു വിഷയങ്ങളിലൂടെ സഞ്ചരിച്ചതിനാൽ സമയം കഴിഞ്ഞ് പ്രസംഗം അവസാനിക്കുമ്പോൾ ശ്രോതാക്കൾക്ക് ലഭിക്കേണ്ടതൊന്നും ലഭിക്കാതെ വരികയും സംഘാടകർക്കുതന്നെ കുറ്റബോധമുണ്ടാവുകയും ചെയ്യും. അതിനാൽ ഉദാഹരണങ്ങൾ പറയുമ്പോഴും അനുഭവങ്ങൾ പറയുമ്പോഴും പ്രസംഗ വിഷയവുമായി നൂറു ശതമാനം ബന്ധമുണ്ടോ എന്ന് വീണ്ടും വീണ്ടും ആലോചിക്കണം. അല്ലെങ്കിൽ വിഷയം അർഹിക്കുന്ന രൂപത്തിൽ ശ്രോതാക്കളിലേക്ക് കൈമാറാൻ സാധിക്കില്ല.

**8. പ്രസംഗത്തിലെ വിമർശനം; ഗുണവും ദോഷവും**

പ്രസംഗം പലരൂപത്തിലുണ്ട്. ഒരു വിഷയം ജനങ്ങൾക്ക് അറിയിച്ച് കൊടുക്കാൻവേണ്ടി നടത്തപ്പെടുന്ന പ്രസംഗങ്ങളുണ്ട്. വാദപ്രതിവാദവും ഖണ്ഡന പ്രസംഗവും മറുപടി പ്രസംഗവുമുണ്ട്.

മറുപടി പ്രസംഗങ്ങളിലും ഖണ്ഡന പ്രസംഗങ്ങളിലും ഏറ്റവുമധികം നടക്കാറുള്ളത് പരസ്പര വിമർശനങ്ങളാണ്. വ്യക്തിപര

മായ വിമർശനവും അധിക്ഷേപവും ആശാസ്യകരമല്ല. പ്രാമാണികമായ വിമർശനമാണ് വേണ്ടത്. പ്രമാണങ്ങൾ തമ്മിൽ മാറ്റുരക്കുന്നതിലൂടെയാണ് ആളുകൾക്ക് കാര്യം വ്യക്തമാവുക. വ്യക്തിഹത്യ നടത്തുന്നതിൽ യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല, ഏറെ ദോഷമുണ്ട്താനും. പ്രസംഗത്തിൽ വിമർശനങ്ങൾ സ്വാഭാവികമാണ്. എന്നാൽ വിമർശനത്തിൽ ഗുണകാംക്ഷയുണ്ടാകുന്നത് പ്രസംഗത്തെ തിളക്കമുള്ളതാക്കും.

**9. നന്മയിലേക്ക് ക്ഷണിക്കലാവണം പ്രസംഗം**

അല്ലാഹുവിലേക്കുള്ള ക്ഷണമാണ് ഏറ്റവും നല്ല സംസാരം എന്ന് അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ അറിയിക്കുന്നു:

"അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?" (41:33).

"(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു; ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ" (12:108).

പ്രസംഗങ്ങൾ നന്മയുള്ളതായിരിക്കണം. നന്മ ഉദ്ഘോഷിക്കുന്ന പ്രസംഗങ്ങൾക്ക് വലിയ മാറ്റങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിയും. നന്മ എത്തിച്ചുകൊടുക്കുന്നവന് നന്മ പ്രവർത്തിച്ചവന്റെ അതേ പ്രതിഫലം ലഭിക്കുമെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്.

അബൂമസ്ഊദിൽ അൻസ്വാരി(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു നന്മ അറിയിച്ചുകൊടുത്താൽ അത് പ്രവർത്തിച്ചവന്റെ അതേ പ്രതിഫലം അവനും (അറിവ് പകർന്ന് നൽകിയവന്) ലഭിക്കും" (മുസ്‌ലിം).

അതിനാൽ നാം പഠിച്ചതും മനസ്സിലാക്കിയതുമായ നന്മകളെ മറ്റുള്ളവർക്ക് പകർന്നുനൽകുന്നതാകണം പ്രസംഗങ്ങൾ.

പ്രസംഗത്തിന്റെ ലക്ഷ്യം ജനങ്ങളിലേക്ക് നന്മ എത്തിക്കലും അക്രമത്തിലേക്കും അനീതിയിലേക്കും ജനങ്ങൾ പോകുന്നതിനെ തടയലും, പ്രശ്നങ്ങൾക്ക് പരിഹാരം നൽകലും... തുടങ്ങി സർവമേഖലയിലുമുള്ള നന്മകൾ മാത്രമായിരിക്കണം. അതിന്റെ ഫലം ജീവിച്ചിരിക്കുമ്പോഴും മരണാനന്തര ജീവിതത്തിലും നമുക്ക് അനുഭവിക്കാൻ കഴിയും.

**10. പ്രാർഥന**

അറിവിന്റെ വർധനവിനായി നിരന്തരം അല്ലാഹുവിനോട് പ്രാർഥിക്കുക. നബി(സ്വ) അല്ലാഹുവിനോട് അറിവ് ധാരാളമായി ലഭിക്കുന്നതിനുവേണ്ടി പ്രാർഥിച്ചിരുന്നു. അല്ലാഹുതന്നെ അതിനുവേണ്ടി നബി(സ്വ)യോട് പറയുന്നത് കാണുക:

"...എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർധിപ്പിച്ചു തരേണമേ എന്ന് നീ പറയുകയും ചെയ്യുക" (20:114).

നബി(സ്വ)യുടെ ഒരു പ്രാർഥന ഹദീസിൽ വന്നതു കാണുക: "അല്ലാഹുവേ! നീ എനിക്കു പഠിപ്പിച്ചു തന്നിട്ടുള്ളതുകൊണ്ടു പ്രയോജനം നൽകേണമേ! എനിക്ക് ഉപകാരമുള്ളതു പഠിപ്പിച്ചുതരികയും അറിവ് വർധിപ്പിച്ചുതരികയും ചെയ്യേണമേ! എല്ലാ അവസ്ഥയിലും അല്ലാഹുവിനാണ് സ്തോത്രം!" (തിർമുദി).

സ്വുബ്ഹി നമസ്കാരശേഷം പ്രാർഥിക്കാൻ വേണ്ടി നിർദേശിക്കപ്പെട്ട പ്രാർഥനകളിൽ ഒന്ന് ഇപ്രകാരമാണ്:

"അല്ലാഹുവേ, ഉപകാരപ്പെടുന്ന അറിവും വിശിഷ്ടമായ ഉപജീവനവും സ്വീകരിക്കപ്പെടുന്ന കർമവും ഞാൻ നിന്നോട് ചോദിക്കുന്നു" (ഇബ്നുമാജ).


മനസ്സിൽ രൂപകൽപന ചെയ്ത പ്രകാരം പ്രസംഗിക്കാൻ മനസ്സിനും നാവിനും പ്രാപ്തി ലഭിക്കുന്നതിനും സ്ഖലിതങ്ങളും നാക്കുപ്പിഴവും സംഭവിക്കാതിരിക്കുവാനും വാചാലത ലഭിക്കുവാനും അല്ലാഹുവിനോട് പ്രാർഥിക്കുക.

മൂസാ നബി(അ) സംസാരത്തിൽ അൽപം വിക്കുള്ള ആളായിരുന്നു. അദ്ദേഹം തൗഹീദ് പറയാൻ പോകുന്നത് ഫിർഔൻ എന്ന സ്വേഛാധിപതിയുടെയും അഹങ്കാരിയുടെയും ദൈവനിഷേധിയുടെയും അടുത്തേക്കാണ്. അല്ലാഹുവിന്റെ കൽപന പ്രകാരമാണ് മൂസാ നബി(അ) ഫിർഔനിന്റെ അടുക്കലേക്ക് പോകുന്നത്. തന്നിലേൽപിക്കപ്പെട്ട ദൗത്യം നിർവഹിക്കുന്നതിനുവേണ്ടി മൂസാ നബി(അ) അല്ലാഹുവിനോട് പ്രാർഥിക്കുന്നത് വിശുദ്ധ ക്വുർആനിൽ നമുക്ക് കാണാം;

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. എന്റെ നാവിൽനിന്ന് നീ കെട്ടഴിച്ചുതരേണമേ. ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിന്" (20:25-28).

ഇത്തരത്തിലുള്ള കാര്യങ്ങളെല്ലാം ശ്രദ്ധിച്ചാൽ ഏറ്റവും നല്ലരൂപത്തിൽ പ്രസംഗിക്കാനും കാര്യങ്ങൾ നല്ലവിധം ജനമനസ്സുകളിലേക്ക് കൈമാറുവാനും സാധിക്കും. ■

**പ്രസംഗത്തിന്റെ ലക്ഷ്യം ജനങ്ങളിലേക്ക് നന്മ എത്തിക്കലും അക്രമത്തിലേക്കും അനീതിയിലേക്കും ജനങ്ങൾ പോകുന്നതിനെ തടയലും, പ്രശ്നങ്ങൾക്ക് പരിഹാരം നൽകലും... തുടങ്ങി സർവ മേഖലയിലുമുള്ള നന്മകൾ മാത്രമായിരിക്കണം. അതിന്റെ ഫലം ജീവിച്ചിരിക്കുമ്പോഴും മരണാനന്തര ജീവിതത്തിലും നമുക്ക് അനുഭവിക്കാൻ കഴിയും.**



# ഫോൺവിളിയിൽ വഴിമാറിയ ജീവിതം

ഇബ്നു അലി എടത്തനാട്ടുകര

: 94461 51577

കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഫോൺവിളി വന്നത്. ഉടനെ മടങ്ങിയെത്താം എന്നു പറഞ്ഞാണ് ഫ്ളാറ്റിൽനിന്ന് ഇറങ്ങിയത്. ഏറെ നേരം കഴിഞ്ഞും തിരികെ കാണാഞ്ഞ് ഫോൺ വിളിച്ചുനോക്കി; സ്വിച്ച് ഓഫ്...!

ഭാര്യയും രണ്ട് പിഞ്ചുമക്കളും കാത്തിരുന്നു. മണിക്കൂറുകൾ, ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ... വിവരമൊന്നും കിട്ടിയില്ല. ഔദ്യോഗിക അന്വേഷണങ്ങളും എവിടെയും എത്തിയില്ല.

വിദേശത്ത് മോശമല്ലാത്ത ജോലി. കൂടെ ഭാര്യയും രണ്ട് പെൺകുട്ടികളും. അധികം അകലെയല്ലാതെ താമസം. ജീവിതം സുന്ദര സുരഭിലമായി ഒഴുകിയിരുന്നു. ഒറ്റ ഫോൺ വിളിയിലാണ് ജീവിതം വഴിമാറിയത്.

കാത്തിരിപ്പിന് അറ്റം കാണാത്തതുകൊണ്ട് കൂട്ടുകാരുടെ സഹായത്തോടെ നാട്ടിലേക്ക് മടങ്ങി. ഉള്ളതുകൊണ്ട് ഉഷാറായി ജീവിച്ചു പോരുകയായിരുന്നു. സമ്പാദ്യം പൂജ്യം. കൈവിട്ടുപോയ ഭർത്താവിനെ അന്വേഷിച്ചുകൊണ്ടിരുന്നു. ചാനലുകളിൽ വാർത്ത വന്നു. മലയാളി സേവന സംഘടനകളും ശ്രമിച്ചു. ഫലം കിട്ടിയില്ല എന്ന് മാത്രം.

നാട്ടിൽ സ്വന്തമായി വീടോ മറ്റോ ഇല്ല. പിതാവിന്റെ സ്ഥലത്ത് ഒരു ചെറിയ ഷെഡ് കെട്ടി. സീനിയർ സിറ്റിസൺ ആയ പിതാവ് പെട്രോൾ പമ്പിൽ ജോലി ചെയ്തു കിട്ടുന്നതിൽനിന്ന് ഒരു പങ്ക് കൊടുക്കും. ജീവിതം ഇഴഞ്ഞുനീങ്ങി.

വിവരം അറിഞ്ഞ സാമൂഹ്യസേവകനായ സുഹൃത്ത് ഭക്ഷണത്തിന് പ്രതിമാസം സഹായം നൽകിയിരുന്നു. കോവിഡ് വരുത്തിയ സാമ്പത്തിക പ്രതിസന്ധി അതും മുടക്കിയിട്ട് കുറച്ച് കാലമായി. മക്കൾ മുതിർന്നു. മൂത്ത മകളെ കല്യാണം കഴിച്ചു കൊടുത്തു. ഇളയവൾ പഠിക്കുന്നു.

തോരാതെ പെയ്യുന്ന മഴ ഷെഡിനെയും വെറുതെ വിട്ടില്ല. പാർക്കാൻ പറ്റാതെയാകുന്നു. നാട്ടിലെ ഒരു മനുഷ്യസ്നേഹി മൂന്ന് സെന്റ് സ്ഥലം നൽകി. അതിൽ തറയും കെട്ടിക്കൊടുത്തു. അതിലൊരു ചെറു വീട് കെട്ടണം. അവർക്കും മോൾക്കും പേടി കൂടാതെ, നനയാതെ, വെയിൽ കൊള്ളാതെ താമസിക്കാൻ വഴി കണ്ടെത്താൻ സഹായിക്കണം എന്ന് ആവശ്യപ്പെട്ട് സുഹൃത്ത് ഫോൺ വിളിച്ചു. എന്ത് ചെയ്യും?

അതിനിടെ അവരുടെ പിതാവും രോഗബാധിതനായി. ദിവസങ്ങൾക്ക് മുമ്പ് മരണപ്പെട്ടു. വല്ലാത്തൊരു ജീവിതം...! പത്ത് കൊല്ലം മുമ്പ് ഒരു ഫോൺ വിളിക്ക് പിന്നാലെ അപ്രത്യക്ഷനായ ആൾ ഒരുനാൾ വരും എന്ന പ്രതീക്ഷ ഇനിയും കൈവിട്ടിട്ടില്ല അവർ. ചോർച്ച തീരാത്ത കുടിലിൽ ഇനിയും പെയ്തു തോരാത്ത കണ്ണീരുമായി അവർ കാത്തിരിപ്പ് തുടരുന്നു.

എത്ര പെട്ടെന്നാണ് ജീവിതം കീഴ്മേൽ മറിയുന്നത്! ഉറ്റവരുടെ വേർപാടോ രോഗമോ അപകടമോ നാം ആഗ്രഹിക്കാത്ത, ഒട്ടും നിനയ്ക്കാത്ത മറ്റെന്തെങ്കിലുമോ ജീവിതത്തിലേക്ക് ചാടി വീണ് എല്ലാം തകിടം മറിച്ചേക്കും. ഇന്നനുഭവിക്കുന്ന സുഖസൗകര്യങ്ങൾക്ക് ആയുസ്സ് എത്ര എന്ന് സ്രഷ്ടാവിനല്ലാതെ മറ്റാർക്കറിയാം! അഹങ്കാരം ഒട്ടുമേ വേണ്ട. വിനയാന്വിതരാവുക, പറ്റുന്ന സഹായം അപരർക്ക് ചെയ്യാൻ ശ്രമിക്കുക. വിശ്വാസത്തോടെയും സ്രഷ്ടാവിൽ നിന്നുള്ള പ്രതിഫലം കാംക്ഷിച്ചുമാണെങ്കിൽ ആ സഹായം നിഷ്ഫലമാകില്ല.




# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്മൻ

**എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ്**

എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് (Executive Magistrate) തന്റെ അധികാര പ്രദേശത്ത് സമാധാനലംഘനം, ജനങ്ങൾക്ക് വിനാശകരമായ പ്രവൃത്തികൾ എന്നിവ തടയുകയും, ഇവയ്ക്കെല്ലാം എതിരെ പൊതു ജനങ്ങൾക്ക് വേണ്ട സംരക്ഷണം നൽകുകയും, അവർക്കിടയിൽ സമാധാനവും ശാന്തതയും നിലനിറുത്തുകയും ചെയ്യുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ്.

ഇതിലേക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർക്ക് ഗവൺമെന്റ് വിപുലമായ അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കലക്ടർ ജില്ലയിലെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുടെ തലവനാണ്. ആർഡിഒ എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് പദവിയുള്ള സബ്ഡിവിഷനൽ മജിസ്ട്രേറ്റുമാണ്. ഗവണ്മെന്റിന് ആവശ്യമെന്നു വന്നാൽ ആർ.ഡി.ഒമാർ, ഡപ്യൂട്ടി കലക്ടർമാർ മുതലായ ഭരണാധികാരികളിൽ നിന്നും ആവശ്യമായത്ര എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിക്കാവുന്നതാണ്. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരിൽനിന്നും ഗവണ്മെന്റിന് അഡീഷനൽ ഡിസ്ട്രിക്ട് മജ്സ്ട്രേറ്റുമാരെയും നിയമിക്കാവുന്നതാണ്.

അന്യായമായി തടങ്കലിൽ വച്ചിട്ടുള്ളവരെ മോചിപ്പിക്കുന്നതിനും, രാജ്യദ്രോഹപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെക്കൊണ്ട് ക്രിമിനൽ നടപടി 108-ാം വകുപ്പു പ്രകാരവും, കുറ്റകൃത്യം നടത്താൻ ഒളിവിൽ കഴിയുന്നവരെന്ന് സംശയിക്കപ്പെടുന്നവരെക്കൊണ്ട് 109-ാം വകുപ്പു പ്രകാരവും, പതിവു കുറ്റവാളികളെക്കൊണ്ട് 110-ാം വകുപ്പുപ്രകാരവും, തനിച്ചോ ജാമ്യക്കാരനെയും കൂട്ടിയോ നല്ലനടപ്പു ജാമ്യം എടുപ്പിക്കുന്നതിനും, സമാധാനലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെക്കൊണ്ട് 107-ാം വകുപ്പുപ്രകാരം തനിച്ചോ ജാമ്യക്കാരെയും കൂട്ടിയോ സമാധാനപാലന ജാമ്യം എടുപ്പിക്കുന്നതിനും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് അധികാരമുണ്ടായിരിക്കും.

പൊതുസമാധാനം തകരാറിലാക്കാൻ സാധ്യതയുള്ള നിയമവിരുദ്ധ സംഘത്തോട് പിരിഞ്ഞുപോകാൻ ക്രിമിനൽ നടപടി നിയമം 129-ാം വകുപ്പു ആവശ്യപ്പെടുന്നതിനും, പിരിഞ്ഞുപോകാത്തപക്ഷം 130-ാം വകുപ്പു പ്രകാരം സായുധസേനയെക്കൊണ്ട് ബലം പ്രയോഗിച്ച് അവരെ പിരിച്ചുവിടുന്നതിനും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് അധികാരമുണ്ട്.

ആസന്നമായ വിപത്തുകളും സംഘർഷാവസ്ഥയും ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടിയെന്ന നിലയിൽ. സംഘർഷബാധിത പ്രദേശത്ത് അഞ്ചോ അതിലധികമോ ആളുകൾ സംഘം ചേരുന്നതും, ജനങ്ങൾ പ്രകടനങ്ങളോ കൂട്ടംചേരലുകളോ, യോഗങ്ങളോ നടത്തുന്നതും മറ്റും ക്രിമിനൽ നടപടിനിയമം 144-ാം വകുപ്പു പ്രകാരം ഒരു നിർദിഷ്ട കാലയളവിലേക്ക്-പരമാവധി രണ്ടു മാസത്തേക്ക്-നിരോധിച്ചു കൊണ്ടുള്ള ഉത്തരവു പുറപ്പെടുവിക്കുന്നതിനും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന് അധികാരമുണ്ട്.



# മരണം

അബ്ദുറസാഖ് മറ്റത്തൂർ

മർത്യാ നിനക്കെന്നുമോർമ വേണം
മരണമാം അതിഥിയെ കാണുമെന്ന്
മരണം പിടികൂടുമെന്ന കാര്യം
മറക്കാതിരുന്നാൽ നിനക്കു നേട്ടം

മണ്ണിൽനിന്നാണല്ലോ നിന്നുൽഭവം
മണ്ണിലൂടെയാണല്ലോ നിൻ പ്രയാണം
മണ്ണിലേക്കാണൊരു നാൾ നിൻ മടക്കം
മണ്ണായിത്തീരും നിൻ മൃദുല ദേഹം

ഉറ്റവർ പലരുമാദ്യം യാത്രയായി
ഉലകത്തിൽനിന്നും മറഞ്ഞുപോയി
ഉടയവൻ കൽപനയൊന്നു വന്നാൽ
ഉടനെ നമുക്കും പോകേണമല്ലോ

ഒറ്റക്കാണല്ലോ പിറന്നു നമ്മൾ
ഒറ്റക്കു തന്നെ തിരിച്ചുപോകും
ഒക്കെയും വിട്ടേച്ചുകൊണ്ട് നമ്മൾ
ഒന്നുമില്ലാതന്ന് യാത്രയാകും

ഇണയില്ല, മക്കളും കൂടെയില്ല
ഇഷ്ടജനങ്ങളിലാരുമില്ല.
ഇഷ്ടമില്ലെങ്കിലും പോയിടേണം
ഇവിടില്ലയാർക്കുമെ ശാശ്വതത്വം

പട്ടിണിപ്പാവത്തിൽ കുടിലതിലും
പണമുള്ളവന്റെ ബംഗ്ലാവതിലും
പറന്നെത്തുമൊരുനാൾ മരണമെന്ന
പരമമാം സത്യം തിരിച്ചറിയാം.




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 AUGUST 13

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

